
# പത്രിക

പുസ്തകം 27
ലക്കം 02

ഫെബ്രുവരി 2014





# മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ

# ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ

## മാർ പീലക്സിനോസ് നഗർ

ചെങ്ങന്നൂർ ബഥേൽ അരമന അങ്കണം

## 2014 മാർച്ച് 5,6,7,8 തീയതികളിൽ

വിഷയം:

## ക്രൈസ്തവ സാക്ഷ്യം ജീവിതത്തിലൂടെ

- വചന ശുശ്രൂഷ
- ഗാനശുശ്രൂഷ
- കുടുംബനവീകരണ ധ്യാനം
- കർഷക സംഗമം
- മദ്ധ്യസ്ഥപ്രാർത്ഥന
- വൈദിക സമ്മേളനം
- കുട്ടികളുടെ സംഗമം

**ഏവർക്കും സ്വാഗതം**



### 05.03.2014 ബുധൻ

| | |
|---|---|
| 5.30 P.M. | സന്ധ്യാനമസ്ക്കാരം |
| 6.00 P.M | സുവിശേഷ റാലി<br>(കൺവൻഷൻ പന്തലിലേക്ക്) |
| 6.30 P.M | ഗാനശുശ്രൂഷ |
| 7.00 P.M | **കൺവൻഷൻ ഉദ്ഘാടനം** |
| അദ്ധ്യക്ഷൻ | **അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ** |
| ഉദ്ഘാടനം | **അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ**<br>(കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ) |
| വചനശുശ്രൂഷ | അഭിവന്ദ്യ തിരുമേനി |

### 06.03.2014 വ്യാഴം

| | |
|---|---|
| 10.00 A.M | **വൈദീക സമ്മേളനം** |
| അദ്ധ്യക്ഷൻ | **അഭിവന്ദ്യ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ** |
| മുഖ്യപ്രഭാഷണം | **റവ. ഫാ. ഡോ. കെ എം ജോർജ്ജ്**<br>(വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ) |
| 2.00 P.M | **കർഷക സംഗമം** |
| ഉത്ഘാടനം | **ശ്രീ. കൊടിക്കുന്നിൽ സുരേഷ്**<br>(ബഹു. കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി) |
| ക്ലാസ്സ് | **ശ്രീ. പി.എ ഐസക്** |
| വിഷയം | മാലിന്യ നിർമ്മാർജനം,<br>അടുക്കളത്തോട്ട നിർമ്മാണം |
| 6.00 P.M | സന്ധ്യാനമസ്ക്കാരം |
| 6.30 P.M | ഗാനശുശ്രൂഷ |
| 7.00 P.M | വചനശുശ്രൂഷ<br>**വെരി. റവ. ഫാ. ജോസഫ് ശാമുവേൽ കറുകയിൽ കോർ എപ്പിസ്കോപ്പ** |

### 07.03.2014 വെള്ളി

| | |
|---|---|
| 10.00 A.M | **കുടുംബധ്യാനം** |
| അദ്ധ്യക്ഷൻ | **അഭിവന്ദ്യ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ** |
| ധ്യാനം | **ശ്രീമതി. പ്രീതി ഏബ്രഹാം ഇലഞ്ഞിക്കൽ** |
| 6.00 P.M | സന്ധ്യാനമസ്ക്കാരം |
| 6.30 P.M | ഗാനശുശ്രൂഷ |
| 7.00 P.M | വചനശുശ്രൂഷ<br>**പ്രൊഫ. ഇട്ടി വർഗ്ഗീസ്**<br>(പ്രിൻസിപ്പൽ, സെൻ്റ് സിറിൽസ് കോളേജ് അടൂർ) |
| 8.15 P.M | സമാപന സന്ദേശം |

### 08.03.2014 ശനി

| | |
|---|---|
| 7.30 A.M | വി. കുർബ്ബാന |
| 10.00 A.M | **കുട്ടികളുടെ സംഗമം** |
| അദ്ധ്യക്ഷൻ | **അഭിവന്ദ്യ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ** |
| മുഖ്യപ്രഭാഷണം | **റവ. ഫാ ഐസക്ക് ബി പ്രകാശ്** |
| 12.30 P.M | ഉച്ചനമസ്ക്കാരം, ആശീർവാദം |

**Live Telecast : www.catholicatenews.in**



# ദ്വിശതാബ്ദി നിറവിൽ പഠിത്തവീട്

ഇടമുറിയാത്ത പ്രാർത്ഥനകളുടെയും ആത്മീയ നിറവിന്റെയും വൈദിക സംസ്കാര രൂപീകരണത്തിന്റെയും അക്ഷര വെളിച്ചത്തിന്റെ കിരണങ്ങൾ മലയാള കരയ്ക്കു പകർന്നു നൽകിയ ഇടമായ നസ്രാണി കാര്യവിചാരകത്വത്തിലും രാജകീയ കരുതലിലും സ്ഥാപിക്കപ്പെട്ട അക്ഷരാലയമാണ് കോട്ടയം പഴയ സെമിനാരി എന്നും പിന്നീട് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി എന്നും അറിയപ്പെട്ട പഠിത്തവീട്.

മലങ്കര നസ്രാണികൾക്ക് വേദ പഠനാർത്ഥം ഒരു പൊതു സ്ഥാപനം വേണമെന്ന പൂർവ്വസൂരികളുടെ സ്വപ്ന സാക്ഷാത്കാരമാണ് 1815 ൽ അന്നത്തെ ദേശാധിപതികളുടെ സഹായത്തോടെ ആരംഭിച്ച പഠിത്തവീട്.

വട്ടിപ്പണ പലിശയും മലങ്കരയിലെ വിവിധ ദേവാലയങ്ങളിൽ നിന്നും ശേഖരിച്ച പണവും തിരുവല്ല പാലിയക്കര പള്ളി തീവെച്ചു നശിപ്പിച്ച കേസിൽ ലഭിച്ച നഷ്ടപരിഹാര തുകയും അന്നത്തെ നാട്ടുരാജാക്കന്മാരുടെ ഒത്താശയോടെ ലഭിച്ച തടിയും വേലക്കാരും ചേർന്നപ്പോൾ കണ്ടനാട് പടിയോലയിലെ കേന്ദ്രീകൃത വൈദിക വിദ്യാഭ്യാസം എന്ന സ്വപ്നം ഇട്ടൂപ്പ് റമ്പാനാൽ സാർത്ഥകമായി. അന്നത്തെ വിദേശ മിഷനറിമാരുടെ സഹായം വിസ്മരിക്കത്തക്കതല്ല.

തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യമായി ആരംഭിച്ച ഇടമെന്ന നിലയിലും, ബഹുവിധ ഭാഷകൾ അഭ്യസിപ്പിച്ച വിദ്യാകേന്ദ്രമെന്ന നിലയിലും ആദ്യ അച്ചുകൂടം ആരംഭിച്ച് കൈയെഴുത്ത് ഭാഷയ്ക്കു സൗന്ദര്യവും വടിവും ഒത്ത അക്ഷരങ്ങൾ നിർമ്മിച്ച് മലയാളക്കരയ്ക്കു ആദ്യം പ്രദാനം ചെയ്ത അച്ചുകൂടം എന്ന നിലയിലും പഴയ സെമിനാരി ചരിത്ര വഴികളിൽ തലയെടുപ്പോടെ നിൽക്കുന്നു.

മലങ്കര നസ്രാണികളുടെ ഭരണ സിരാകേന്ദ്രമായി പരിണമിച്ച പഴയ സെമിനാരി സഭയുടെ വളർച്ചയ്ക്കു നൽകിയ സംഭാവനകൾ അതുല്യമാണ്. വ്യവഹാരങ്ങളിൽ തളർന്നുപോകാതെ വിജയത്തിന്റെ പാതയിലേക്ക് ഈ സഭയെ ഉയർത്തുവാൻ പരമകാരുണികനായ ദൈവം ഈ സെമിനാരിയെ എടുത്തുപയോഗിച്ചുവെന്നത് ചരിത്രം സാക്ഷിക്കുന്ന സത്യമാണ്. മലങ്കര സഭയുടെ സ്വത്വബോധവും സ്വാതന്ത്ര്യവും ഉയർത്തി പിടിക്കാൻ മരണംവരെയും പോരാടിയ ഭാരത സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും പഠിത്തവീട് അടിസ്ഥാനമിട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ, നവോത്ഥാന പ്രവർത്തനങ്ങളുടെ ശില്പിയും അക്ഷരങ്ങളുടെ സഹയാത്രികനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ സ്വതസിദ്ധമായ കഴിവുകളും സ്വദേശത്തും വിദേശത്തുമുണ്ടായിരുന്ന സ്വാധീനങ്ങൾകൊണ്ട് ദാർശനികവും ബൗദ്ധികവും ലൗകികവുമായ വളർച്ചയ്ക്ക് ഊടും പാവും നെയ്ത ആധുനിക സെമിനാരിയുടെ ശില്പി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെയും തിരുശേഷിപ്പുകളാൽ അനുഗ്രഹീതമാണ് ഈ മണ്ണ്.

വൈദീക വിദ്യാവെളിച്ചത്തിന്റെ ദ്വിശതാബ്ദം പിന്നിടുമ്പോൾ ക്രിസ്തുവിന്റെ ത്യാഗമാതൃകയും മാർത്തോമ്മയുടെ പൈതൃകവും മലങ്കര നസ്രാണിയുടെ അന്തസ്സും ഉയർത്തി പിടിക്കാൻ പഠിത്തവീടിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

1987-2014

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ഫെബ്രുവരി 2014

**വരിസംഖ്യ**

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

**പരസ്യനിരക്കുകൾ**

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ....

5 ഇടയപത്രിക
**ഫ്ളക്സ് ബോർഡുകളും ചില ഉത്തരവാദിത്വ സമീപനങ്ങളും**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

6 സമകാലീനം
**തൃക്കുന്നത്തു സെമിനാരിയും ചില യാഥാർത്ഥ്യങ്ങളും**
ഫാ. ഡോ. തോംസൺ റോബി

9 സംസ്ക്കാരം
**ദേശീയ ക്രൈസ്തവസഭയുടെ രാഷ്ട്രീയ സാംഗത്യം**
ഡോ. റ്റി. എസ്. ഗിരീഷ്കുമാർ

11 ചരിത്രം
**1876 – ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും**
വർഗീസ് ജോൺ തോട്ടപ്പുഴ

14 ആരാധനാ വിജ്ഞാനീയം
**നോമ്പുകാരുടെ അദ്ധ്വാനങ്ങൾ**
ഫാ. സഖറിയാ പനയ്ക്കാംമറ്റം

16 വചനപരിച്ഛേദം
**മനുഷ്യബുദ്ധിക്കു നിരക്കാത്ത ദൈവപദ്ധതികൾ**
ഫാ. പി.വി. ജോൺ

19 വേദപഠനം
**യാക്കോബിന്റെ ലേഖനം**
ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ

21 ഞായർ ദിനധ്യാനം
**ലോഗോസ്**
ഫാ. പി.കെ. കോശി

| | |
|---|---|
| ഹരിതപത്രിക | 20 |
| ഭദ്രാസന വാർത്തകൾ | 28 |
| ബാലപത്രിക | 29 |
| സണ്ടേസ്കൂൾ വാർത്തകൾ | 30 |

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി





# ഫ്ളക്സ് ബോർഡുകളും ചില ഉത്തരവാദിത്വ സമീപനങ്ങളും

പാരിസ്ഥിതിക പ്രശ്നങ്ങളുടെ ആക്കം വർദ്ധിപ്പിച്ച് ഫ്ളക്സ് ബോർഡുകൾ നിറഞ്ഞ് ആടുന്ന കാലമാണിത്. കുടുംബത്തിലെ ചെറിയ ആഘോഷങ്ങൾ മുതൽ വലിയതുവരെ ഇന്ന് ഫ്ളക്സ് ബോർഡ് അങ്കത്തിന് അടിപ്പെടുന്നു. ശാസ്ത്രസാങ്കേതിക വിദ്യയുടെ മികവിന്റെ അടിസ്ഥാനത്തിൽ വിവിധ രൂപത്തിലും ഭാവത്തിലും ഫ്ളക്സ് ബോർഡുകൾ ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. പ്രചരണ മികവിൽ ഏറെ സഹായിക്കുമെന്ന നിലയിലുള്ള അംഗീകാരം ഫ്ളക്സ് ബോർഡുകളുടെ പ്രിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

ഒരിക്കൽ ഉയർത്തപ്പെടുന്ന ഫ്ളക്സ് ബോർഡുകൾ പിന്നെ കാലങ്ങളോളം തീരാശാപം പോലെ തെരുവുകളിലും മരക്കാലുകളിലും അവശേഷിക്കുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം. നാടെങ്ങും ബോർഡുകൾ ഉയർത്തുവാൻ കാണിക്കുന്ന ആവേശം ആരും അത് എടുത്തുമാറ്റുവാൻ കാണിക്കുന്നില്ല. പ്രകൃതിക്ക് നാശമായി, ട്രാഫിക് പ്രതിസന്ധികളുടെ ആക്കം വർദ്ധിപ്പിച്ച് തീരാശാപം പോലെ അവശേഷിക്കുന്ന ഫ്ളക്സ് ബോർഡുകൾ യുദ്ധകാല അടിസ്ഥാനത്തിൽ നീക്കം ചെയ്യുവാൻ നാം ഉണരണം.


പള്ളി പെരുന്നാളുകളുമായി ബന്ധപ്പെട്ട് പരിശുദ്ധന്മാരുടെയും, അഭിവന്ദ്യ പിതാക്കന്മാരുടെയും വിശിഷ്ടാതിഥികളുടെയും ചിത്രങ്ങൾ ഉൾപ്പെടുത്തി തയ്യാർ ചെയ്യുന്ന ഫ്ളക്സ് ബോർഡുകൾ ആവശ്യം കഴിഞ്ഞാൽ പള്ളി ഇടവകകൾ തന്നെ എടുത്ത് മാറ്റണം. പെരുന്നാളിന്റെ ഭക്തി വശത്തിന് ഊന്നൽ നൽകുന്നതിനു പകരം നാടെങ്ങും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ടോ എന്ന് നാം പുനർവിചിന്തനത്തിന് തയ്യാറാകണം. ഫ്ളക്സ് ബോർഡുകൾ എടുത്തു മാറ്റാതെ പൊടിയും, അവഗണനയും, മനുഷ്യരുടെ പരിഹാസവും ഏറ്റ് നമ്മുടെ സഭാ പരിപാടികളുടെ ബോർഡുകൾ അനാഥമായി തെരുവിൽ കിടക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കണം.

പെരുനാളുകളിലേക്കും, ആത്മീയസംഗമത്തിലേക്കും ജനങ്ങളെ ആകർഷിക്കുവാൻ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകവഴി പൊതുജനത്തെ ബുദ്ധിമുട്ടിക്കാതിരിക്കാൻ നാം ശ്രമിക്കണം. ഓരോ പെരുന്നാളുകളോടും അനുബന്ധിച്ച് അനിയന്ത്രിതമായി ഫ്ളക്സ് ബോർഡുകൾ ഉൽപാദിപ്പിക്കുക വഴി പ്രകൃതിദുരന്തത്തിന് ആക്കം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ കാവൽക്കാർ ആകുവാൻ നിയോഗമുള്ള സഭ പ്രകൃതിക്ക് ശവമഞ്ചം ഒരുക്കുവാൻ കൂട്ടുനിൽക്കരുത്.

ഫ്ളക്സ് ബോർഡുകൾ ഒഴിവാക്കുക എന്നതാണ് അഭികാമ്യം എങ്കിലും ഏതെങ്കിലും കാരണത്താൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചാൽ ആവശ്യം കഴിഞ്ഞ് ഉടനെ എടുത്തുമാറ്റുന്ന സംസ്കാരത്തിലേക്ക് നാം വളരണം.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ. നരേന്ദ്ര മോഡിയെ സന്ദർശിച്ചപ്പോൾ. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത് ശ്രീ. വി. മുരളീധരൻ എന്നിവർ സമീപം**





# തൃക്കുന്നത്തു സെമിനാരിയും ചില യാഥാർത്ഥ്യങ്ങളും

ഫാ. ഡോ. തോംസൺ റോബി

ആലുവ തൃക്കുന്നത്തു സെമിനാരിയുമായുള്ള വിഷയങ്ങൾ പ്രത്യേകിച്ച് പിതാക്കന്മാരുടെ ഓർമ്മ ദിനവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും ഉണ്ടാവുക പതിവായി തീർന്നിരിക്കുന്നു. എന്നാൽ ഈ വർഷം യാക്കോബായക്കാർ ചെയ്ത പ്രവൃത്തി സാമൂഹ്യ എതിർപ്പിന് ഇടയായി എന്ന താണ് സത്യം. പിതാക്കന്മാരുടെ ഓർമ്മയ്ക്ക് ബസേലിയോസ് പ്രഥമൻ തൃക്കുന്നത്തു പ്രവേശിക്കാതിരുന്നത് തന്നെ കള്ളത്തരമുള്ളതുകൊണ്ടായിരുന്നു. ആ ജാള്യത മറച്ചു വച്ചുകൊണ്ട് ഫെബ്രുവരി ഒന്നാം തീയതി രാവിലെ പൂട്ടിക്കിടന്ന തൃക്കുന്നത്തു സെമിനാരിയിൽ പാതിരാത്രിയിൽ കള്ളനെപ്പോലെ പ്രഥമനും അനുയായികളും കയറി പ്രാർത്ഥിക്കുന്നത് ഏതു നീതിയാണാവോ? അതും കള്ളത്തരമായിരുന്നു. കൂടാതെ തൃക്കുന്നത്തു സെമിനാരി മാനേജർ യാക്കൂബ് അച്ചനേയും പ്രീ വൈദികവിദ്യാർത്ഥികളെയും ഉപദ്രവിച്ചത് എന്തിനായിരുന്നു? പ്രഥമനെ കള്ളനെപ്പോലെ അറസ്റ്റുചെയ്ത് കൊണ്ടുപോകുന്നതു കണ്ട് പ്രേക്ഷകർ വിലയിരുത്തി! എന്നിട്ടും അറസ്റ്റിനെതിരെ പ്രതിഷേധം! ഇതെല്ലാം എന്തിനുവേണ്ടി, നിയമവാഴ്ച ഉള്ള ഭാരതത്തിൽ ഒരു മതമേലദ്ധ്യക്ഷൻ തന്നെ നിയമത്തെ വെല്ലുവിളിക്കുന്നത് ഏതു തിയോളജിയാണെന്ന് അറിയുവാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്.

മലങ്കര സഭയുടെ അന്ത്യോഖ്യൻ ബന്ധം 1653-ൽ ആരംഭിച്ചെങ്കിലും ശരിയായ സേവനം ഉണ്ടായത് 1836-ലാണ് എന്ന് ചരിത്രബന്ധം സാക്ഷിക്കുന്നു. 1912-ൽ ഓർത്തഡോക്സ്-യാക്കോബായ തർക്കം പരസ്യമായി ആരംഭിച്ചു. പോർട്ടുഗീസുകാരെ എതിർത്ത് കൂനൻ കുരിശ് സത്യത്തിലൂടെ വിദേശശക്തികളെ എതിർത്തവരാണ് സുറിയാനി ക്രിസ്ത്യാനികൾ. ആരുടെയും കുത്തക അധികനാൾ അംഗീകരിക്കാത്തവർ മുൻപ് പല പിളർപ്പ് ഉണ്ടായിട്ടുണ്ടെങ്കിലും ഇത്ര പിളർപ്പ് ഉണ്ടായത് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ കാലത്താണ്. സഭയെ ഒരു വിദേശിയുടെയും മുന്നിൽ അടിയറവ് വയ്ക്കുകയില്ല എന്ന വട്ടശ്ശേരിൽ തിരുമേനിയുടെ നിശ്ചയദാർഢ്യം മലങ്കര സഭയ്ക്ക് 1912-ൽ സ്വതന്ത്ര കാതോലിക്കേറ്റ് എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. വട്ടിപ്പണം എന്നറിയപ്പെടുന്ന പണത്തിന്റെ പലിശ ആർക്ക് എന്നതിനെ ചൊല്ലിയുള്ളതായിരുന്നു പിന്നീടുള്ള തർക്കം. ഇക്കാര്യത്തിൽ തിരുവിതാംകൂർ റോയൽ കോർട്ടിന്റെ വിധിക്കെതിരെ പിന്നെയും വ്യവഹാരങ്ങൾ ഉണ്ടായി. പല വിധികൾ വന്നു. 1958-ൽ ഉണ്ടായ സുപ്രീം കോടതി വിധിയെ തുടർന്ന് ഒന്നിച്ചവർ 1968-ൽ പിന്നെയും രണ്ടായി. ആ വന്ന പിളർപ്പ് ഇന്നും മലങ്കര-യാക്കോബായ സഭകൾ തമ്മിലുള്ള ബന്ധം ശിഥിലമാക്കി, ഇന്നും കേസും വഴക്കുമായി തുടരുന്നു. ഈ പിളർപ്പിനുശേഷം തർക്കം സ്വത്തിന്റെ പേരിൽ മാത്രമല്ല ആത്മിക കാര്യങ്ങളെച്ചൊല്ലിക്കൂടിയായിരുന്നു. ആ തർക്കമാണ് ഇപ്പോഴും തുടരുന്നത്.

നൂറുവർഷം പഴക്കമുള്ളതാണ് ഓർത്തഡോക്സ്-പാത്രിയർക്കീസ് പ്രശ്നങ്ങൾ. അതിന് എന്നും പാത്രീഭവിക്കുന്ന മലങ്കരയുടെ സ്വത്താണ് തൃക്കുന്നത്ത് സെമിനാരി. 1876-ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം രൂപീകൃതമായ ഒരു ഭദ്രാസനമാണ് അങ്കമാലി ഭദ്രാസനം. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് (1876-1891) ആയിരുന്നു ഈ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. അദ്ദേഹത്തിന്റെ ശ്രമഫലമായി ഈ സ്ഥലം വാങ്ങുകയും താല്ക്കാലിക പള്ളി 1900-ന്റെ പ്രാരംഭത്തിൽ തൃക്കുന്നത്ത്

പണിയുകയും ചെയ്തു. പിതാവിനുശേഷം കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ കടവിൽ പൗലോസ് മാർ അത്താനാസ്യോസിന് മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് അങ്കമാലി ഭദ്രാസനത്തിന്റെ അധിക ചുമതല കൂടി നൽകി. ഈ പിതാവിന്റെ കാലത്താണ് 1907-ൽ അങ്കമാലി ഭദ്രാസന ആസ്ഥാനവും, ഭദ്രാസന മെത്രാപ്പോലീത്തായുടെ താമസസ്ഥലവും ആയി തൃക്കുന്നത്ത് സെമിനാരി ഉയർന്നു വന്നത്. ഇദ്ദേഹമാണ് തൃക്കുന്നത്ത് കബറടങ്ങിയ ആദ്യ മെത്രാപ്പോലീത്താ (1891-1907).

തുടർന്ന് കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് പിതാവ് (1910 ജൂൺ 9 മുതൽ 1953 ജനുവരി 25) അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലക്കാരനായി നിയമിച്ചു. എന്നാൽ ഇദ്ദേഹം യാക്കോബായ നിയന്ത്രണത്തിലായിരുന്നതിൽ ആ കാലഘട്ടത്തിൽ തൃക്കുന്നത്ത് യാക്കോബായ സ്വാധീനം ഉണ്ടായിരുന്നു. 1946 അദ്ദേഹത്തിന്റെ സഹായത്തിനായി വയലിപ്പറമ്പിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് നിയമിതനായി. കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ് 1953-ൽ കാലം ചെയ്ത (തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന രണ്ടാമത്തെ മെത്രാപ്പോലീത്ത)തിനെ തുടർന്ന് വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് 1953-ൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ആയി. ഇദ്ദേഹത്തിന്റെ കാലത്ത് 1958-ൽ സുപ്രീംകോടതി വിധി ഉണ്ടാവുകയും ഇരു വിഭാഗവും ഒന്നായിത്തീരുകയും ചെയ്തു.

മലങ്കരയിലെ എല്ലാ പള്ളികളും 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണം എന്നും അത് ഉറപ്പുവരുത്താൻ 102-ാം കല്പന, ഭരണഘടന കോപ്പി എന്നിവ എല്ലാ ഭദ്രാസനത്തിലെ ദേവാലയങ്ങൾക്കും അയച്ചു കൊടുക്കുകയും ചെയ്തു. അദ്ദേഹം കാതോലിക്കേറ്റിന്റേയും സഭാ ഭരണഘടനയുടെയും ശക്തനായ വക്താവായിരുന്നു. ഇദ്ദേഹത്തിന്റെ കാലം മുതൽ തൃക്കുന്നത്തു സെമിനാരി മലങ്കര സഭയുടെ പൂർണ്ണനിയന്ത്രണത്തിലായിത്തീർന്നു. 1966 നവംബർ 6-ന് കാലം ചെയ്ത അദ്ദേഹം തൃക്കുന്നത്ത് സെമിനാരിയിൽ മൂന്നാമത്തെ മെത്രാപ്പോലീത്തായായി കബറടങ്ങുകയും ചെയ്തു.

1967-ൽ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിനെ 1934 ലെ ഭരണഘടനപ്രകാരം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് പ്രശ്നങ്ങൾ പലതും നടന്നു. അദ്ദേഹത്തിന്റെ കാർ ചിലർ ചേർന്ന് കത്തിക്കുകയുണ്ടായി. ഇതിനിടയിൽ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാർ മാർ തേയോഫിലോസ് പിതാവിന്റെ അസിസ്റ്റന്റായി ഇവിടെ താമസിച്ച് സേവനം അനുഷ്ഠിച്ചു. 1997 സെപ്റ്റംബർ 28 ന് തെയോഫിലോസ് കാലം ചെയ്തു തൃക്കുന്നത്തു സെമിനാരിയിൽ നാലാമത്തെ മെത്രാപ്പോലിത്തായായി കബറടങ്ങി. തുടർന്ന് മാത്യൂസ് ദ്വിതീയൻ ബാവാ അങ്കമാലി ഭദ്രാസനം ഏറ്റെടുക്കുകയും മാർ പക്കോമിയോസ് 1997 മുതൽ 2002 വരെ അസിസ്റ്റന്റായി നിലനിർത്തുകയും ചെയ്തു. മാർ പക്കോമിയോസ് 2002 മുതൽ 2005 വരെ കാലയളവിൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തു. 2005 മുതൽ 2009 വരെ ദിദിമോസ് പ്രഥമൻ ബാവാ ഭദ്രാസന മെത്രാപ്പോലീത്തായായി തുടർന്നു. 2009 മുതൽ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത അങ്കമാലി ഭദ്രാസന ചുമതലക്കാരനായി തുടരുന്നു. ഇതു കാണിക്കുന്നത് 1876- മുതൽ 2014 വരെയുള്ള 138 വർഷക്കാലം അങ്കമാലി ഭദ്രാസനവും തൃക്കുന്നത്ത് സെമിനാരിയും മലങ്കര സഭയുടെ അഭിവാജ്യഘടകമായി സ്ഥിതി ചെയ്യുന്നു.

2005 മുതലാണ് തൃക്കുന്നത്തു സെമിനാരിയുടെ മേൽ യാക്കോബായക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ ഇടയായത്. എന്നാൽ പൂർണ്ണമായും തുടർന്ന് അവരുടെ വാദഗതികൾ പല കോടതി വ്യവഹാരങ്ങളിലും പരാജയപ്പെട്ടിരുന്നു. മലങ്കരയുടെ സ്വത്തായ തൃക്കുന്നത്ത് സെമിനാരിയുടെ സ്വത്തും എല്ലാം മലങ്കര സഭയുടെ മൂല്യവസ്തുവാണ് എന്നതിന് മാറ്റമില്ല. യാക്കോബായക്കാരുടെ കയ്യിൽ സെമിനാരിയെപ്പറ്റിയുള്ള രേഖകൾ "ഉണ്ട്" എന്നു പറയാതെ കോടതിയിൽ സമർപ്പിച്ച് ശരിയായി നിയമത്തെ ബോധിപ്പിക്കുവാൻ കഴിയണം. മലങ്കരയുടെ പൈതൃക സ്വത്തായ ഈ സെമിനാരിയും അനുബന്ധ സ്ഥാപനങ്ങളും സഭയുടെ മുതൽക്കൂട്ടാണ് എന്നതിൽ സംശയമില്ല. 1931 മുതൽ 1970 കളിൽ വരെ തൃക്കുന്നത്തു സെമിനാരി മലങ്കരയുടെ വൈദിക പരിശീലന കേന്ദ്രമായി നിലകൊണ്ടിരുന്നു. തുടർന്നുണ്ടായ വ്യവഹാരത്തിൽ 1977 ൽ തൃക്കുന്നത്ത് പള്ളി (സെന്റ് മേരീസ്) പൂട്ടി. മലങ്കര സഭയുടെ മെത്രാപ്പോലീത്താ ഇന്നും സെമിനാരി കെട്ടിടത്തിൽ താമസിക്കുന്നു.

തുടർന്ന് പല വ്യവഹാരങ്ങളും ഈ സെമിനാരിയെ പ്രതി നടന്നു. 1970-നുശേഷം സഭയിൽ ഉടലെടുത്ത ആഭ്യന്തര കലഹങ്ങൾ മൂലം സെമിനാരിയും സെമിനാരി വക വസ്തുക്കളും തർക്ക പ്രദേശമായി മാറിയിരുന്നു. തുടർന്ന് യാക്കോബായക്കാർ ആരാധനാസൗകര്യത്തിനായി വ്യവഹാരങ്ങൾ നടത്തിയെങ്കിലും ഹൈക്കൊടതി കീഴ്ക്കോടതി വിധി അംഗീകരിച്ച് യാക്കോബായക്കാരുടെ ആവശ്യങ്ങൾ നിരാകരിച്ചു. തുടർന്ന് 1991-ൽ സെമിനാരി പള്ളിയും മറ്റും റിസീവർ ഭരണത്തിലാക്കണമെന്ന ഹർജി യാക്കോബായക്കാർ നൽകിയതിൻപ്രകാരം 1993 മുതൽ 1995 വരെയുള്ള കാലയളവിൽ റിസീവർ ഭരണത്തിലായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇങ്ങഅ 84/93, 110/93 എന്നി കേസുകളിലെ 1995 ഡിസംബർ 13-ലെ പൊതു ഉത്തരവുപ്രകാരം റദ്ദാക്കി. അതിൻപ്രകാരം തുടർന്ന് നാളിതുവരെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അങ്കമാലി ഭദ്രാസന മെത്രാ

പ്പോലീത്തായുടെയും അദ്ദേഹം നിശ്ചയിച്ച മാനേജരുടെയും അധികാരത്തിലും അവകാശത്തിലും പരിപൂർണ്ണ നിയന്ത്രണത്തിലും തൃക്കുന്നത്ത് സെമിനാരിയുടെയും വസ്തുവകകളുടെയും റവന്യൂ കരവും, കെട്ടിട നികുതിയും മലങ്കര സഭയുടെ അങ്കമാലി ഭദ്രാസനം അടച്ചുവരുന്നതുമാണ്. തൃക്കുന്നത്തു സെമിനാരിയുടെ കൈവശാവകാശം മലങ്കര സഭയുടെ ഭരണത്തിന് കീഴിൽ ഉള്ളതാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതുമാണ്. യാക്കോബായ വിഭാഗത്തിന്റെ തലവന് തൃക്കുന്നത്തു സെമിനാരിയിൽ പ്രവേശിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയത് ഇന്നും തുടരുന്നു. ഈ നിരോധന വിധിയുടെ വിധിന്യായത്തിൽ പറയുന്നത്. "......the court has found that this church, is a seminary church completely cantrolled by the diocesan metropolitan of Angamaly." 1934-ലെ ഭരണഘടന അംഗീകരിച്ച ഒരേ ഒരു അങ്കമാലി ഭദ്രാസനവും അതിന് ഒരു മെത്രാപ്പോലീത്തായുമേ ഉള്ളൂ. ആ മെത്രാപ്പോലീത്താ മലങ്കര സഭയുടേയതാണ് എന്നതിനാൽ തന്നെ മറ്റു ഭാഗക്കാർക്ക് തൃക്കുന്നത്തു സെമിനാരിയുടെ മേൽ യാതൊരു അവകാശവും ഇല്ല എന്നത് സ്പഷ്ടമാണ്. (ജില്ലാ കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിലവിലിരിക്കുന്ന വിധിയെ അസ്ഥിരപ്പെടുത്താത്തിടത്തോളം ജില്ലാകോടതി വിധി എല്ലാ കക്ഷികൾക്കും ബാധകമാണ്.)

ഇത്തരത്തിൽ തൃക്കുന്നത്തു സെമിനാരി മലങ്കര സഭയുടെ സ്വത്താണെന്ന് വ്യക്തമായിരിക്കെ 2002 ൽ ഉണ്ടായ "പുത്തൻകുരിശ് Society" യുടെ പക്കൽ സെമിനാരിയുടെ രേഖ ഉണ്ട് എന്നു പറയുന്നതു തന്നെ യുക്തിക്കു നിരക്കുന്നതല്ല. തന്നെയുമല്ല ഇതുവരെ രേഖയുടെ നിജസ്ഥിതി ഒരു അധികാരികൾക്കു മുമ്പിലും സമർപ്പിച്ചിട്ടുമില്ല. മലങ്കര സഭയുടെ ഭരണഘടന അംഗീകരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്ത വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലം മുതൽ തൃക്കുന്നത്ത് സെമിനാരി മലങ്കര സഭയുടെ അവിഭാജ്യഘടകമായി നിലനിന്നിരുന്നു എന്നത് ചരിത്ര നിയോഗമാണ്. അന്ത്യോഖ്യായുടെ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഒരു ആധുനിക സൊസൈറ്റിക്ക് എങ്ങനെ വ്യവസ്ഥാപിതമായി നിലനിൽക്കുന്ന തദ്ദേശീയ സഭയുടെ സ്വത്ത് അവകാശപ്പെട്ടതാണെന്ന് വാദിക്കുവാൻ കഴിയും?

ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ ഫെബ്രുവരി ഒന്നിന് തൃക്കുന്നത്ത് നടന്നത് കോടതിയലക്ഷ്യമാണെന്ന് സ്പഷ്ടമാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ ബലത്തിലും പണ ബലത്തിലും തീവ്രവാദി സംഘടനയായ കേഫായുടെ ശക്തിയിലും നടത്തുന്ന ഇത്തരത്തിലുള്ള പ്രവർത്തികൾ ആധുനിക സമൂഹത്തിന് അംഗീകരിക്കുവാൻ കഴിയുമോ? 01-02-2014 ൽ പുലർച്ചെ 3.30 മണിയോടുകൂടി സെമിനാരി പള്ളിയിൽ കയറി നടത്തിയത് നിയമവ്യത്തത്തോടുള്ള പരസ്യമായ വെല്ലുവിളിയാണ്. ഒരു വൈദികനെ മർദ്ദിച്ചത് ഒരു മേൽപ്പട്ട സ്ഥാനിയാണ് എന്ന് പറയുന്നത് തന്നെ സമൂഹത്തിന്റെ മുന്നിൽ ആധുനിക Society യുടെ വില യിടിക്കുന്നതായിരുന്നു! 2014-ലെ പെരുനാളിൽ രണ്ടു വിഭാഗത്തിന്റെയും ബാവാമാർ പോലീസിന്റെ പരിശോധനയ്ക്ക് വിധേയമാകണം എന്ന് അറിയിച്ചപ്പോൾ മലങ്കര സഭയുടെ ബാവാ തിരുമേനി എല്ലാ പരിശോധനയ്ക്കും വിധേയമായി സെമിനാരി പള്ളിയിൽ ധൂപം അർപ്പിച്ച് പ്രാർത്ഥിച്ചു. എന്നാൽ യാക്കോബായ തോമസ് പ്രഥമനെ പരിശോധനയ്ക്ക് വിധേയമാക്കേണ്ട എന്ന വാദം തന്നെ കള്ളത്തരം കാണിക്കാനുള്ള ശ്രമമായിരുന്നില്ലേ? ഈ വർഷം കള്ളത്തരത്തിലൂടെ "കള്ള കുർബ്ബാന" അർപ്പിക്കുവാനുള്ള ശ്രമം പരാജയപ്പെട്ടതിന്റെ പ്രതികാരമാണ് നാം ഒന്നാം തീയതി കണ്ടത്. കോതമംഗലം മേഖല യാക്കോബായ സഹായ മെത്രാനായ കുര്യാക്കോസ് മാർ യൗസേബിയോസിന്റെ അഭിപ്രായം ഇന്റർനെറ്റിൽ പ്രചരിക്കുന്നതിങ്ങനെ "Baselius Thomas I is now 85 years old. As he could not after prayers on perunal day he waited to after prayer in the church" 'എത്ര ലജ്ജാകരം. കോടതി വിധി ലംഘിച്ച് പാതിരാത്രിയിൽ തൃക്കുന്നത്ത് പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥിക്കുന്ന 85 വയസ്സുകാരൻ...." പരസ്യമായി പ്രാർത്ഥിക്കുവാൻ അവസരമുള്ളപ്പോൾ രഹസ്യമായി രാത്രിയിൽ കതകു പൊളിച്ച് അകത്തുകയറി പ്രാർത്ഥിക്കുന്നത് പ്രാർത്ഥനയെ തന്നെയും ദൈവത്തെ തന്നെയും കളിയാക്കുന്നതായിപ്പോയില്ലേ.

നീതി അധിഷ്ഠിതമായ ഒരു സമൂഹത്തിൽ ഇത്തരത്തിലുള്ള കാടത്ത നടപടികൾ അവസാനിപ്പിക്കേണ്ടതായി യാക്കോബായ വിശ്വാസികൾ തന്നെ വിശ്വസിക്കുന്നതായി കാണുവാൻ കഴിയും. തൃക്കുന്നത്തു സെമിനാരിയുടെ സ്വത്തിന് മേൽ യാതൊരു അധികാരവുമില്ലാത്ത യാക്കോബായ സഭ കാട്ടിയ നീതി രാഹിത്യത്തെ എതിർക്കുന്നത് ഭരണഘടനയെ അംഗീകരിക്കുന്നവരുടെ അവകാശമാണ്. ഇതുപോലെയുള്ള ആക്രമണ സംഭവങ്ങൾ മലങ്കര സഭയുടെ മേലുള്ള കടന്നാക്രമണമാണ്. ഈ നീതി നിഷേധത്തിനെതിരെ എറണാകുളം കാക്കനാട് കളക്ട്രേറ്റ് പടിക്കൽ നടത്തിയ ധർണ്ണ ഒരു തുടക്കം മാത്രമാണ്. മലങ്കര സഭയുടെ പൈതൃകമായ തൃക്കുന്നത്ത് സെമിനാരിയിൽ അരങ്ങേറിയ ആസൂത്രിത തിരക്കഥ ഭരണാധികാരികളുടെ അറിവോടെയാണ് എന്നതിൽ സംശയമില്ല. മലങ്കര സഭയുടെ പ്രതികരണം അധികാരികൾ തിരിച്ചറിയുന്നത് നല്ലതായിരിക്കും. അവകാശമില്ലാത്തിടത്ത് അധികാരം സ്ഥാപിക്കാനുള്ള പുത്തൻകുരിശ് സൊസൈറ്റിയുടെ ശ്രമം മലങ്കരമക്കൾ തിരിച്ചറിയണം. "ജയ് ജയ് കാതോലിക്കോസ്, മാർത്തോമ്മ സിംഹാസനം നീണാൾ വാഴട്ടെ."





# ദേശീയ ക്രൈസ്തവസഭയുടെ രാഷ്ട്രീയ സാംഗത്യം

**ഡോ. റ്റി. എസ്. ഗിരീഷ്കുമാർ**

ഏതു രാഷ്ട്രത്തിന്റെയും ശക്തിയുടെ കാതൽ കെട്ടുറപ്പിലാണ് നിലകൊള്ളുന്നത്. കെട്ടുറപ്പെന്നാൽ പൗരന്മാരുടെ ഒരുമ, ഏകത്വം എന്നു കാണണം. ഒരു കെട്ടുറപ്പുള്ള രാഷ്ട്രത്തിന് പുരോഗതിയും അഭിവൃദ്ധിയും തനിയേ കൈവന്നുകൊള്ളും. പോർക്കപ്പലുകളും വിമാനങ്ങളുമൊന്നുമില്ലാതെതന്നെ അവർ കരുത്തരുമായിക്കൊള്ളും. അംഗസംഖ്യയും വിസ്തൃതഭൂപ്രദേശം എന്നതിനുമൊക്കെയുപരി, പൗരന്മാരുടെ ഒരുമ എത്രമാത്രം ഒരു രാഷ്ട്രത്തെ കരുത്തരാകുന്നു എന്നതു കാണാമെങ്കിൽ, ഒരുദാഹരണം കൺമുമ്പിൽ കണ്ടറിയുവാൻ, ഇസ്രായേലിനെ കാണുക: കണ്ടുപഠിക്കുക.

യൂറോപ്യൻ നാടുകളിൽ രാഷ്ട്രങ്ങളുടെ സ്വത്തത്തിന്റെ നിദാനം മിക്കവാറും ഭാഷയാണ്. പല രാഷ്ട്രങ്ങളുടെയും രൂപീകരണം തന്നെ ഭാഷയുടെ അടിസ്ഥാനത്തിലാണ് നടന്നിട്ടുള്ളത്. മദ്ധ്യപൂർവദേശങ്ങളിലാകട്ടെ, പലയിടത്തും ഭാഷയ്ക്കുമതീതമായി മതത്തിന്റെയടിസ്ഥാനത്തിലും രാഷ്ട്രങ്ങൾ രൂപം കൊണ്ടു.

ഭാരതത്തിന്റെ ആസേതുഹിമാചലം അഖണ്ഡതയുടെ സ്രോതസ്സ് ഇതു രണ്ടുമല്ല. എന്നാൽ, എല്ലാക്കാലത്തും ഭാരതം അഖണ്ഡമായിരുന്നുതാനും. ഭാരതത്തിൽ അനേകം ഭാഷകളുണ്ട്. വൈദികകാലം മുതൽക്കെ നാനാതരത്തിലുള്ള വിശ്വാസപ്രമാണങ്ങളും ആചാരാനുഷ്ടാനങ്ങളും ഒരുപോലെ നിലനിന്നു പോന്നിട്ടുമുണ്ട്. മതം എന്ന ഒരു സങ്കല്പമേ ഇല്ലായിരുന്ന കാലത്ത്, വിശ്വാസങ്ങളിലും പ്രമാണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഉണ്ടായിരുന്ന ഈ വൈവിദ്ധ്യത്തെ വിവിധ മതങ്ങൾ എന്ന് ആരും പേരിട്ടില്ല എന്നു മാത്രം. ചുരുക്കത്തിൽ, എക്കാലത്തും ഒന്നായി നിന്നിരുന്ന ഭാരതവർഷത്തിൽ, എക്കാലത്തും വിവിധവിശ്വാസപ്രമാണങ്ങളും, ഭാഷകളും രാജാക്കന്മാരും, രാജ്യങ്ങളുമുണ്ടായിരുന്നു. അതേസമയംതന്നെ, ഇതിനൊക്കെ അതീതമായി, ഒരിക്കലും ഒരൊറ്റ ഭരണത്തിന്റെ കീഴിൽ വരാത്ത ഒരു ഭാരതവും ഉണ്ടായിരന്നു.

ഈ പ്രതിഭാസം പാശ്ചാത്യർക്ക് അത്രയെളുപ്പത്തിൽ ഉൾക്കൊള്ളുവാൻ കഴിയില്ല. അവർ കണ്ടിട്ടും പഠിച്ചിട്ടുമുള്ള ദർശനങ്ങൾക്കും ജ്ഞാനശാസ്ത്രത്തിനും ഭാരതത്തെ അപഗ്രഥിക്കുവാനുള്ള സങ്കല്പങ്ങൾ, അഥവാ ഉപകരണങ്ങൾ ഇല്ല എന്നതാണതിനു കാരണം. ബ്രിട്ടീഷുകാർ ഭാരതം ഭരിച്ച വേളയിൽ, തങ്ങളാണ് ഭാരതത്തെ ഒന്നിപ്പിച്ചത് എന്ന് അവർ തെറ്റിദ്ധരിച്ചുപോയതും ഇതുകൊണ്ടാണ്. ഡബ്യു. എസ്. ബ്ലണ്ടിനെപ്പോലുള്ളവർ ഇതേക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിച്ചിട്ടുണ്ട്. ബ്രിട്ടൻ ഇന്ത്യ വിട്ടുപോകുന്ന മാത്രയിൽ, ഭാരതം ഛിന്നഭിന്നമായിപ്പോകും എന്ന ആശങ്കയും വ്യക്തമാക്കിയിട്ടുണ്ട്.

വാസ്തവത്തിൽ, ഭാരതത്തെ എക്കാലവും ഒരുമിച്ചു നിറുത്തിയിരുന്ന ഘടകം എന്താണ്? ഭാഷകൾക്കും വിശ്വാസാചാരങ്ങൾക്കും, രാജ്യങ്ങൾക്കുമതീതമായി ഒരോ ഭാരതീയനെയും കോർത്തിണക്കിയ ദൃഢമായ ആ സ്വർണ്ണചരടത്രേ ഭാരതത്തിന്റെ സംസ്ക്കാരം. ചില ശാസ്ത്രജ്ഞർ ബൗദ്ധികതയുടെ പാശ്ചാത്യ ചെങ്കോലുമായി എവിടെ ഭാരത സംസ്ക്കാരം? എന്നാരായാറുണ്ട്. ഒന്നു തൊട്ടു കാണിക്കാമൊ? എന്നതാണ് വ്യഗ്യം. അവർക്കുള്ള മറുപടി, എവിടെ കോട്ടയം, ഒന്നു നിന്നു കാണിക്കാമോ? എന്ന മറുചോദ്യമാണ്. തിരുനക്കരയും നാഗമ്പടവും അതിരമ്പുഴയും ഒക്കെ ചേരുന്നതാണ് കോട്ടയം. അത് ഇതിനൊക്കെ അതീതവുമാണ്. ഭാരതസംസ്ക്കാരവും ഒരു പക്ഷേ ഭാരതം തന്നെയും ഇല്ല എന്നു പറയുന്നവർ തികഞ്ഞ ഹ്രസ്വദൃഷ്ടികൾ എന്നല്ലാതെന്തു പറയുവാൻ?

ഭാരതത്തിൽ എക്കാലത്തും സംസ്ക്കാരം, ഭാഷ, പ്രാദേശിയത, വിശ്വാസാചാരങ്ങൾ എന്നിവകൾക്കതീതമായിരുന്നു. എല്ലാ പ്രാന്തങ്ങളും സംഭാവനകൾ നൽകിയിട്ടുള്ള, നൽകിക്കൊണ്ടിരിക്കുന്ന, എല്ലാ പ്രാന്തങ്ങളും നിരന്തരം സ്വീകരിച്ചുക്കൊണ്ടിരിക്കുന്ന ഒരു മുഖ്യധാരയാണ് ഭാരത സംസ്ക്കാരം. ഈ മുഖ്യധാരയിൽ ബംഗാളിക്കും പഞ്ചാബിക്കും ഗുജറാത്തിക്കും മലയാളിക്കുമെല്ലാം അസ്തിത്വ - സ്വത്വ പ്രശ്നങ്ങൾ വരാതെ ഒരേപോലെ നിലനിൽക്കുവാൻ കഴിയും എന്നതാണ് ഭാരത സംസ്ക്കാരത്തിന്റെ സവിശേഷതയും ഓജസ്സും. ഇതുകൊണ്ടുതന്നെയാണ് ഏതുമതങ്ങൾക്കും പൂർണ്ണരൂപത്തിൽ തന്നെ ഭാരതത്തിൽ നിലനിൽക്കുവാൻ സാധിക്കുന്നത്.

ആരും സംരക്ഷിക്കുവാനില്ലെങ്കിലും ഈ സംസ്ക്കാരം നിലനിന്നു കൊള്ളും എന്നത് കേവലം സനാതന തത്വം. ഇത് കാലം തെളിയിച്ചുതന്ന കാര്യ വുമാണ്. എന്നു കരുതി, ഈ സംസ്ക്കാരത്തിന്റെ നിലനില്പിനുവേണ്ടി തന്നാലാവുന്നതു ചെയ്യാതിരി ക്കുവാൻ ഒരു രാഷ്ട്രസ്നേഹിക്കും കഴിയുകയില്ല. രാഷ്ട്രസ്നേഹികൾ അവരുടെ കർമ്മങ്ങൾ അവ രവരുടെ രീതിയിൽ നിറവേറ്റികൊണ്ടേയിരിക്കും.

ഈയൊരു പശ്ചാത്തലത്തിൽ വേണം മല ങ്കര സഭയെ കാണുവാനും വിലയിരുത്തുവാനും. വിശ്വാസങ്ങളും, ആചാരനുഷ്ടാനങ്ങളും, സംസ്ക്കാ രവും ഒരേപോലെ ഉയർത്തിപ്പിടിക്കുവാനും നില നിർത്തുവാനും മലങ്കരസഭയ്ക്കു കഴിഞ്ഞു എന്നത് മഹത്തായ ഒരു കാര്യവും, ഭാരത സംസ്ക്കാരത്തി ലേയ്ക്ക് നൽകിയിട്ടുള്ള വിപുലമായ ഒരു സംഭാവ നയുമാണ്. സ്വന്തം പൈതൃകത്തിന്റെയും സംസാ ക്കാരത്തിന്റെയും വിപുലതയും പ്രാധാന്യവും എത്ര സ്പഷ്ടവും കൃത്യവും സുദൃഢവുമായി മലങ്കരസഭ ഉൾക്കൊണ്ടിരുന്നു എന്നതിന്റെ ശക്തമായ ഉദാഹര ണമാണ് 1653-ലെ കൂനൻ കുരിശു സത്യം. കേവലം അമ്പത്തിനാലു വർഷത്തെ അനുഭവത്തിലൂടെ ഇത്ര കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കുകയും, വളരെ ദൃഢമായി കർമ്മമാർഗ്ഗങ്ങളാവിഷ്ക്കരിക്കുകയും ചെയ്ത അന്നത്തെ സന്യാസിവര്യന്മാരുടെ ദീർഘ ദൃഷ്ടിയുടെയും ധീക്ഷണതയുടെയും മുമ്പിൽ ഒരു ഭാരതീയനും നമിച്ചു പോവാതിരിക്കുവാൻ തരമില്ല.

ഭാരതസംസ്ക്കാരം എന്നത് ബ്രാഹ്മണ ജാതിയുമായി മിശ്രണം ചെയ്ത്, ബ്രാഹ്മണ ജാതി വിരൊധത്തെ വളർത്തി, ബ്രാഹ്മണ്യത്തെത്തന്നെ നിഷേധിച്ച്, മലയാളികളെ സ്വന്തം സംസ്ക്കാര ത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും അന്യവത്ക്കരി ക്കുക എന്ന ശക്തമായ പ്രവണതയുള്ള കേരളത്തിൽ, മലങ്കര സഭയുടേതുപോലെ സംസ്ക്കാരപോഷണ സംഭാവനകൾ നൽകിയിട്ടുള്ളവർ വേറെ ആരുണ്ട്? വിപദി സാഹചര്യങ്ങളിൽ ശക്തമായ സാംസ്ക്കാ രിക യുദ്ധങ്ങൾ നടത്തേണ്ടിവന്നിട്ടുള്ള മലങ്കര സഭയുടെ പ്രവർത്തനങ്ങളെല്ലാം തന്നെ തികച്ചും ശ്ലാഘനീയങ്ങളാണ്.

വാസ്തവത്തിൽ, ഇന്ന് ഭാരതം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിക്കുള്ള മറുപടി മലങ്കര സഭ നൽകുന്നു -വാക്കുകളിലും പ്രവർത്തികളിലും കൂടെ- ഭാരതത്തിന്റെ ഭൂവിസതൃതിയും, ബുദ്ധിയും അച്ചടക്കവുമുള്ള ജനങ്ങളും, ജനങ്ങളുടെ ഈ നാനാ ത്വത്തിലെ ഏകത്വവുമൊക്കെ ഭാവിയിൽ ഭീക്ഷണി യായിക്കാണുന്ന പല രാജ്യങ്ങളുമുണ്ട്. ഇവരിൽ പ ലരും അന്തഃഛിദ്രവാഹികളുമാണ്. ഇത്തരക്കാരുടെ നിരന്തര ശ്രമങ്ങൾ, ഏതുമാർഗ്ഗത്തിലും ഭാരതത്തിൽ അന്തഃഛിദ്രമുണ്ടാക്കുക എന്നതാണെന്നും നമുക്ക ജ്ഞാതമല്ല. പഞ്ചാബിൽ പയറ്റി അവർ പരാജയ പ്പെട്ടതിന്റെ ക്രെഡിറ്റ് അവിടുത്തെ ജനങ്ങൾക്കും ഖൾസയ്ക്കും അവകാശപ്പെട്ടിരിക്കുന്നു. പഞ്ചാബിൽ പരാജയപ്പെട്ടങ്കിലും കാശ്മീരിൽ ഇസ്ലാം മതത്തിന്റെ മറവിൽ നിരന്തരമായ വിഘടന ശ്രമങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. ഭാരതത്തിലെ മുസ്ലീങ്ങളുടെ തനിസ്വഭാവം ഇത്രയും കാലമായിട്ടും ഇവർ തിരി ച്ചറിഞ്ഞിട്ടില്ലാത്തതുപോലെ ആ വിഫലശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

പാക്കിസ്താനുണ്ടായ വേളയിൽ, അതൊരു ദാരുൾ ഇസ്ലാമായിരിക്കുമെന്ന് നൂറുവർഷത്തില ധികം പ്രസംഗിക്കുകയും, എഴുതുകയും, പത്ര ങ്ങൾ നടത്തുകയും, പല സംഘടനകളുണ്ടാക്കു കയും ഒക്കെ ചെയ്തിട്ടും, പാക്കിസ്ഥാനിലേയ്ക്ക് പോകാൻ അധികം മുസ്ലീങ്ങൾ ഉണ്ടായിരുന്നില്ല. പാക്കിസ്ഥാന്റെ ആകെ ജനസംഖ്യയേക്കാളധികം മുസ്ലീംങ്ങൾ ഭാരതത്തിൽ തന്നെ നിന്നു. മറ്റേതു മുസ്ലീങ്ങളുടെയും കാര്യത്തിലായരുന്നുവെങ്കിൽ, ഒരു ദവ്ബന്ദ് ബുദ്ധിജീവിക്കൂട്ടം മാത്രം മതിയായിരുന്നു ഭൂരിപക്ഷം മുസ്ലീങ്ങളേയും വിഘടനവാദികളാക്കു വാൻ. സർ സയ്യിദ്, അഹമ്മദ് ഖാൻ തുടങ്ങി ജിന്ന വരെയുള്ളവർ എത്രകണ്ടു പരിശ്രമിച്ചിട്ടും ഭാരത ത്തിലെ ഭൂരിപക്ഷം മുസ്ലീങ്ങളെയും വശത്താക്കു വാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഇന്നും, ഇസ്ലാമിന്റെ മറവിൽ ചെറുപ്പക്കാരെ രാഷ്ട്രത്തിനു വിരുദ്ധരാ ക്കുവാനുള്ള ശ്രമങ്ങൾ എത്രയെത്ര ആസൂത്രിത ങ്ങളായിട്ട് ആരൊക്കെ നടത്തിയിട്ടും, വളരെവളരെ കുറച്ചുപേരെ മാത്രമെ അവർക്ക് അവരുടെ കെണി കളിൽ കുടുക്കുവാൻ കഴിയുന്നുള്ളു. ഇതൊക്കെ ഭാരതത്തിലെ മുസ്ലീങ്ങളെക്കുറിച്ചു പറയുന്ന കാര്യ ങ്ങളാണ്. അവർക്ക് ഇത് സ്വന്തം നാടുതന്നെയാ ണെന്നു വിളിച്ചോതുന്ന കാര്യങ്ങളാണ്.

ഭാരതത്തെ ശിഥിലമാക്കുവാൻ പലരും എല്ലാ തന്ത്രങ്ങളും നിരന്തരം പ്രയോഗിച്ചുകൊ ണ്ടേയിരിക്കവേ, ഇവിടെയിതാ ഒരു കൂട്ടർ, ഇങ്ങു കേരളത്തിൽ, ദേശീയ ക്രിസ്തീയ സഭയ്ക്കുവേണ്ടി നിലകൊള്ളുകയും പോരാടുകയും ചെയ്തുകൊ ണ്ടേയിരിക്കുന്നു. ഇക്കൂട്ടരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യാതിരിക്കുവാൻ ഒരു രാജ്യ സ്നേഹിക്കും കഴിയുകയില്ല.

മലങ്കരസഭയ്ക്ക് വളരെയധികം രാഷ്ട്രീയ പ്രാധാന്യമുണ്ട്. ഭാരത സംസ്ക്കാരത്തിലൂടെ ഭാരത ത്തിന്റെ അഖണ്ഡതയ്ക്കും ഐകൃത്തിനുംവേണ്ടി ശക്തമായി രംഗത്തിറങ്ങി ശിഥില ശക്തികൾക്കെ തിരായി പോരാടുവാൻ മലങ്കരസഭയ്ക്കു കഴിയു ന്നതുപോലെ മറ്റാർക്കും കഴിഞ്ഞെന്നു വരികയില്ല. ഇന്നത്തെ ഭാരതത്തിന്റെ പ്രശ്നങ്ങളിൽ കൂടുതൽ കൂടുതൽ എല്ലാരംഗങ്ങളിലും സഭയുടെ കർമ്മപ ദ്ധതികൾ വ്യാപരിക്കണം. രാഷ്ട്ര വിരുദ്ധ ചിന്ത കൾക്കെതിരായുള്ള മലങ്കരസഭയുടെ ശക്തമായ ഇടപെടലുകൾ എല്ലാ മേഖലകളിലും ശക്തമാകട്ടെ എന്നാഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

*(ലേഖകൻ ബറോഡാ മഹാരാജാ സയാജിറാവു സർവകലാശാലയുടെ തത്വശാസ്ത്ര വിഭാഗം പ്രൊഫസറും വകുപ്പു മേധാവിയുമാണ്)*

# 1876 – ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും

**വർഗീസ് ജോൺ തോട്ടപ്പുഴ**

ഓരോ ഭദ്രാസനത്തിലും ഉൾപ്പെടുന്ന പള്ളികളുടെ പട്ടിക സ്താത്തിക്കോനിൽ പറഞ്ഞിരുന്നു. അതനുസരിച്ച് കോനാട്ടു തിരുമേനിക്ക് (തുമ്പമൺ) ഇരുപത്തിയൊന്നും, കടവിൽ തിരുമേനിക്ക് (കോട്ടയം) ഇരുപതും, അമ്പാട്ട് തിരുമേനിക്ക് (അങ്കമാലി) ഇരുപത്തിരണ്ടും, ചാത്തുരുത്തിൽ തിരുമേനിക്ക് (നിരണം) ഇരുപത്തിരണ്ടും, കരവട്ടു തിരുമേനിക്ക് (കൊച്ചി) ഇരുപത്തിയൊന്നും, മുറിമറ്റത്തിൽ തിരുമേനിക്ക് (കണ്ടനാട്) ഇരുപത്തിയൊന്നും പള്ളികളുടെ ഭരണമാണ് ലഭിച്ചത്. ഈ മേൽപ്പട്ടക്കാരിൽ മൂന്നുപേരും കണ്ടനാട് ഭദ്രാസനത്തിൽ നിന്നായിരുന്നു. രണ്ടുപേർ അങ്കമാലി ഭദ്രാസനത്തിൽ നിന്നും ഒരാൾ കൊച്ചി ഭദ്രാസനത്തിൽ നിന്നുമുള്ളവരായിരുന്നു.

മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിക്കു കൊല്ലം, മാവേലിക്കര തുടങ്ങിയ പള്ളികൾ അടങ്ങുന്ന ഭദ്രാസനം ഏല്പിച്ചുകൊണ്ട് 1877 മെയ് അവസാനം ബോംബെയിൽ വച്ച് പാത്രിയാർക്കീസ് ബാവ കല്പന നല്കി. 1865 ഏപ്രിൽ 30 ഞായറാഴ്ച ആമീദിൽ (ടർക്കിയിലെ ഡയർബക്കർ) വച്ച് പുലിക്കോട്ടിൽ തിരുമേനി മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടപ്പോൾ തന്നെ സ്താത്തിക്കോൻ ലഭിച്ചിരുന്നതുകൊണ്ടും, അദ്ദേഹം മലങ്കര മെത്രാപ്പോലീത്തയായിരുന്നതുകൊണ്ടുമാണ് കൽപ്പന മാത്രം കൊടുത്തത്. കൊല്ലം ഭദ്രാസനത്തിൽ 31 പള്ളികളാണ് ഉൾപ്പെട്ടിരുന്നത്. കോട്ടയം പഴയ സെമിനാരിയുടെ ചുമതലയും അദ്ദേഹത്തിനായിരുന്നു.

ആറു ഭദ്രാസനങ്ങളിൽ (കൊച്ചി ഒഴികെ) തിരുവിതാംകൂർ സംസ്ഥാനത്തിലെ പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. തിരുവിതാംകൂറിലെ സുറിയാനിക്കാരുടെ സംഖ്യ 2,95,770 എന്നാണ് പാത്രിയർക്കീസ് ബാവയ്ക്ക് ദിവാൻ നൽകിയ കണക്ക്. കൊച്ചി ഭദ്രാസനത്തിൽ, ബ്രിട്ടീഷ് സംസ്ഥാനത്തിലേയും (മലബാറും ബ്രിട്ടീഷ് കൊച്ചിയും) കൊച്ചി സംസ്ഥാനത്തിലേയും പള്ളികൾ ഉൾപ്പെടുത്തി. കൊച്ചിക്കോട്ട മാർ പത്രോസ്, ചാലശേരി, ചാലശേരി പുത്തൻ, തൊഴൂർ എന്നീ നാലു പള്ളികൾ ബ്രിട്ടീഷ് സംസ്ഥാനത്തിലായിരുന്നു.

ആർത്താറ്റ് പള്ളിയും അതിനുചുറ്റും കൊച്ചി വരെയുള്ള പള്ളികളും ആണ് കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതെന്ന് 1877 നീസാൻ 23-ലെ സ്താത്തിക്കോനിൽ ഏഴു ഭദ്രാസനങ്ങളെക്കുറിച്ചു വിവരിക്കുന്ന ഭാഗത്ത് പറയുന്നു. കടുങ്ങമംഗലം പള്ളിയിലുള്ള കൊച്ചിയുടെ പ്രഥമ ഭദ്രാസനാധിപന്റെ കബറിൽ കൊച്ചി-ബ്രിട്ടീഷ് പള്ളികളുടെ ബ. ശെമഓൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരു നൂറ്റാണ്ടു മുമ്പ് (1909–1911) മലങ്കര സന്ദർശിച്ച മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവാ ഏഴു ഭദ്രാസനങ്ങൾക്ക് മാർതോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളിയുടെ പേര് വിശേഷണമായി നൽകി. കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 1911 വൃശ്ചികമാസം 25–ാം തീയതി കോട്ടയത്തു സിമ്മനാരിയിൽ നിന്ന് പുറപ്പെടുവിച്ച 23–ാം നമ്പർ കല്പനയിൽ ഇങ്ങനെ കാണുന്നു. ...എന്നാൽ ഈ മലങ്കരയുള്ള ഏഴു മെത്രാസന ഇടവകകൾക്കു വി. മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ചിട്ടുള്ള ഏഴു പള്ളികളുടെ നാമങ്ങൾ കൊടുക്കുന്നതു ഈ മലങ്കര സഭ മാർതോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടുയെന്നുള്ള ഓർമ്മയ്ക്കു എത്രയും ആവശ്യമാണെന്നു വി: പിതാവു തന്റെ യാത്രയ്ക്കു മുമ്പായി കല്പിക്കുകയും, കോട്ടയം ഇടവകയ്ക്കു കൊടുങ്ങല്ലൂർ ഇടവകയെന്നും, കണ്ടനാടു ഇടവകക്കു കോക്കമങ്ങലം, ഇടവകയെന്നും, തുമ്പമൺ ഇടവകക്കു ചായൽ ഇടവകയെന്നും, അങ്കമാലി ഇടവകക്കു കോട്ടക്കാവ് ഇടവകയെന്നും, കൊച്ചി ബ്രിട്ടീഷ് ഇടവകക്കു പാലൂർ ഇടവകയെന്നും പേർ വിളിക്കയും, നിരണം ഇടവകയ്ക്കും കൊല്ലം ഇടവകക്കും പേര് മാറ്റം ആവശ്യമില്ലാത്തതുകൊണ്ടു ആ പേരുകൾ തന്നെ സ്ഥിരപ്പെടുത്തുകയും ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ അഞ്ചു ഭദ്രാസനങ്ങൾക്ക് നൽകിയ പേരുകൾ ഉചിതമായി തോന്നാം. കണ്ടനാട് – കോക്കമങ്ങലം അത്ര ഉചിതമായി തോന്നുന്നില്ല. എന്നാൽ കോട്ടയം– കൊടുങ്ങല്ലൂർ വളരെ വിചിത്രമായി തോന്നുന്നു.

ആലുവ സെമിനാരിയിൽനിന്നും 1911 കന്നി 29-ന് മാർ ഇഗ്നാത്തിയോസ് അബ്ദള്ള പാത്രിയർക്കീസ് ബാവ അയച്ച 139–ാം നമ്പർ കൽപ്പന

പാലൂർ മെത്രാസന ഇടവകയെന്നു പേർ കൊടുത്തിരിക്കുന്ന, ആർത്താറ്റു മുളന്തുരുത്തി മുതലായ പള്ളികൾ ഉൾപ്പെട്ടിരിക്കുന്ന, കൊച്ചി-ബ്രിട്ടീഷ് മെത്രാസന ഇടവകക്കാരായ.... എന്നാണ് ആരംഭിക്കുന്നത്. ഈ ഭദ്രാസനത്തിന്റെ ചുമതല കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ (ആലുവായിലെ വലിയ തിരുമേനി) ഏല്പ്പിച്ച വിവരം ഭദ്രാസനത്തിലെ പള്ളികളെ അറിയിക്കുന്ന കൽപ്പനയാണിത്.

അങ്കമാലി ഭദ്രാസനത്തിൽ വടക്കൻ പറവൂർ പള്ളിയ്ക്ക് അങ്കമാലി പള്ളിയോട് തുല്യമായ സ്ഥാനംതന്നെ നല്കിയിരുന്നതായി സൂചനയുണ്ട്. അങ്കമാലി മർത്തമറിയം പള്ളിയും, വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളിയും അവയ്ക്കു ചുറ്റുമുള്ള പള്ളികളും ആണ് ഈ ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതെന്ന് അമ്പാട്ടു തിരുമേനിക്ക് നല്കിയ സ്താത്തിക്കോനിൽ (1877 നീസാൻ 23) ഒരു ഭാഗത്തു പറയുന്നു. 1910 ജൂൺ ഒമ്പതിന് (ഇടവം 27) മേൽപ്പട്ടസ്ഥാനമേറ്റ കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയ്ക്ക് (ആലുവായിലെ വലിയ തിരുമേനി) മാർ ഇഗ്നാത്തിയോസ് അബ്ദള്ള പാത്രിയാർക്കീസ് ബാവ നൽകിയ സ്താത്തിക്കോൻ (1911 ഒക്ടോബർ 5/ ഈയലൂൽ 22) കൊട്ടക്കാവ് അതായത്, അങ്കമാലി മെത്രാസനത്തിലുള്ള... എന്നാണ് ആരംഭിക്കുന്നത്. ഈ ഭദ്രാസനത്തിലുൾപ്പെട്ട 35 പള്ളികളുടെ പട്ടികയും സ്താത്തിക്കോനിൽ തുടർന്നു പറയുന്നുണ്ട്. ഇതിൽ 1877-ലെ 22 പള്ളികളും ഉൾപ്പെടുന്നു.

മാമ്മലശേരി പള്ളിയിൽവച്ച് 1878 ജൂൺ 16 (1053 മിഥുനം 4) പെന്തിക്കോസ്തി ഞായറാഴ്ച പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ വായിക്കുകയും അദ്ദേഹത്തിന്റെ സുന്ത്രോണീസോ നടത്തുകയും ചെയ്തു. മറ്റ് എട്ട് പള്ളിക്കാരും ഇതിൽ സംബന്ധിച്ചിരുന്നു. 1912 സെപ്റ്റംബർ 15-ന് മലങ്കരയിലെ പ്രഥമ കാതോലിക്കായായത് ഇദ്ദേഹമാണ്. പ. പത്രോസ് മൂന്നാമൻ ബാവ വാഴിച്ച ആറുമേൽപ്പട്ടക്കാരിൽ മറ്റാർക്കും സുന്ത്രോണീസോ നടത്തിയതായി രേഖയില്ല. ഇവരിൽ ഏറ്റവും അവസാനം കാലം ചെയ്തതും (1913 മെയ് 2 - പാമ്പാക്കുട ചെറിയ പള്ളി) ഇദ്ദേഹം തന്നെ.

**ഓരോ ഭദ്രാസനത്തിലും ഉൾപ്പെട്ട പള്ളികൾ**

തുമ്പമൺ: തുമ്പമൺ മർത്തമറിയം, ഓമല്ലൂർ, കൈപ്പട്ടൂർ, ചന്ദനപ്പിള്ളി, മാക്കാംകുന്ന്, കുറത്തിയാട്, റാന്നി, വൈക്കം, അയിരൂർ, കോഴഞ്ചേരി, കാട്ടൂർ, മാരാമൺ, നെല്ലിക്കൽ, ഇലന്തൂർ, ഉമയാറ്റുകര, കിഴവള്ളൂർ, പരിയാരം, അറത്തി, മാന്തുക, പൂന്തല, മെഴുവേലി.

കോട്ടയം: കോട്ടയം മർത്തമറിയം, കോട്ടയം വലിയ, കോട്ടയം പുത്തൻ, കോട്ടയം ചാപ്പൽ, ചെങ്ങളം, പുതുപ്പള്ളി, വാകത്താനം, പുതുശേരി, വാകത്താനം പുത്തൻ, പള്ളം, പള്ളം പുത്തൻ, കുറിച്ചി, വെളിയനാട്, കല്ലുങ്കത്ര, കുമരകം, മണർകാട്, പാമ്പാടി, നാലുന്നാക്കൽ, തോട്ടയ്ക്കാട്, നീലംപേരൂർ.

അങ്കമാലി: അങ്കമാലി മർത്തമറിയം, വടക്കൻ പറവൂർ മാർതൊമ്മൻ, അകപ്പറമ്പ്, കുറുപ്പംപടി, കോതമംഗലം ചെറിയ, പള്ളിക്കര, കോതമംഗലം വലിയ, കുന്നക്കുരുടി, തുരുത്തിപ്പള്ളി, റക്കാട്ട്, മഞ്ഞപ്ര, പീച്ചാനിക്കാട്, കോട്ടപ്പടി, വെങ്ങോല, മഴവന്നൂർ, കാരക്കുന്നം, പോത്താനിക്കാട്, ചേലാട്, വേങ്ങൂർ, കടായി, അല്ലപ്ര, മാറാട്ടി.

നിരണം: നിരണം മർത്തമറിയം, ചെറുകോൽ, വീയപുരം, തലവടി, വേങ്ങ, എടത്വ, തിരുവല്ല, കട്ടപ്പുറത്ത്, തിരുവല്ല കാവിൽ, കല്ലൂപ്പാറ, മല്ലപ്പള്ളി, തുരുത്തിക്കാട്, കാർത്തികപ്പള്ളി, ചെന്നിത്തല, പരുമല, മണ്ണംതോട്ടുവഴി, തലവടികുഴി, മേപ്രാൽ, കാരയ്ക്കൽ, വെണ്ണിക്കുളം, കവിയൂർ, കരുവാറ്റ.

കൊച്ചി: കൊച്ചിക്കോട്ട മാർ പത്രോസ്, മട്ടാഞ്ചേരി എരിമീശെ, നടമേൽ, കരിങ്ങാശ്ര, മുളന്തുരുത്തി, മാന്തുരുത്ത്, വടയാപറമ്പെൽ, ആർത്താറ്റ്, കുന്നുംകുളങ്ങര, കുന്നംകുളങ്ങര പുത്തൻ, കുന്നംകുളങ്ങര തെക്കേ, ചെറളയത്ത്, പഴഞ്ഞി, കുന്നത്ത് പുത്തൻ, പോർക്കുളത്ത്, ചാലശേരി, ചാലശേരി പുത്തൻ, ചേലക്കര, തൊഴൂർ, ശ്രായി, ശ്രായി പുത്തൻ.

കണ്ടനാട്: കണ്ടനാട് മർത്തമറിയം, തെക്കൻ പറവൂർ, ചെമ്പിൽ, കുറുഞ്ഞി, പുറ്റുമാനൂർ, കണ്യാട്ടുനിരപ്പ്, നെച്ചൂർ, മാമലശേരി, പിറവം, ഓണക്കൂർ, കോലഞ്ചേരി, കോട്ടൂർ, പാമ്പാക്കുട, രാമമംഗലം, മുളക്കുളം, മണ്ണത്തൂർ, വടകര, കുഴിക്കാട്ടുകുന്ന്, പുതുവേലി, പാലക്കുഴ, കടമറ്റം.

കൊല്ലം: കൊല്ലം, മാവേലിക്കര, മാവേലിക്കര പുത്തൻ, ചേപ്പാട്, പള്ളിപ്പാട്, കാരിച്ചാൽ, ചെങ്ങന്നൂർ, കല്ലിശേരി, പുത്തൻകാവ്, വെൺമണി, കായംകുളം, കറ്റാനം, പത്തിശ്ര, കടമ്പനാട്, തഴവാ, പുത്തൂർ, ഏനാത്ത്, കല്ലട, തേവലക്കര, കൊട്ടാരക്കര, തെരുവിൽ, ഓടാനവട്ടത്തു, പെരുമങ്ങല്ലൂർ, വാളകം, തലൂർ, കുണ്ടറ, കുണ്ടറ പുത്തൻ, പൂയപ്പള്ളി, ചെങ്കുളം, ചാത്തന്നൂർ, തിരുവതാംകോട്.

കൊച്ചി ഭദ്രാസനത്തിലെ കൊച്ചിക്കോട്ട മാർ പത്രോസ്, ചാലശേരി, ചാലശേരി പുത്തൻ, തൊഴൂർ എന്നീ നാലു പള്ളികൾ ബ്രിട്ടീഷ് സംസ്ഥാനത്തിലേതും (മലബാറും ബ്രിട്ടീഷ് കൊച്ചിയും) ശേഷിച്ച 17 പള്ളികൾ കൊച്ചി സംസ്ഥാനത്തിലേതുമായിരുന്നു.

തുമ്പമൺ ഭദ്രാസനത്തിലെ റാന്നി, കോട്ടയം ഭദ്രാസനത്തിലെ കോട്ടയം വലിയ, പുതുശേരി, വെളിയനാട്, നീലംപേരൂർ, നിരണം ഭദ്രാസനത്തിലെ തുരുത്തിക്കാട്, കണ്ടനാട് ഭദ്രാസനത്തിലെ രാമമംഗലം, കൊല്ലം (പിന്നീട് തുമ്പമൺ) ഭദ്രാസനത്തിലെ കല്ലിശേരി എന്നീ എട്ടു പള്ളികൾ തെക്കുംഭാഗ (ക്നാനായ) പള്ളികൾ ആണ്. ഈ പള്ളികളും പിൽക്കാലത്ത് (1876 – 1910 കാലത്ത്) സ്ഥാപിക്കപ്പെട്ട ആറു പള്ളികളും ചേർത്താണ് 1910–ൽ ക്നാനായ ഭദ്രാസനം രൂപീകരിച്ചത്.


ഇപ്പോൾ മലബാർ സ്വതന്ത്ര സുറിയാനി (തൊഴിയൂർ) സഭയുടെ കൈവശത്തിലുള്ള തൊഴൂർ, ചാലശേരി, പോർക്കുളത്തു, കുന്നത്ത് പുത്തൻ എന്നീ പള്ളികൾ കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുത്തി കാണുന്നു. മലങ്കര-തൊഴിയൂർ സഭാ ഭിന്നിപ്പ് പാത്രിയർക്കീസ് ബാവ അംഗീകരിക്കാതിരുന്നതു കൊണ്ടാകാം ഇങ്ങനെ കാണുന്നത്.

നവീകരണകക്ഷി (മാർതോമ്മാ സഭ)യുടെ ആവിർഭാവത്തോടെ തെക്കൻ ഭദ്രാസനങ്ങളിലെ ചില പള്ളികൾ അവരുടെ കൈവശത്തിലായി. ഉദാ. മാരാമൺ, കോഴഞ്ചേരി, കുറത്തിയാട്, കവിയൂർ, ചെറുകോൽ.

മണ്ണംതോട്ടുവഴി (നിരണം ഭദ്രാസനം), പുറ്റുമാനൂർ (കണ്ടനാട് ഭദ്രാസനം)എന്നീ പള്ളികൾ ഇപ്പോൾ നിലവിലുണ്ടോ എന്നു സംശയിക്കുന്നു. മണ്ണംതോട്ടുവഴി നിരണത്തിന് വളരെ അടുത്തുള്ള ഒരു സ്ഥലമാണ്. പുറ്റുമാനൂർ പുത്തൻകുരിശ് ആണെന്നറിയുന്നു. ചില സ്ഥലപ്പേരുകൾക്ക് ചെറിയ മാറ്റം വന്നിട്ടുണ്ട്. ചെറായി (ശ്രായി), തൊഴിയൂർ (തൊഴൂർ). കോട്ടയം ചെറിയപള്ളിയാണ് കോട്ടയം മർത്തമറിയം പള്ളി. പരുമല എന്നു കാണുന്നത് പരുമല സെമിനാരിയാണ്. കോട്ടയം ചാപ്പൽ, കോട്ടയം കുരിശുപള്ളിയാണെന്നു കരുതുന്നു.


*തുടരും...*

## കാരുണ്യസ്പർശം



കല്ലുങ്കൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ ആരംഭിച്ച ജീവകാരുണ്യ പദ്ധതി 'കാരുണ്യസ്പർശം' തൃശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനി ഉത്ഘാടനം നിർവ്വഹിക്കുന്നു. വികാരി ഫാ. എം.കെ. ഇമ്മാനുവേൽ, ഫാ. തോമസ് തേക്കിൽ എന്നിവർ സമീപം.

## അനുമോദനങ്ങൾ



അഖിലമലങ്കര പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറിയായി പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിയോഗിച്ച കുരമ്പാല സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗവും പിരളശ്ശേരി സെന്റ് ജോർജ്ജ് കാതോലിക്കേറ്റ് സിംഹാസനപ്പള്ളി വികാരിയുമായ **ഫാ. ഗീവർഗീസ് ജോൺ**



പേരിശ്ശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ് ഇടവകാംഗവും ഇപ്പോൾ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥിനിയും, തുണ്ടിയിൽ കാർമ്മൽ ഭവനിൽ ശ്രീ. റ്റി.എം. വർഗ്ഗീസിന്റെ (സൺഡേസ്കൂൾ മുൻ ഭദ്രാസന ഡയറക്ടർ) കൊച്ചുമകളുമായ **കുമാരി ചിന്നു മെറിൻ മാത്യു** അഖില മലങ്കര സൺഡേസ്കൂൾ 12–ാം ക്ലാസ്സിൽ ബാഹ്യകേരളത്തിലും UAE Region ലും രണ്ടാം റാങ്ക് കരസ്ഥമാക്കി വിജയിച്ചിരിക്കുന്നു.



അഖില-മലങ്കര യുവജനപ്രസ്ഥാന കലാമത്സരത്തിൽ പേരിശ്ശേരി സെന്റ് മേരീസ് യുവജനപ്രസ്ഥാനത്തെ പ്രതിനിധീകരിച്ച **ജെമിൽ മാത്യു ജോസഫ് തമ്മണപ്പേരിൽ,** കീബോർഡിൽ ഒന്നാം സ്ഥാനം നേടി.

## സങ്കീർത്തന ഓഡിയോ CD പ്രകാശനം



പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ "എനിയോനോ" എന്ന പേരിൽ സങ്കീർത്തന ഓഡിയോ CD പുറത്തിറക്കി. ഇതിന്റെ പ്രകാശനം ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ്, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിലിനു നൽകി പ്രകാശനം നിർവ്വഹിച്ചു. ഫാ. ബിജു റ്റി മാത്യു, റിബു ജോൺ, കെവിൻ ജി. മാത്യു, ലിബിൻ എഴിക്കൽ, ബേസിൽ കെന്നഡി, ജോയി ഷാജി, ഈശോ കോശി, ജെമിൽ മാത്യു എന്നിവർ നേതൃത്വം നൽകി.

*നിർമ്മലമാം ഹൃദയത്തോടി-*
*ങ്ങർപ്പിക്കാ-മുപഹാരങ്ങൾ*
*നോമ്പേറ്റോ രേ! യത്നത്തോ-*
*ടർപ്പിപ്പീൻ ദൈവസ്തോത്രം.*
*സൽക്കർമ്മം വഴിയായ് നിങ്ങൾ*
*നൽസ്തുതിയാം ഫലമർപ്പിപ്പീൻ*
*ദൈവം നിങ്ങളിലാവാസം*
*ചെയ്‌വാൻ തേടിടുവീൻ ശുദ്ധി*
*(വലിയനോമ്പു നമസ്കാരം ചൊവ്വ മൂന്നാംമണി)*

# നോമ്പുകാരുടെ അദ്ധ്വാനങ്ങൾ

**ഫാ. സഖറിയാ പനയ്ക്കാംമറ്റം**

"നോമ്പുകാരേ ! നിങ്ങളുടെ അദ്ധ്വാനങ്ങളാൽ സ്തുതിയും നിങ്ങളുടെ നല്ല നടപടികളാൽ സ്തോത്രവുമാകുന്ന സൽഫലങ്ങൾ ദൈവത്തിന് അർപ്പിപ്പീൻ. താൻ നിങ്ങളിൽ വസിപ്പാനായി നിങ്ങളുടെ ശരീരങ്ങളെയും ആത്മാക്കളെയും ശുദ്ധീകരിപ്പീൻ."

യാതൊരു കാരണവും ഇല്ലാതെ മനുഷ്യനിലെയും മൃഗങ്ങളിലെയും ക്രൂരത വർദ്ധിച്ചുവരുന്ന കാലഘട്ടം. The grasshoppers of the forest think that they are the only inhabitants of the field, but there are lions, tigers, and elephants with cal..ness and beauty of the nature" എന്ന് Ed-m-o-nd Be-rg പറഞ്ഞ കാലഘട്ടം കഴിഞ്ഞുപോയി. മനുഷ്യനിലെ മനുഷ്യത്വം മരവിച്ചപ്പോൾ അനേക വർഷങ്ങളായി കൊണ്ടുനടന്ന് തീറ്റിപ്പോറ്റിയ തന്റെ യജമാനനെ വക വരുത്തുവാൻ ഒരു ആനയ്ക്ക് നിമിഷങ്ങൾ മതി! അതും ഇന്ന് ഒരു സാധാരണ സംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു.

**നോമ്പിന്റെ ദിനങ്ങൾ**

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന അഞ്ച് നോമ്പുകളിൽ ഏറ്റവും ചെറിയതും വലിയതുമായിട്ടുള്ള മൂന്നുനോമ്പും, അൻപത് നോമ്പും അനുതാപത്തിന്റെ നോമ്പുകളായി കണക്കാക്കപ്പെടുന്നു. വിശ്വാസ ദീപം എന്ന ഗ്രന്ഥത്തിൽ ബഹുമാനപ്പെട്ട വറുഗീസ് ജോസഫ് അച്ചൻ എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ നോമ്പു ദിവസങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. എത്യോപ്യയിൽ സ്കൂൾ കുട്ടികൾക്ക് വരെ നോമ്പുകാലത്ത് ഉച്ചയ്ക്ക് മൂന്നു മണിവരെ ഉപവാസം നിർബന്ധമാണ്. അറേബ്യൻ രാജ്യങ്ങളിൽ മുസ്ലീം നോമ്പു ദിവസങ്ങളിൽ പകൽ സമയത്ത് ഓഫീസുകളിൽ പോലും ഒരു ചായ കുടിക്കുവാൻ അനുവാദമില്ല. സ്വന്തം വാഹനത്തിൽ ഇരുന്ന് ഒരു ചോക്ലേറ്റ് പോലും മക്കൾക്ക് കൊടുക്കുന്നതിന് ഭയം കാരണം മുതിരുകയില്ല. സഭയ്ക്ക് എത്ര നോമ്പുണ്ടെന്നും എന്നു തുടങ്ങി എന്ന് അവസാനിക്കുമെന്ന് അറിയാത്ത ഒട്ടുമുക്കാലും സത്യവിശ്വാസികൾക്ക് മുസ്ലീം നോമ്പ് എന്നു തുടങ്ങി എന്ന് അവസാനിക്കുമെന്നതും കൃത്യമായി അറിയാമെന്നുള്ളതാണ്. നോമ്പു ദിവസങ്ങൾ പ്രത്യേക ഉപവാസത്തോടും പ്രാർത്ഥനകളോടും കൂടി ബന്ധപ്പെട്ടിരിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ ഹോട്ടലുകളിലും സന്ധ്യവരെ ഭക്ഷണം നൽകാറില്ല!

**മതങ്ങൾ പരാജയപ്പെടുന്നു**

ജീവിതം പണം ഉണ്ടാക്കുവാൻ വേണ്ടി മാത്രം എന്ന തത്വം സമൂഹത്തിലും മതത്തിലും അംഗീകരിക്കപ്പെട്ട തിന്മയായി തീർന്നിരിക്കുന്നു. ഏത് തെറ്റായ മാർഗ്ഗത്തിൽ കൂടിയാണെങ്കിൽ പോലും പണം ഉണ്ടാക്കുന്നവരെ ജനം അഭിനന്ദിക്കുന്നു, സ്ഥാനമാനങ്ങൾ നൽകി ആദരിക്കുന്നു. ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായി മറ്റുള്ള മനുഷ്യരെ സ്നേഹിക്കുവാൻ മതങ്ങൾ കടപ്പെട്ടിരിക്കുമ്പോൾ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള പാച്ചിൽ മതനേതാക്കളിലും പ്രകടമായിക്കൊണ്ടിരിക്കുന്നു. പരിചയ സമ്പന്നരായ മോഷ്ടാക്കൾക്ക് മാത്രം അറിയാവുന്ന കുത്സിത മാർഗ്ഗങ്ങളും കുതന്ത്രങ്ങളും ലാഭത്തിനും കാര്യസാദ്ധ്യത്തിനുമായി തെരഞ്ഞെടുത്ത് ചില മതനേതാക്കൾ സ്വയം നിന്ദിതരായിത്തീരുന്നു.

നല്ല മൂല്യങ്ങൾ ഉടലെടുക്കുന്നത് സ്വന്തം ഭവനമാകുന്ന ഉദരത്തിലാണ്. അന്യോന്യം കരുതുന്നതിനും, പരസ്പരം പങ്കിടുന്നതിനുമുള്ള പരിചയം ലഭിക്കുന്നതും അത് വളരുന്നതും സ്വന്തം കുടുംബത്തിൽ തന്നെയാണ്. അത്തരം കുടുംബങ്ങളിൽ നിന്നും അല്ലാത്തവർ മതനേതാക്കന്മാരായാൽ

നഷ്ടപ്പെടുന്നത് അവർ ഉൾപ്പെട്ട സമൂഹത്തിന്റെ – സഭയുടെ ആന്തരീയ ജീവനാണ്. മതങ്ങൾ പരാജയപ്പെടുന്നത് ധാർമ്മികതയുടെ പതനം കൂടുതലാകുമ്പോഴാണ്. അഴിമതി നടമാടുന്നത് രാഷ്ട്രീയക്കാരുടെയിടയിൽ മാത്രമല്ല. അവരിൽ ധാർമ്മിക ബോധവും സത്യസന്ധതയും നീതിയും ഉള്ള പലരും ഉണ്ട്. എന്നാൽ ക്രൈസ്തവസഭകളിലും സഭയുടെ വകയായി നടത്തപ്പെടുന്ന സ്ഥാപനങ്ങളിലും ധാർമ്മികതയുടെ നിലവാരം വളരെ താഴ്ന്നുകൊണ്ടിരിക്കുന്നു.

**പ്രാർത്ഥന ക്രിസ്തീയ ജീവിതത്തിന്റെ അവകാശം**

സ്വന്തം ആവശ്യത്തിനുവേണ്ടി സ്വയം ദൈവസന്നിധിയിൽ യാചിക്കുന്നത് മാത്രമാണ് പ്രാർത്ഥനയെന്ന് തെറ്റിദ്ധരിക്കുമ്പോൾ ആവശ്യപ്പെടുന്നതെല്ലാം ദൈവം നൽകണമെന്ന ചിന്തയാണ്. ഉദ്ദേശിക്കുന്നത് ലഭ്യമാകാതെ വരുമ്പോൾ പ്രാർത്ഥന ആവശ്യമില്ലായെന്ന് നാം വിധിക്കുന്നു. എന്നാൽ ക്രിസ്തീയ ജീവിതത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത് പ്രാർത്ഥിക്കുവാനുള്ള ശക്തിയും അതിനുള്ള സാധ്യതയുമാണ്. ആത്മായ പ്രാർത്ഥനയുടെ അനന്തര ഫലം സമസൃഷ്ടികളോടുള്ള സഹാനുഭൂതിയാണ്. സ്വജാതിയിലോ, വിജാതിയിലോ ആരുമായിക്കൊള്ളട്ടെ ജീവിത യാത്രയിൽ വഴിയരികിൽ കാണുന്നവർ ആവശ്യക്കാരനെങ്കിൽ അവനാണ് നമ്മുടെ അയൽക്കാരൻ എന്ന് വിശുദ്ധ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. നോമ്പിന്റെ ദിനങ്ങൾ പ്രാർത്ഥനയോടും ദാനധർമ്മ ങ്ങളോടും ബന്ധപ്പെട്ടുതന്നെ പൂർണ്ണമാക്കപ്പെടുന്നു.

**മാഞ്ഞുപോകുന്ന സൽപേരുകൾ**

“പൊന്നിനെക്കാളും വെള്ളിയെക്കാളും കൂടുതലായി നല്ല പേരിനെ സമ്പാദിക്കുന്നവനു ഭാഗ്യം ലോകം നീങ്ങിപ്പോകുന്നുവെങ്കിലും നല്ലപേരോ നീങ്ങിപ്പോകുന്നില്ല. താല്പര്യത്തോടെ അതിനെ സമ്പാദിക്കുന്നവനു ഭാഗ്യം”. എന്ന് വലിയ നോമ്പിന്റെ പ്രാർത്ഥനയിൽ ഒരു ഭാഗത്ത് ചൊല്ലുന്നുണ്ട്. ഉത്തമരായ നോമ്പുകാരുടെ ജീവിതം സഭയിലെ മറ്റുള്ളവർക്ക് എപ്പോഴും പ്രചോദന പ്രദമായിത്തീരുന്നു. മഹത്തായ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവർ മിക്കവാറും ഇന്ദ്രിയങ്ങൾക്ക് അതീതമായ ചൈതന്യമുള്ള മുനിശ്രേഷ്ഠന്മാരാണ്. അവതാര പുരുഷന്മാർ നൽകിയിട്ടുള്ള മഹത്തായ സന്ദേശങ്ങളാണ് ലോകത്തിന്റെ വിജയത്തിന് ആധാരമായി പരിണമിച്ചിട്ടുള്ളത്. സേവനംകൊണ്ടും ത്യാഗംകൊണ്ടും ദൈവത്തെ അടുത്തറിയുവാൻ ശ്രമിക്കേണ്ടതായ കാലഘട്ടമത്രേ നോമ്പിന്റെ ദിനങ്ങൾ. മനുഷ്യന് ഒന്നിലും ആത്മസംതൃപ്തിയില്ലാതെ പലതിന്റെയും പിന്നാലെ പായുമ്പോൾ ശരീരവും മനസ്സും ഒരുപോലെ തളർന്നുപോകുകയാണ്. ഈശ്വര സാക്ഷാത്കാരം നേടിയവർ ഭൗതിക നേട്ടങ്ങൾ ആഗ്രഹിക്കുന്നില്ലായെന്ന് ഭാരതസംസ്ക്കാരം പഠിപ്പിക്കുന്നു. ദൈവിക സംസർഗ്ഗത്തിലുള്ള ഏകാഗ്രത ജ്ഞാനം വർദ്ധപ്പിക്കുന്നതോടൊപ്പം മേന്മയേറിയ കർമ്മങ്ങൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. നന്മ നിറവേറ്റുവാനുള്ള ലക്ഷ്യബോധത്തോടെ മുന്നേറാൻ മനസ്സിനെ ഉയർത്തുന്നതാണ് ജീവിതത്തിന്റെ ധന്യത. ഗിരിപ്രഭാഷണം ഊന്നൽ നൽകുന്നതും ഇപ്രകാരമുള്ള ഒരു ജീവിത ശൈലിയാണ്.

**നോമ്പ് – വിശുദ്ധിയുടെ ദിനങ്ങൾ**

“ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു”. മാറ്റമില്ലാത്തതും കപടതയില്ലാത്തതും വഞ്ചനയില്ലാത്തതുമായ സത്യമാണ് ദൈവം. സത്യത്തെ മുറുകെ പിടിക്കുന്നവർ ഉറച്ചുനിൽക്കുന്നത് ദൈവത്തിലാണ്. സത്യത്തിന്റെയും സ്നേഹത്തിന്റെയും ശക്തികൊണ്ടുമാത്രമെ അനീതിയെയും അസത്യത്തെയും തോല്പിക്കുന്നതിന് സാധിക്കുകയുള്ളു. ഇന്ന് പലയിടത്തും നടക്കുന്ന ഹർത്താലുകളും സത്യാഗ്രഹവും യാതൊരു ധാർമ്മികശക്തിയും ഇല്ലാത്തതാണ്. കാരണം സൗമ്യതയും, വിനയവും ദൈവവിശ്വസവും സത്യഗ്രഹത്തിന്റെ പ്രധാന ഘടകങ്ങളാണ്. “സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കുകയും ചെയ്യും” എന്നത് ഗിരിപ്രഭാഷണത്തിലെ ഒരു അടിസ്ഥാന തത്വമാണ്.

അപരനിൽ നിന്നും നാം അകലെയാകുമ്പോൾ നിത്യജീവന്റെ അവകാശത്തിൽ നിന്നും അകലെയാവുകയാണ്. ഒരു വ്യക്തി സ്വയം അറിഞ്ഞ്, അതൊടൊപ്പം സമസൃഷ്ടങ്ങളിലേക്ക് തിരിയുമ്പോൾ ദൈവനിയോഗം തികയ്ക്കുന്ന അനുഭവത്തിൽ എത്തിച്ചേരുവാനിടയാകും. ആയതിന് സഭയുടെ ആചാരാനുഷ്ഠാനങ്ങളായ നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവയിലൂടെ നമുക്ക് സാദ്ധ്യമായിത്തീരട്ടെ.

**ബഥേൽപത്രിക വരിസംഖ്യ പുതുക്കുവാനും പുതിയ വരിക്കാരാകുവാനും ചെങ്ങന്നൂർ കൺവൻഷൻ നഗറിൽ പ്രത്യേക കൗണ്ടർ ക്രമീകരിച്ചിരിക്കുന്നു.**



# മനുഷ്യബുദ്ധിക്കു നിരക്കാത്ത ദൈവപദ്ധതികൾ

**ഫാ. പി.വി. ജോൺ**

'നിന്റെ കൂടെയുള്ള ജനം അധികമാകുന്നു, എന്റെ കൈ എന്നെ രക്ഷിച്ചുവെന്ന് യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന് ഞാൻ മിദ്യാന്യരെ ഇവരുടെ കൈയിൽ ഏല്പിക്കയില്ല.' ന്യായാ. 7:2

ന്യായാധിപന്മാരുടെ കാലം യിസ്രായേലിന്റെ ചരിത്രത്തിൽ വളരെ പ്രത്യേകതകളുള്ള ഒരു കാലഘട്ടമാണ്. ഗൗരവതരമായ പല ആത്മീയ സത്യങ്ങളും അവിടെ നിന്നും നമുക്ക് മനസ്സിലാക്കുവാനുണ്ട്. മോശെയുടെയും യോശുവയുടെയും നേതൃത്വം യിസ്രായേലിനെ ഒരു കെട്ടുറപ്പുള്ള ഒരു ജനതയാക്കി മാറ്റി. മോശെ മിസ്രയീമിലെ അടിമത്വത്തിൽ നിന്ന് ദൈവജനത്തെ വിടുവിച്ചു. നാല്പതു സംവത്സരത്തെ പ്രയാണത്തിലൂടെ നേടിയ പക്വതയും ദൈവവിശ്വാസവും യിസ്രായേലിനെ കെട്ടുറപ്പുള്ള ഒരു ജനതയാക്കി മാറ്റി. യോശുവ ചുറ്റുപാടുമുള്ള രാജ്യങ്ങളെ പരാജയപ്പെടുത്തി സുഭിക്ഷതയുള്ള ഒരു കൂട്ടമായി യിസ്രായേലിനെ ഉയർത്തി. എന്നാൽ യോശുവയുടെ കാലം അവസാനിക്കുമ്പോൾ പിടിച്ചെടുത്ത ദേശങ്ങളെല്ലാം യിസ്രായേലിന്റെ ഗോത്രങ്ങൾക്കായി വിഭജിച്ചു കൊടുത്തു. ഈ ഗോത്രവിഭജനവും ശരിയായ ഒരു നേതൃത്വത്തിന്റെ അഭാവവും യിസ്രായേൽ ജനതയെ ഒരു പരിധിവരെ അരാജകത്വത്തിലേക്ക് വഴി നടത്തി. ഗോത്രങ്ങൾ തമ്മിൽ ഭിന്നതയും കലഹവുമൊന്നും ശക്തമായിരുന്നില്ലെങ്കിലും അതിനു മുൻപുണ്ടായിരുന്നതു പോലെ ഒരു ഏകത്വഭാവമോ യോജിപ്പോ പ്രകടമായിരുന്നില്ല. ഓരോരുത്തരും സ്വാർത്ഥമതികളായി തങ്ങളുടെ ഇഷ്ടംപോലെ ജീവിക്കുവാൻ തുടങ്ങി. തന്മൂലം നിയമരാഹിത്യവും അരാജകത്വവും അവരുടെ മുഖമുദ്രയായി മാറി. യോശുവയ്ക്കു ശേഷം ഇസ്രായേലിൽ രാജത്വം വന്നുചേരുന്നതുവരെ ഏതാണ്ട് 450 സംവത്സരം ചരിത്രം ഈ വസ്തുത വെളിവാക്കുന്നു.യോശുവായുടെ കാലം വിജയത്തിന്റേതായിരുന്നുവെങ്കിൽ, ന്യായാധിപന്മാരുടെ കാലം പരാജയത്തിന്റേതായിരുന്നുവെന്ന് വേണമെങ്കിൽ പറയാം. യോശുവയുടെ കാലത്ത് ഏഴു ജാതികളെ ജയിച്ചപ്പോൾ ന്യായാധിപന്മാരുടെ കാലത്ത് ഏഴു പുറജാതി രാജാക്കന്മാരുടെ കീഴിൽ അവർ അടിമകളായിത്തീർന്നു. സ്വസ്ഥതയും സമാധാനവും ഐശ്വര്യവും കരഗതമായപ്പോൾ യിസ്രായേൽ ജനം വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞ് ദൈവത്തിന് വിരോധമായി പാപം ചെയ്തു. തന്മൂലം ദൈവം അവരെ പുറജാതികളായ മെസപ്പൊത്തോമ്യർ, മിദ്യാന്യർ, മോവാബ്യർ, ഫെലിസ്ത്യർ, കനാന്യർ, അമ്മേന്യർ, വീണ്ടും ഫിലിസ്ത്യർ എന്നിവരുടെ കൈകളിൽ ഏല്പിച്ചു. ഇങ്ങനെ അടിമകളായി ദുരിതം അനുഭവിച്ചപ്പോഴൊക്കെ യിസ്രായേൽ മക്കൾ യഹോവയോട് നിലവിളിച്ചു. നിലവിളി കേൾക്കുന്ന ദൈവം കാലാകാലങ്ങളിൽ അവരുടെ ഇടയിൽ നിന്നുതന്നെ ന്യായാധിപന്മാരെ എഴുന്നേല്പിച്ച് അവരെ വിടുവിക്കുകയും ചെയ്തു. ഒത്നിയേൽ, ഏഹൂദ്, ശംഗർ, ഈരാക്, ഗിദയോൻ, അബ്ദോൻ, തോലാ, കായീർ, യിപ്താഹ്, ഇബ്സാൻ, ഏലോൻ, അബ്ദോൻ ശിംശോൻ എന്നിങ്ങനെ 12 ന്യായാധിപന്മാർ ഏതാണ്ട് 111 സംവത്സരം യിസ്രായേലിൽ നേതൃത്വം നൽകി.

കാലഘട്ടത്തിന്റെ ആവശ്യാനുസരണം ന്യായാധിപന്മാരെ യഹോവ നിയോഗിച്ച് അടിമത്വത്തിൽ നിന്ന് വിടുവിച്ചു കഴിയുമ്പോൾ കാലതാമസമെന്യേ അവർ വീണ്ടും വിഗ്രഹാരാധനയിലേക്കും വ്യാജ പൂജാഗിരികളിലേക്കും തിരിയുകയും കുടുംബത്തിൽ വഷളത്വവും ദുർമ്മാർഗ്ഗവും വർദ്ധിക്കുകയും ദ്വന്ദ്വയുദ്ധവും കക്ഷിപിടുത്തവും നടമാടുകയും ചെയ്യുന്നു. വിഗ്രഹാരാധകനായ ആദ്യ യിസ്രായേല്യപുരോഹിതൻ മോശെയുടെ മകനായ ഗെർഗോന്റെ മകൻ യോനാഥാനായിരുന്നുവെന്നതാണ് ഒരു വലിയ പ്രത്യേകത. 40 വർഷത്തെ ക്ലേശപൂർണ്ണമായ മരുഭൂയാത്രയ്ക്കുശേഷം വാഗ്ദത്തദേശം അവകാശമാക്കിയ യിസ്രായേൽ ജനം

ദൈവത്തിൽ നിന്ന് എന്നെന്നേക്കുമായി അകന്നു പോകാതിരിപ്പാനും ദൈവത്തിന്റെ കരുതലിനെക്കുറിച്ചുള്ള ബോധം നഷ്ടപ്പെടാതെ തന്റെ ജനമായി എന്നാളും നിലനിൽക്കുവാനുമിടയായിട്ടായിരിക്കാം ഈ ദുരനുഭവങ്ങൾ ഇടയ്ക്കിടയ്ക്ക് യിസ്രായേൽ ജനത്തിന് ദൈവം നൽകിക്കൊണ്ടിരുന്നത് എന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. അതാകട്ടെ മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു ദൈവിക പദ്ധതി തന്നെയാണ്.

ന്യായാധിപനായ ബാരാക്കിനുശേഷം 40 സംവത്സരം യിസ്രായേലിന് സ്വസ്ഥതയുണ്ടായിയെങ്കിലും അവർ പിന്നെയും യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തു (ന്യായാ. 6:1–6). ഏഴുവർഷം ദൈവം അവരെ മിദ്യാന്യരുടെ കൈയ്യിൽ ഏല്പിച്ചു. യിസ്രായേല്യർ, മിദ്യാന്യർ നിമിത്തം പർവ്വതങ്ങളിലെ ഗഹ്വരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കി. യിസ്രായേൽക്കാർ വിതച്ചിരിയ്ക്കുമ്പോൾ മിദ്യാന്യരും അമാല്യേകരും കിഴക്ക് ദേശക്കാരും അവർക്ക് വിരോധമായി പാളയമിറങ്ങി നാട്ടിലെ വിളകൾ നശിപ്പിക്കും. ആഹാരമോ, ആടോ, മാടോ, കഴുതയോ ഒന്നും ശേഷിപ്പിക്കയില്ല. ഇങ്ങനെ യിസ്രായേൽക്കാർ ക്ഷയോന്മുഖരായി ഭവിച്ചപ്പോൾ അവർ യഹോവയോട് നിലവിളിച്ചു. തന്റെ മക്കളുടെ നിലവിളിയിൽ മനസ്സലിയുന്ന യഹോവ അന്നു നിയോഗിച്ച വ്യക്തിയാണ് ഗിദയോൻ. അദ്ദേഹം ആറാമത്തെ ന്യായാധിപനാണ്. മനശ്ശെയിലെ അബിയേസ്യർ കുടുംബത്തിൽ യോവാശായിരുന്നു ഗിദയോന്റെ പിതാവ്. യോവാശാകട്ടെ അന്ന് കുടുംബത്തിൽ വിഗ്രഹാരാധന നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

മദ്ധ്യവയസ്കനായ ഗിദയോൻ മിദ്യാന്യരെ ഭയന്നിട്ട് മുന്തിരിച്ചക്കിനു സമീപം വച്ച് ഗോതമ്പു മെതിച്ചുകൊണ്ടിരിക്കുകയായിരുന്നു. യഹോവയുടെ ദൂതൻ സംബോധന ചെയ്തത് 'പരാക്രമശാലിയോ' എന്നാണ്. ഗിദയോന് ധൈര്യം പകരുകയായിരുന്നു ദൂതന്റെ ഉദ്ദേശം. 'ദൈവം നിന്നോടുകൂടെയുണ്ട്' എന്നുകൂടെ ചേർത്തു കഴിഞ്ഞപ്പോൾ ഗിദയോന്റെ ഭയം മുഴുവൻ മാറേണ്ടതാണ്. എന്നാൽ ഗിദയോന് ദൂതന്റെ വാക്കുകൾ മുഴുവൻ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവൻ ദൂതനോട് തന്റെ സംശയങ്ങൾ ചോദ്യരൂപേണ അറിയിക്കുന്നു. അവൻ ദൂതനോട് 'യജമാനനേ, യഹോവ നമ്മോടുകൂടെയുണ്ടെങ്കിൽ നമുക്ക് ഇതൊക്കെ സംഭവിക്കുന്നതെന്ത്? യഹോവ നമ്മെ മിസ്രയീമിൽ നിന്നുകൊണ്ടു വന്നു എന്നു നമ്മുടെ പിതാക്കന്മാർ നമ്മോട് അറിയിച്ചിട്ടുണ്ട്. അവന്റെ അത്ഭുതങ്ങൾ ഒക്കെയും എവിടെ? ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ച് മിദ്യാന്യരുടെ കൈയ്യിൽ ഏല്പിച്ചിരിക്കുന്നുവല്ലോ' എന്നു പറഞ്ഞു (ന്യായാ. 7:13, 14).

ഗിദയോന്റെ ഈ പ്രതികരണം അനേകം വിശ്വാസികളുടെ സ്വഭാവത്തെ പ്രകടമാക്കുന്നു. വർത്തമാനകാല സംഭവങ്ങളെ ശ്രദ്ധിക്കുമ്പോൾ ദൈവം കൂടെയുണ്ട് എന്ന് വിശ്വസിക്കുവാൻ കഴിയാതെ പോകുന്നു. ദൈവം കൂടെയുണ്ടെങ്കിൽ പ്രശ്നങ്ങളും പ്രതിസന്ധികളും പ്രതികൂലതകളും രോഗങ്ങളും ദുഃഖങ്ങളും ഒന്നും ഉണ്ടാകയില്ലെന്നാണ് ഗിദയോനെപ്പോലെ നാമും കരുതുന്നത്. കഴിഞ്ഞ കാലങ്ങളിൽ തങ്ങളെയും പിതാക്കന്മാരെയും അത്ഭുതകരമായി നടത്തിയ ദൈവത്തിന്റെ കാരുണ്യാതിരേകത്തെകുറിച്ച് നമ്മേപ്പോലെ ഗിദയോനും ബോധ്യമുണ്ട്. എങ്കിലും ഉത്തരം കിട്ടാത്ത രണ്ടു ചോദ്യങ്ങൾ പിന്നെയും അവശേഷിക്കുന്നു. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ ഈ പ്രശ്നങ്ങൾ എങ്ങനെയുണ്ടായിയെന്നതാണ് ഒന്നാമത്തെ ചോദ്യം. ഗിദയോനെപ്പോലെ നാമും പലപ്പോഴും ഉത്തരം ഊഹിച്ചെടുക്കും: ദൈവം നമ്മെ ഉപേക്ഷിച്ചിരിക്കുന്നു. ഗിദയോൻ പറയുന്നത് ശ്രദ്ധിക്കുക "ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ച് മിദ്യാന്യരുടെ കൈയ്യിൽ ഏല്പിച്ചിരിക്കുന്നുവല്ലോ" നാം ദൈവത്തിൽ നിന്ന് അകന്നുപോയതിനാൽ നമുക്കുണ്ടായിരുന്ന മിഥ്യാധാരണയാണിത് എന്ന് നാം അറിയാതെ പോകുന്നു. പണ്ടത്തെപ്പോലെ എന്തുകൊണ്ട് ഇപ്പോൾ യഹോവ അത്ഭുതം പ്രവർത്തിക്കുന്നില്ലയെന്നതാണ് അടുത്ത ചോദ്യം. അത്ഭുതങ്ങളിൽ മാത്രം ദൈവസാന്നിദ്ധ്യം ദർശിക്കുന്ന ഗിദയോന്യ മനോഭാവമുള്ള ക്രിസ്ത്യാനികളുടെ സംഖ്യ ഇന്ന് വിരളമല്ല. രോഗങ്ങളും ദുഃഖങ്ങളും പ്രശ്നങ്ങളും പ്രതിസന്ധികളും കഷ്ടതകളും ജീവിതത്തിൽ പ്രതീക്ഷിക്കാതെ വന്നു ഭവിക്കുമ്പോൾ അതിൽ നിന്ന് മോചനം തേടി അത്ഭുതങ്ങളുടെ പിന്നാലെ ഓടുന്നവർ അനേകരാണ്.

ഗിദയോൻ പ്രതിസന്ധികളിൽ ഭയന്നു പോകുകയും തളർന്നുപോകുകയും ചെയ്യുന്നു. പ്രതികൂലതകളെ നേരിടുവാനും അതിജീവിക്കുവാനും കഴിയണമെങ്കിൽ ദൈവത്തിങ്കലേക്ക് നോക്കുവാൻ കഴിയണം. സങ്കീർത്തക്കാരന്റെ വാക്കുകൾ നമുക്ക് സുപരിചിതമാണ്. സങ്കീ. 121:1,2 'ഞാൻ എന്റെ കണ്ണ് പർവ്വതത്തിങ്കലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നുവരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നുവരുന്നു' അവങ്കലേക്ക് നോക്കി ബലം ധരിക്കുന്നവർക്കു മാത്രം കരഗതമാകുന്ന ഭാഗ്യാ

തിരേകമാണ് കാലു കല്ലിൽ തട്ടാതിരിക്കുവാൻ ഭുജങ്ങളിൽ വഹിക്കുന്ന അനുഭവം ന്യായ. 6:14 ഈ സത്യം വെളിവാക്കുന്നു. “അപ്പോൾ യഹോവ അവനെ നോക്കി; നിന്റെ ഈ ബലത്തോടെ പോക, നീ യിസ്രായേലിനെ മിദ്യാന്യരുടെ കൈയ്യിൽ നിന്നു രക്ഷിക്കും, ഞാനല്ലയോ നിന്നെ അയയ്ക്കുന്നത്” ഇവിടെ എടുത്തു പറഞ്ഞിരിക്കുന്ന ഒരു കാര്യം വളരെ ശ്രദ്ധയോടെ കാണേണ്ടതാണ്. ‘യഹോവ അവനെ നോക്കി’ ദൈവത്തിന്റെ ദൃഷ്ടി എല്ലാവരുടെ മേലും എല്ലായ്പ്പോഴും പതിക്കുന്നു. സങ്കീർത്തനക്കാരൻ പറയുന്നു സങ്കീ. 121:3,4 “നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല” എന്നാൽ എല്ലാവരും അത് തിരിച്ചറിയുന്നുമില്ല. ഈ അറിവ് നമ്മുടെ ഗതി മാറ്റും. നമുക്ക് ശക്തി പകരും. പ്രശ്നങ്ങളെ നേരിടുവാനുള്ള ആത്മബലം നേടും ഗിദയോനോടുള്ള യഹോവയുടെ അരുളപ്പാട് ഈ സത്യം വിളിച്ചോതുന്നു. പുതിയ ബലം ധരിക്കുവാനല്ല യഹോവ ഗിദയോനോടു പറഞ്ഞത്. ‘നിന്റെ ബലത്തോടു കൂടെ പോകുക’ നിന്റെ ബലം മതി മിദ്യാന്യരെ പരാജയപ്പെടുത്തുവാൻ. കാരണം യഹോവ പറയുന്നു: ‘ഞാൻ നിന്നോടു കൂടെയുണ്ട്’ സങ്കീർത്തനവാക്യം കേൾക്കുക: സങ്കീ. 16:8 ‘ഞാൻ യഹോവയെ എപ്പോഴും എന്റെ മുൻപിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല.’ ദൈവം കൂടെയുണ്ടെങ്കിൽ അത്ഭുതങ്ങൾ തേടേണ്ട; അമിത ബലം അന്വേഷിക്കേണ്ട ലഭിച്ചിരിക്കുന്ന കഴിവുകൾ ഉപയോഗിക്കുക. അത് ഫലപ്രദമാകുമ്പോൾ ദൈവം മതിയായവനാണ്. പ്രശ്നങ്ങളുടെ നടുവിൽ നാമും പലപ്പോഴും ദൈവം നൽകിയിരിക്കുന്ന കഴിവുകളെയും അവസരങ്ങളെയും ഫലപ്രദമായി ഉപയോഗിക്കാതെ, അലസതയോടെ, ഇതുകൊണ്ടൊന്നും കാര്യമില്ലായെന്നു ചിന്തിച്ച് കരയുകയും മുറവിളിക്കുകയും പരാതിപ്പെടുകയും അല്ലേ ചെയ്യുന്നത്.

*തുടരും..*

## അനുമോദനങ്ങൾ



സണ്ടേസ്കൂൾ മത്സര പരീക്ഷയിൽ അഖിലമലങ്കരാടിസ്ഥാനത്തിൽ ഒൻപതാം ക്ലാസ്സിൽ രണ്ടാം റാങ്കും, ഭദ്രാസനതല കലാമത്സരത്തിൽ സീനിയർ വിഭാഗത്തിൽ പ്രസംഗത്തിന് ഒന്നാം സ്ഥാനവും നേടിയ വെണ്മണി സെന്റ് മേരീസ് സണ്ടേസ്കൂൾ വിദ്യാർത്ഥിയും, വിരിപ്പുകണ്ടത്തിൽ റെജി വി.ജി. യുടെയും മേരി റെജിയുടെയും മകൻ **അരുൺ റെജി ചാക്കോ.**

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

# രാത്രി ശുശ്രൂഷയുടെ സമയ ക്രമീകരണം

പഴയ കാലത്ത് ക്രിസ്തുമസ്, പെസഹ, ഉയിർപ്പ് എന്നീ ദിവസങ്ങളിലെ ആരാധനകൾ വെളുപ്പിന് രണ്ടു മണിക്ക് ശേഷമായിരുന്നു നടത്തിയിരുന്നത്. കൂട്ടുകുടുംബ ജീവിതസാഹചര്യത്തിൽ അതിൽ പങ്കെടുക്കുന്നതിന് ആളുകൾക്ക് പ്രയാസമില്ലായിരുന്നു. അന്ന് നല്ല ശതമാനം ആളുകളും കർഷകരായിരുന്നതിനാൽ പ്രഭാത ശുശ്രൂഷകൾക്കായിരുന്നു കൂടുതൽ സൗകര്യവും. ഇന്ന് സ്ഥിതിമാറി. അണുകുടുംബവ്യവസ്ഥമൂലവും യുവാക്കൾക്ക് ഉദ്യോഗാർത്ഥം നാടിനു പുറത്തും ആയതിനാൽ വീട്ടിൽ ശേഷിക്കുന്നവർ പ്രായമായ മാതാപിതാക്കളും കൊച്ചുമക്കളും മാത്രം. ഗതാഗത അസൗകര്യവും അനാരോഗ്യവും ഭവനസുരക്ഷിതത്വവും മറ്റു പ്രായോഗിക ബുദ്ധിമുട്ടുകളും കാരണം അനേകർക്ക് രാത്രി വെളുപ്പിന് പള്ളിയിൽ എത്താൻ സാധിക്കാതെ വരുന്നതിനാൽ പുണ്യദിനങ്ങളിലെ ആരാധനയിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാൻ കഴിയാതെ വരുന്നു.

ആരാധന അതിൽ സംബന്ധിക്കുന്നവരുടെ അനുഗ്രഹത്തിനായിട്ടാണല്ലോ. പ്രായോഗികമായി അതിനെ കാണാൻ സഭാ നേതൃത്വത്തിന് സാധിക്കണം. ഇടവകയിലെ ഒട്ടുമുഴുവൻ ആരാധകരെ സംബന്ധിപ്പിക്കുവാനുള്ള ക്രമീകരണം സഭാ തലങ്ങളിൽ ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും. കാലത്തിനൊത്തു ചലിക്കുവാനുള്ള ദർശനം ഈ കാര്യത്തിൽ കേരളത്തിലും ഉണ്ടാകണം.

കേരളത്തിനു പുറത്തും ഇന്ത്യക്കു പുറത്തും മറ്റ് വിദേശത്തും നമ്മുടെ സഭാമക്കൾ രാത്രി ആരാധന ശുശ്രൂഷകൾ എല്ലാം സന്ധ്യാനമസ്കാരത്തോടു ചേർന്നാണല്ലോ നടത്തുന്നത്. അതിന് സഭയുടെ അനുമതി ഉണ്ടെന്നാണ് അറിയുന്നത്. നമ്മുടെ സഭയിലെ ഒട്ടുമുക്കാലും മെത്രാച്ചന്മാരാണല്ലോ അതിനെല്ലാം മുഖ്യകാർമ്മികത്വം വഹിക്കുന്നത്. ആയതിനാൽ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന സാമൂഹ്യ ഗാർഹിക സാഹചര്യത്തിൽ സന്ധ്യാ നമസ്കാരത്തോടു കൂടി തന്നെ രാത്രി, പ്രഭാതനമസ്കാരങ്ങളും വി. കുർബ്ബാനയും അതാതു ദിവസത്തിലെ പ്രാധാന്യതയുള്ള പ്രത്യേക ശുശ്രൂഷകളും നിർവഹിക്കുന്നത് ആരാധകർക്ക് സംബന്ധിപ്പാൻ അനുഗ്രഹപ്രദമായിരിക്കും എന്നത് 85 വയസ്സുകാരനായ എളിയ സഭാ സ്നേഹി അഭിപ്രായപ്പെടുന്നു.

**റ്റി. എം. ജേക്കബ്, വെണ്മണി**

# യാക്കോബിന്റെ ലേഖനം

ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ

ദരിദ്രരോട് ആദിമ സഭയിൽ മുഖപക്ഷം കാണിക്കുന്ന രീതി നിലവിൽ ഉണ്ടായിരുന്നതായി 2:1-3 വരെയുള്ള ഭാഗങ്ങൾ വായിച്ചാൽ മനസ്സിലാകും. ധനവാനും ദരിദ്രനും ദൈവസന്നിധിയിൽ തുല്യരാണെന്ന് നാം മനസ്സിലാക്കണം. (വി. ലൂക്കോ 14:7-14) മുഖപക്ഷം കാണിക്കുന്നത് യഥാർത്ഥ വിശ്വാസത്തിന് എതിരാണ്. ഒരു മനുഷ്യന്റെ കീർത്തിയും മൂല്യവും ദൈവസന്നിധിയിൽ നിന്നാണ് വരുന്നത്. ആയതിനാൽ ഭൗതിക സമ്പത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മറ്റേതെങ്കിലും സ്വാധീനത്തിന്റെയോ മാന ദണ്ഡം അനുസരിച്ച് ഒരുവനെ വിമർശിക്കുവാൻ ശ്രമിക്കുന്നത് ക്രിസ്തീയമല്ല എന്ന് യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നു.

ദൈവം ഒരുവനോടും പക്ഷപാതം കാണിക്കുന്നില്ല ദൈവരാജ്യത്തിനുവേണ്ടി ഈ ലോകത്തെ ഉപേക്ഷിക്കുവാനും അനുതപിക്കുവാനും ദരിദ്രർക്ക് വേഗം സാധിക്കും. ഭൗതിക സമ്പത്തിന്റെ ക്ഷണികത ദരിദ്രർ ശരിയായി മനസ്സിലാക്കിയവർ ആണ്. എന്നാൽ ധനികർ ഭൗതികസുഖങ്ങളെ കൂടുതൽ ആഗ്രഹിക്കുകയും അതു നേടി യെടുക്കുവാൻ മറ്റുള്ളവരെ പീഡിപ്പിക്കുകയും ചെയ്യുന്നു. (വി. ലൂക്കോ 6: 21-25; 1 കൊരി 1:26-28) വിശുദ്ധ മാമോദീസായിൽ കൂടി സ്വീകരിച്ചിരിക്കുന്ന നാമത്തെ ഇപ്രകാരം ധനികരുടെ പ്രവൃത്തി മുഖാന്തിരം ദുഷിക്കപ്പെടുന്നു.

മോശമുഖാന്തിരം ദൈവം യിസ്രായേലിനു നൽകിയ ന്യായപ്രമാണം ദൈവഹിതം അനുസരിച്ച് ജീവിക്കുന്നതിനുള്ള അടിസ്ഥാന മാണ്. എന്നാൽ ദൈവത്തോട് വിശ്വസ്തത പുലർത്താതെ കല്പനയുടെ ആക്ഷരികമായ അനുസരണത്തിനു ശ്രമിക്കുന്നത് അപകടമാണ്. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ കല്പനയായ “കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക” എന്നുള്ളത് രാജകീയ ന്യായപ്രമാണമാണ് (Royal Law) സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണമാണ് (വേല law of liberty). വിശ്വാസികൾ ദൈവത്തിൽ നിന്നും ധാരാളം കരുണ അനുഭവിക്കുന്നവരാകയാൽ മറ്റുള്ളവരോട് കരുണകാണിക്കുവാൻ മനുഷ്യർ കടപ്പെട്ടവരാണ്. അപ്രകാരം ചെയ്യാത്തവർക്ക് കരുണയില്ലാത്ത ന്യായവിധി ലഭിക്കും. The true standard of judgement is perfect faith manifested in perfect works. (വി. മത്തായി 5:7; 7:12)

വിശ്വാസം എന്നത് മനസ്സുകൊണ്ട് വിശ്വസിക്കുന്നതും നാവ്കൊണ്ട് ഏറ്റുപറയുന്നതുമല്ല. ജീവനുള്ള ദൈവത്തിൽ ഒരു മനുഷ്യന്റെ പൂർണ്ണമായ സമർപ്പണമാണ്. Our faith and relationship with God are dynamic and living. ദൈവത്തിലുള്ള വിശ്വാസം വളർന്നുകൊണ്ടേ ഇരിക്കണം. ഇല്ലെങ്കിൽ നിർജീവമാകും. പിശാചുക്കളും ദൈവത്തെ ഭയപ്പെടുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിലുള്ള ഈ വിശ്വാസം പ്രവൃത്തിയിൽ കൂടി ചെയ്യുമ്പോഴാണ് ദൈവീക സ്നേഹത്തിൽ വളരുവാൻ സാധിക്കുന്നത്.

Faith of Abraham is living and active. അബ്രഹാമിന് 75 വയസ്സായപ്പോൾ, സകലതും ഉപേക്ഷിച്ച് ദൈവത്തെ അനുഗമിക്കുവാൻ വിളിയുണ്ടാകുന്നു. (ഉല്പത്തി 12:1-3) 85 വയസ്സായപ്പോഴാണ് അബ്രഹാമിന് സന്തതിയെ ലഭിക്കുമെന്നുള്ള വാഗ്ദത്തം ലഭിക്കുന്നത്. (ഉല്പത്തി 15:6). 25 വർഷത്തെ കാത്തിരിപ്പിനു ശേഷം ലഭിച്ച യിസ്ഹാക്കിനെ ബലികഴിക്കുവാനാണ് പിന്നീട് ലഭിക്കുന്ന നിർദ്ദേശം. “വിശ്വാസത്തിലുള്ള നീതീകരണം” മനസ്സിലാക്കുവാൻ അല്പം പ്രയാസമാണ്. അബ്രഹാമിന്റെ വിശ്വാസം നൈമിഷികമോ, നിശ്ചലമോ അല്ലായിരുന്നു. Abraham's faith is living and active. രാഹാബിന്റെ വിശ്വാസവും, യിസ്രായേലിന്റെ ദൂതന്മാരെ സംരക്ഷിച്ചതിലൂടെ - പ്രവൃത്തിയിലൂടെ - വെളിവാക്കുന്നു. (യോശുവാ 2:1-21) ആയതിനാൽ പ്രവൃത്തിയില്ലാത്ത വിശ്വാസം ആത്മാവില്ലാത്ത ശരീരത്തിനു തുല്യമാണ്. ഇന്നത്തെ ആത്മീക ലോകത്തിൽ പ്രസംഗം ഉണ്ട്; പ്രവൃത്തിയില്ല. അതിന്റെ തിക്തഫലങ്ങളാണ് നാം അനുഭവിക്കുന്നത്. 3-ാം അദ്ധ്യായത്തിൽ, “ഞാൻ ആരാകുന്നുവെന്ന് എന്റെ വാക്കുകൾ വെളിപ്പെടുത്തുന്നു” What we say reveals what we are. രണ്ടു കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു.

1. Who is a perfect man? സൽഗുണ പൂർത്തിയായ മനുഷ്യൻ ആരാണ്? വാക്കിൽ തെറ്റാതിരിക്കുന്നവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ടു സൂക്ഷിക്കുവാൻ ശക്തനായ മനുഷ്യനാണ് സൽഗുണ പൂർത്തിയായ

മനുഷ്യർ.

ഉപദേശം എന്നത് ആത്മാവിന്റെ ഒരു വരദാനമാണ് (റോമ 12:6, 7) ഉപദേഷ്ടാക്കളുടെ വാക്കുകൾ മറ്റുള്ളവരുടെ മേൽ വളരെയധികം സ്വാധീനം ചെലുത്തുന്നതാകയാൽ വളരെയധികം ഉത്തരവാദിത്വ ബോധമുള്ളവരായിരിക്കണം. നാവിനെ നിയന്ത്രിക്കുകയും സൂക്ഷിച്ച് ഉപയോഗിക്കുകയും ചെയ്തില്ലായെങ്കിൽ വളരെയധികം നാശം ചെയ്യും. കുതിരയെ കടിഞ്ഞാൺ (bits) ഇട്ടും കപ്പലിനെ ചുക്കാൻ (ruddar) ഉപയോഗിച്ചും നിയന്ത്രിക്കാം. മൃഗം, പക്ഷി, ഇഴജന്തു, ജലജന്തു ഇവയെല്ലാം മനുഷ്യനു മെരുക്കുവാൻ കഴിയുന്നവയാണെങ്കിലും, മെരുക്കുവാൻ പ്രയാസമുള്ള ഒന്നാണ് മനുഷ്യന്റെ നാവ്. അണയാത്ത അഗ്നിയാണ് നരകം. നാവ് കൊളുത്തുന്ന അഗ്നിയും അണയാതെ നാശം വിതച്ചുകൊണ്ടിരിക്കും. ആയതിനാൽ നാവിനെ നിയന്ത്രിക്കുവാൻ മനുഷ്യനു കഴിഞ്ഞെങ്കിൽ മാത്രമേ സൽഗുണപൂർത്തിയുള്ള മനുഷ്യനായി രൂപാന്തരം പ്രാപിക്കുവാൻ കഴിയുള്ളൂ. ഒരു നാവുകൊണ്ട് ദൈവത്തെ സ്തുതിക്കുകയും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പട്ട മനുഷ്യനെ ശപിക്കുകയും ചെയ്യുന്നത് ക്രൈസ്തവ സാക്ഷ്യത്തിന് യോജിച്ചതല്ല.

2. Who is wise and understanding man ? ആരാണ് ജ്ഞാനിയും വിവേകിയുമായ മനുഷ്യൻ? നല്ലന ടപ്പിൽ സൗമ്യതയോട് വിജ്ഞാനം പ്രവൃത്തിയിൽ കാണിക്കുന്നവനാണ് ജ്ഞാനിയും വിവേകിയുമായ മനുഷ്യൻ.

ഉയരത്തിൽ നിന്നുള്ള ജ്ഞാനം ദൈവത്തിൽ നിന്നും വരുന്നു. നിർമ്മലവും, സമാധാന പൂർണ്ണവും ശാന്തതയും അനുസരണമുള്ളതും കരുണനിറഞ്ഞതും കപടതയും പക്ഷപാതവും ഇല്ലാത്തതും സൽഫലങ്ങൾ നിറഞ്ഞതുമാണ്. എന്നാൽ ഭൗമീകവും, പ്രകൃതവും പൈശാചികവുമായ ജ്ഞാനം, സകല ദുഷ്പ്രവൃത്തികളും നിറഞ്ഞതും കലക്കമുണ്ടാക്കുന്നതും, സത്യത്തിനെതിരായി സ്വയം പ്രശംസിക്കുകയും ഭോഷ്കു പറയുകയും ചെയ്യുന്നതും കൈപ്പുള്ള ഈർഷ്യനിറഞ്ഞതും ശാഠ്യമുള്ളതും ആണ്. സമാധാനം ഉണ്ടാക്കുന്ന വർക്കു മാത്രമേ നീതി എന്ന ഫലം കൊയ്യുവാൻ സാധിക്കുകയുള്ളൂ.

*(തുടരും)*

---




# മിനി സെറ്റ് ചേനകൃഷി

**പി.ഐ. ഐസക്ക്, കുറ്റൂർ**

കുംഭത്തിൽ ചേന നട്ടാൽ കുടംപോലെയെന്നാണ് പറച്ചിൽ. എന്നാൽ മിനിസെറ്റ് കൃഷിയിൽ നൂറു ഗ്രാം മുതൽ 200 ഗ്രാം വരെ വിത്ത് ആവശ്യമായി വരുന്നുള്ള. സാധാരണയായി ചേന നടുന്നതിന് 750 ഗ്രാം മുതൽ 1 കിലോ വരെ ആവശ്യമായി വരും. എന്നാൽ മിനിസെറ്റ് പ്രകാരം കൃഷി ചെയ്യുമ്പോൾ നൂറുഗ്രാം വിത്തിൽ നിന്നും ഒരു കിലോ മുതൽ രണ്ട് കിലോ വരെ വിളവ് ലഭിക്കും. വിത്ത് നടുന്നതിന്റെ അകലം കുറക്കാനാവുന്നതിനാൽ കുറഞ്ഞ സ്ഥലത്ത് കൂടുതൽ കൃഷി ചെയ്യാൻ സാധിക്കും. ഇങ്ങനെയുള് ചെറു ചേനകൾക്ക് വിപണിയിൽ നല്ല പ്രിയമാണ്.

വിത്തു ചേന കഷണങ്ങൾ ചാണകകുഴമ്പിൽ മുക്കി തണലത്ത് വച്ച് ഉണക്കിയെടുത്താൽ കീടശല്യം കുറക്കാം. വിത്തു ചേനയിൽ മീലിമൂട്ടയുടെ ഉപദ്രവം കണ്ടാൽ നടാൻ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. ചേന വിത്തിന്റെ നടുവിലെ നാരായം (പഴയ മുകുളം) ചെത്തികളഞ്ഞ് അതിന്റെ ചുറ്റിലുമുള്ള മുകളങ്ങൾ നിലനിർത്തണം. സാധാരണയായി കുഴികളിലാണ് ചേന നടുന്നത്. കുഴികളെടുത്ത് ഓരോ കുഴിയിലും മേൽമണ്ണിനൊപ്പം കാലിവളമോ, കമ്പോസ്റ്റോ ചേർത്ത് യോജിപ്പിച്ച് കുഴി മുക്കാൽ ഭാഗത്തോളം മൂടി വിത്ത് കഷണങ്ങൾ നടാം. വിത്തു കഷണത്തിന്റെ മുകളിലുള്ള മണ്ണും തടത്തിനു പുറത്തുള്ള മണ്ണും ഒരേ ലെവലിൽ ആയിരിപണം. കരിയിലയോ പച്ചിലയോ ഉപയോഗിച്ച് കുഴി മുഴുവനായി മൂടണം. അടുക്കളയിൽ നിന്നും സംഭരിക്കുന്ന ജൈവമാലിന്യങ്ങളും ഇതിനായി ഉപയോഗിക്കാം.

സാധാരണ ഗതിയിൽ ചേന വിത്ത് ആദ്യ മഴയോടുകൂടി മുളച്ചു വരും. ഒരു ചുവട്ടിൽ നിന്നും ഒന്നിലധികം കിളിർപ്പ് വരികയാണെങ്കിൽ പുഷ്ടിയുള്ള ഒരെണ്ണം നിർത്തി ആരോഗ്യം കുറഞ്ഞ മറ്റ് തണ്ടുകൾ ഇളം പ്രായത്തിൽ മുറിച്ചു മാറ്റണം.

തനിവിളയായി കൃഷി ചെയ്യുമ്പോൾ ഇടവിളയായി ചീര കൃഷി ചെയ്യാം. ചേന നട്ട് ഒന്നരമാസം പ്രായമാകുമ്പോൾ പത്ത് ഗ്രാം യൂറിയ, ഇരുപതു ഗ്രാം മസൂറിഫോസ്, പത്ത് ഗ്രാം പൊട്ടാഷ് എന്നീ വളങ്ങൾ ചേർക്കണം. ജൈവകൃഷി ചെയ്യുന്നവർ രാസവളം ഒഴിവാക്കി ജൈവവളങ്ങൾ ചെയ്യണം.

ഇല കരിച്ചിൽ രോഗം ചേനയിൽ സാധാരണയായി കാണാറുണ്ട്. ഇതിനെതിരായി ബോർഡോ മിശ്രിതം തളിച്ചാൽ മതി. ചേന നട്ട് 8 മാസം കഴിഞ്ഞാൽ വിളവെടുക്കാം. മേയ്-ജൂൺ മാസങ്ങളിൽ ചേനയ്ക്ക് വിപണിയിൽ നല്ല പ്രിയമായതുകൊണ്ട് സൗകര്യമുള്ളവർ അതനുസരിച്ച് കൃഷിയിറക്കണം.




# ὁ λόγος

# ഞായർ ദിന ധ്യാനം

**ഫാ. പി. കെ. കോശി**

**കൊഹനെ ഞായർ (2014 ഫെബ്രുവരി 16) : വി. മത്താ. 24:43-51**

"ലോകം വിട്ടോരാചാര്യന്മാർ നിന്നോടൊപ്പം സാഘോഷം നീ വാണീടുമ്പോൾ മോദിക്കേണം" പരിശുദ്ധ വലിയ നോമ്പാകുന്ന പോരാട്ടത്തിലേക്ക് പ്രവേശിക്കും മുൻപ് ആദ്ധ്യാത്മികമായി ജനിപ്പിച്ച പൗരോഹിത്യ സ്ഥാനീയരെയും ഭൗതികമായി ജന്മം നൽകിയ പിതൃക്കളെയും സ്മരിച്ച് അവരുടെ ജീവിതത്തിൽ നിന്നും ലഭിച്ച ആത്മീയ ബലത്തോടെ സഭാജീവിതം നയിച്ചു മുന്നേറുവാൻ വഴിവെളിച്ചമായി തീർന്ന പൗരോഹിത്യസ്ഥാനീയരുടെ ചില പ്രത്യേകതകൾ.

**1. കാലത്തിന്റെ കാലൊച്ച കേട്ടുണർന്നവർ**

കാലത്തിനു മുൻപേ സഞ്ചരിച്ച് കാലത്തിന്റെ കാലൊച്ച കേട്ടുണർന്നു പ്രവർത്തിച്ച് മൺമറഞ്ഞ ആത്മീയ പിതാക്കന്മാർ കാര്യങ്ങൾ യഥായോഗ്യം മനസ്സിലാക്കിയവരായിരുന്നു. പൗരോഹിത്യ വസ്ത്രത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും പഠിപ്പിയ്ക്കുമ്പോൾ "ഊറീമും തുമ്മീമും" "വെളിപാടും സത്യവും" ന്യായവിധി പതക്കത്തിൽ ധരിക്കുന്നതിനെക്കുറിച്ച് (പുറപ്പാട് 28:30) പറയുന്നു. ദൈവഹിതം മനസ്സിലാക്കാനുപയോഗിച്ച രണ്ട് കല്ലുകളാണ് ഊറീമും തുമ്മീമും അവ പ്രത്യേക രീതിയിൽ വീണാൽ ദൈവഹിതം അനുകൂലമോ പ്രതികൂലമോ എന്നു മനസ്സിലാക്കാനും വിധിയ്ക്കാനും അധികാരം പുരോഹിതന്. കാലത്തിന്റെ ഗതിക്കനുസരണമായി ദൈവീക വെളിപാടുകളും സത്യവും ദൈവജനത്തെ അറിയിയ്ക്കേണ്ട ചുമതല പുരോഹിതന്, അതുകൊണ്ട് കാലത്തിനു മുൻപേ സഞ്ചരിക്കുന്നവരായിരുന്നു പുരോഹിതന്മാർ. ആത്മീയത ഏറ്റവും മാർക്കറ്റിംഗ് സാധ്യതയുള്ള വസ്തുവായി പരിണമിക്കുകയും യേശുക്രിസ്തു ബ്രാൻഡ് ചെയ്യപ്പെടുകയും ചെയ്യുന്ന ഇന്ന് ദൈവകേന്ദ്രീകൃതമായ ആരാധന അസ്ഥാനത്തായിരിക്കുന്നു. കർത്താവിന്റെയോ വിശുദ്ധരുടെയോ ചിത്രങ്ങൾ ഉപയോഗിക്കരുതെന്ന് ശഠിക്കുന്ന ദൈവദാസന്മാർ ഒറ്റയ്ക്കും കൂട്ടമായും വ്യത്യസ്ത അംഗവിക്ഷേപങ്ങളോടുകൂടി കട്ടൗട്ടുകളിലൂടെയും പോസ്റ്ററുകളിലൂടെയും വഴിയോരകാഴ്ചകളാകുമ്പോൾ നമുക്ക് സഹതപിയ്ക്കാം. കോട്ടും ടൈയും ഉണർവ്വിന്റെ അടയാളമായി വെളിപ്പെടുമ്പോൾ സമ്പന്നതയുടെ ഈ പുതിയ അപ്പോസ്തോലന്മാരെ തട്ടിന്മേൽ കയറ്റി തുള്ളിയ്ക്കുന്ന മൾട്ടീനാഷണൽകോർപറേറ്റുകളെ കുറിച്ചും നാം അറിയാതെപോകുന്നു. വ്യക്തികേന്ദ്രീകൃതവും സാമൂഹിക അഖണ്ഡതയ്ക്കും വിഘാതമാകുന്ന പണത്തിന്റെ ആത്മികത തിരിച്ചറിഞ്ഞ് കാലത്തിനു മുൻപേ സഞ്ചരിച്ചു നമ്മുടെ ആത്മീയ പിതാക്കന്മാർ.

**2. കവർച്ചയാകാതെ കാത്തുസൂക്ഷിച്ച കാര്യവിചാരകർ**

കള്ളൻ ഇന്ന യാമത്തിൽ വരുമെന്നറിയാത്തതിനാൽ കവർച്ചയാകാതെ കാത്തുസൂക്ഷിച്ച കാര്യവിചാരകന്മാരായിരുന്നു പുരോഹിതന്മാർ (മത്താ. 24:43). ഉത്തമ കാര്യവിചാരകന് ജാഗ്രതയും വിശ്വസ്തതയും വിജ്ഞാനവുമുണ്ടാകണം. പുരോഹിതൻ ദൈവദൂതൻ ആകയാൽ അവന്റെ അധരത്തിൽ പരിജ്ഞാനമുണ്ട് (മാലാ. 2:7). അധരത്തിൽ ജ്ഞാനമുണ്ടാകണം യഥാർത്ഥ കാര്യവിചാരകന്. ഇന്ന് കവർച്ച അധികമായിരിക്കുന്നു. പഠനത്തോടൊപ്പം പ്രാർത്ഥനയും തുടരുമ്പോൾ വിജ്ഞാനം ലഭിക്കും. പ്രയത്നഫലം കവരുന്ന സമൂഹം വർദ്ധിച്ചിരിക്കുന്നു. ഉള്ളതിൽ നിന്നും ഉണ്ടാക്കിയതിൽ നിന്നും എടുത്തുകൊണ്ടു പോകുന്ന അനുഭവം. സഭയിൽ കൂടി സമ്പാദിച്ചതിനെ കവരുന്ന അജമോഷ്ടാക്കൾ. സഭാചരിത്രം പഠിക്കുമ്പോൾ വിവിധ വേഷധാരികളായ മോഷ്ടാക്കൾ സഭയെ ചൂഷണം ചെയ്തു. മൺമറഞ്ഞ

പിതാക്കന്മാർ കവർച്ചയാക്കാതെ കാത്തു സൂക്ഷിച്ച പലതും ഇന്ന് നഷ്ടമാകുന്നു. നിദ്ര കൺപോളകളെ തഴുകുന്നതും അഗാധനിദ്രയിലാകുന്നതും രാത്രിയിൽ. കള്ളൻ വരുന്നതും വീടു തുരക്കുന്നതും രാത്രിയിൽ (യോഹ. 10:10). ഇരുളിന്റെ ഭീതമായ മറവിൽ കവർച്ച നടക്കും. കോഴി കുഞ്ഞുങ്ങളെ ചേർക്കും പ്രകാരം കവർച്ചയുടെ അനുഭവങ്ങളിൽ നിന്നും സംരക്ഷിച്ച ശ്രേഷ്ഠകാര്യവിചാരകരായിരുന്നു പുരോഹിതർ. പിൻമാറ്റക്കാരനായ ഒരു സന്യാസിക്കെഴുതിയ കത്തിൽ വി. ബസ്സേലിയോസ് പറയുന്നു "Out of labour comes health, out of sweat salvation അദ്ധ്വാനത്തിൽ നിന്നാരോഗ്യം വരുന്നു. വിയർപ്പിൽ നിന്ന് രക്ഷയും."

**3. കണ്ണും കാതും ജാഗ്രതയാക്കിയ കാവൽക്കാർ**

കണ്ണും കാതും ജാഗ്രതയാക്കി മടികൂടാതെ കർത്തവ്യം നിർവ്വഹിച്ച കാവൽക്കാരായിരുന്നു പൂർവ്വപിതാക്കന്മാർ. വിശ്വസ്തയ്ക്കും ബുദ്ധിക്കും സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു. കുരുട്ടു ബുദ്ധികൊണ്ട് മുന്നേറുന്ന കാലം. പാറാവുകാരന്റെ കടമ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയാണ്. ഭവനത്തിനും ഭവനക്കാർക്കും സംരക്ഷണവും സുരക്ഷിതത്വവും നൽകാൻ കൽപ്പിച്ചാക്കിയ ദാസൻ (24:45). അലസത ലേശം ബാധിച്ചാൽ അശുഭവഴിക്കു വശംവദനാകും സ്വന്തം ആത്മാവിനെ നിഹനിക്കും. കാവൽക്കാരനും കവർച്ചക്കാരനും കണ്ണും കാതും ജാഗ്രതയുള്ളവരാണ്. അൽപം അശ്രദ്ധ അപകടം ഉണ്ടാക്കും. നിതാന്ത ജാഗ്രത പൗരോഹിത്യ ശുശ്രൂഷയിൽ വേണം. കൊഹനൈത്തായുടെ 7-ാം ശുശ്രൂഷയിൽ "നൈർമ്മല്യം താഴ്മ ശുചിത്വം മികവേറീടും" എന്ന കോലോയിൽ പറയുന്ന 7 ഗുണങ്ങളും ആർജ്ജിച്ച് നിലനിർത്തിയ പൂർവ്വ സൂരികളായിരുന്നു അവർ.

**4. കലർപ്പു കൂടാതെ ജനത്തിന് ആഹാരം നൽകിയവർ**

തക്ക സമയത്ത് ആഹാരം നൽകാൻ നിയമിച്ചാക്കിയവർ നൽകിയത് കലർപ്പില്ലാത്തതും കളങ്കമില്ലാത്തതുമായ ആഹാരം. Food poison അധികമായിരിക്കുന്ന കാലഘട്ടത്തിൽ ആത്മീക ആഹാരത്തിലും ഒരുപാടു വിഷം കലർത്തുന്നു. നവ ആദ്ധ്യാത്മിക സമൂഹങ്ങൾ കലർത്തുന്ന വിഷങ്ങൾ കണ്ടിട്ടും കാണാത്ത അവസ്ഥ ഇന്ന് സഭയിൽ സംജാതമായിരിക്കുന്നു. കൂദാശകളിലൂടെ കലർപ്പില്ലാത്ത ആഹാരം വിഭജിച്ചു കൊടുക്കുന്നു. വിഭജിക്കാനും വിതരണം ചെയ്യാനും അവകാശം പുരോഹിതർക്കു നൽകിയിരിക്കുന്നു. യേശു ശിഷ്യന്മാരോടു പറയുന്നു നിങ്ങളവർക്കു ഭക്ഷണം നൽകുക. ശിഷ്യന്മാർക്കില്ലാതിരുന്ന ഭക്ഷണം യേശു നൽകിയിട്ട് വിതരണം ചെയ്യിക്കുന്നു. ലഭിച്ചത് അനസ്യൂതം നൽകാനാണ്. വിശപ്പിന്റെ വിളി വരുംമുമ്പേ ഭക്ഷണം നൽകണം. തിരുവചനവും കൂദാശകളും ആത്മീയാഹാരമാണ്. അപ്പത്തിന്റെ വിശപ്പല്ല വചനത്തിന്റെ വിശപ്പ് എന്ന് പ്രവാചകൻ പറയുന്നു. "തന്നെജമാനൻ തൻ ദിവ്യ രഹസ്യങ്ങളെയേവം താൻ കൈക്കൊണ്ടു വലംകയ്യാലെ......." പങ്കിട്ടു നല്കുവാനും വിളമ്പുവാനും കടമയും കർത്തവ്യവും. നാസിയാൻസിലെ വി. ഗ്രീഗോറിയോസ് പറയുന്നു "നാം തന്നെ യാഗവസ്തുവാകുമ്പോൾ പൗരോഹിത്യത്തിൽ പങ്കാളിയാകുന്നു." കലർപ്പും മാലിന്യവുമില്ലാത്ത ആഹാരം ഓരോ വിശ്വാസിക്കും കാലാകാലങ്ങളിൽ ആവശ്യാനുസരണം നൽകിയവർ പുരോഹിതന്മാർ.

**5. കടന്നുപോയ കലവറ സൂക്ഷിപ്പുകാർ**

ആത്മീയ കലവറയുടെ സൂക്ഷിപ്പുകാരായി സൂക്ഷ്മതയോടെ കാത്തുസൂക്ഷിച്ച് കടന്നുപോയവർ പിൻതലമുറയ്ക്കായി ഭരമേല്പിച്ചു. തനിക്കുള്ള സകലത്തിനും മേലാവാക്കി വയ്ക്കും (മത്താ. 24:47). എല്ലാവരെയും കലവറ ഏല്പിക്കാൻ കഴിയില്ല. കലവറയിലുള്ളത് സ്വയം ഉപയോഗിക്കാനല്ല വിരുന്നുകാർക്ക് തൃപ്തികരമായി നൽകാനാണ്. ജീവിത യാത്രയിൽ നഷ്ട ശിഷ്ടങ്ങളിൽ നിന്നും വീഴ്ച താഴ്ചകളിൽ നിന്നും മോചനം നൽകി കൈപിടിച്ച് സമർത്ഥമായ ജീവൻ നൽകി വഴിയാഹാരം ദാനം ചെയ്തവർ. Acts. 20:27 പറയുംപോലെ ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചു വെയ്ക്കാതെ നൽകിയ കലവറക്കാർ. പുരോഹിതന്മാരുടെ ശവസംസ്കാരശുശ്രൂഷയിൽ 7-ാം ക്രമത്തിൽ "രാജത്വവുമാചാര്യത്വവുമോർത്താൽ എന്ന കോലോയിൽ ഭൂമിയിലും സ്വർഗ്ഗത്തിലും ആത്മീയാധികാരം നൽകപ്പെട്ടവർ. ഭൂമിയിൽ കലവറ കാത്തവർ സ്വർഗ്ഗത്തിലും കലവറ തയ്യാറാക്കാനും അധികാരം ലഭിച്ചവരും നടത്തിയവരെ ഓർക്കുകയും വിശ്വാസം അനുകരിക്കുകയും (എബ്രാ. 13:7) നമ്മുടെ കടമ.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ കൊഹനൈ ഞായറാഴ്ചയുടെ ഒരു സന്ദേശത്തിൽ "ആചാര്യ സ്ഥാനം ഒരുവനു ലഭിച്ചാൽ അവന്റെ കുറവുകൊണ്ട് ആ സ്ഥാനത്തിന് യാതൊരു കുറവും സംഭവിക്കുന്നില്ലെന്ന് അറിഞ്ഞുകൊൾവീൻ. നമ്മുടെ പിതാക്കന്മാരായ അഹറോന്യ ആചാര്യന്മാരെയും ശ്ലൈഹിക ആചാര്യന്മാരെയും ഒന്നായി നാം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം."

**ആനീദെ ഞായർ (2014 ഫെബ്രുവരി 23) : വി. ലൂക്കോ. 12:32-48**

മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് (Body, Soul & Spirit) എന്നീ മൂന്നു ഘടകങ്ങളുടെ സംയോജനം. ഇതിനെ ത്രിഭാഗിത്വം (Trichotomy) എന്നു പറയും. പുരുഷന്മാരുടെ ശവസംസ്കാര ശുശ്രൂഷ ഒന്നാം ക്രമത്തിൽ "ഗാത്രത്തോടാത്മാവോതുന്നുസ്സമാധാനം പ്രിയ സഹജാ മരുവുക നീ.... എന്ന കോലോയിൽ ആത്മശരീര വേർപെടൽ വീണ്ടും സംയോജിക്കുന്നതിനെക്കുറിച്ച്. വാങ്ങിപ്പോയവർക്ക് ഇടവക പൊതുയോഗാംഗത്വമോ, ഭരണസമിതി അംഗത്വമോ അല്ല മറിച്ച് കർതൃസഭയുടെ അദൃശ്യാംഗങ്ങളായി സ്ഥിതിചെയ്യുന്നു. ഭൂമിയിൽ ജീവനുള്ളവരേക്കാൾ അതിവലിയ സമൂഹമായി സ്ഥിതി ചെയ്യുന്നു. ശ്മശാനത്തിന് സുറിയാനി പാരമ്പര്യപ്രകാരം "ശുദ്ധിമാന്മാരുടെ സ്ഥലം" എന്ന പ്രയോഗം ഉണ്ടായിരുന്നു. നവീകരണം ആരംഭിച്ച 16-ാം നൂറ്റാണ്ടുവരെയും പാശ്ചാത്യപൗരസ്ത്യ സഭകൾ എല്ലാംതന്നെ വാങ്ങിപ്പോയവരെ സ്മരിച്ചിരുന്നു. "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?" ഇയ്യോബ് 14:14 ചില ഉത്തരങ്ങൾ കുറിയ്ക്കുന്നു.

**1. മരണാനന്തരം സജീവാവസ്ഥ**

മരണം വേർപാട്, ഉറക്കം, നിദ്ര, വാങ്ങിപ്പോകൽ എന്ന് പറയും. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്കുള്ള മാറിപ്പോകൽ. മരണം ഉണ്മ ഇല്ലാതാക്കുകയല്ല ഭൗതിക ബന്ധങ്ങളിൽ നിന്നുള്ള വേർപെടൽ മാത്രം. താബോർ മലയിലെ ക്രിസ്തുവിന്റെ മറുരൂപപ്പെടലിൽ (ലൂക്കോ. 9:28-36). സഹസ്രാബ്ദങ്ങൾക്കു മുൻപ് ദൈവത്താൽ അടക്കപ്പെട്ട മോശയും ദൈവസന്നിധിയിലേക്കെടുക്കപ്പെട്ട ഏലിയാവും സജീവാവസ്ഥയിൽ യേശുവിന് യറുശലേമിൽ സംഭവിപ്പാനിരിക്കുന്ന നിര്യാണത്തെക്കുറിച്ച് സംസാരിക്കുന്നു. ഇരുവരും സജീവമായ ശരീരത്തോടെ നിൽക്കുന്നു. സജീവാവസ്ഥയിലായതിനാലാണ് 3 കുടിൽ പാർക്കാൻ ഉണ്ടാക്കാം എന്ന് ശിഷ്യർ പറയുന്നത്. യോഹ. 11:11 ലാസർ നിദ്രകൊള്ളുന്നു, ഞാൻ അവനെ ഉണർത്താൻ പോകുന്നു എന്നു പറയുമ്പോഴും മരിച്ച ലാസർ. നിദ്ര നിർജ്ജീവാവസ്ഥയല്ല, ഉറങ്ങുമ്പോൾ ജീവൻ നഷ്ടമാകുന്നില്ല. ജീവകോശങ്ങൾ വളരുന്നു. ശരീരവും മനസ്സും സ്വസ്ഥവും ശാന്തവുമായിരിക്കുന്ന അവസ്ഥ. യേശു മരണാനന്തരം ഉയിർത്തത് ആണിപ്പഴുതുള്ള ശരീരത്തോടുകൂടി. ആണിപ്പാടുകൾ കാണിക്കുകയും തോമാശ്ലീഹാ അതിൽ സ്പർശിക്കുകയും ചെയ്യുന്നു. ഗോതമ്പുമണി വിതയ്ക്കപ്പെടുമ്പോൾ ആയിരുന്ന അവസ്ഥയ്ക്കു മാറ്റം സംഭവിക്കുന്നു. ക്രിസ്തുവിൽ ജീവിപ്പിക്കപ്പെടുന്ന അവസ്ഥ (1 കോരി. 15:20,22,36). കല്ലറകളിലുള്ളവർ വിളികേൾക്കും, ലാസർ വിളികേട്ട് എഴുന്നേൽക്കുന്നു (യോഹ. 5:28, 11:43). ലാസറും, ധനവാനും അബ്രഹാമും രണ്ടുകാലഘട്ടത്തിൽ ജീവിച്ചവർ പക്ഷേ ധനവാന്റെ മരണശേഷം അവന്റെ ലോകവൃത്താന്തങ്ങൾ അബ്രഹാം പറയുമ്പോൾ (ലൂക്കോ. 16:24-31) സജീവാവസ്ഥ നിലനിൽക്കുന്നതിനാലത്രെ. 2 തിമോ. 1:18 ഒനേസിമോസ് കരുണ കണ്ടെത്തും എന്നു പറയുന്നതും ജീവാവസ്ഥയിലായതിനാൽ. മരണാനന്തരം സജീവാവസ്ഥ നിലനിൽക്കുന്നു.

**2. മരണാനന്തരം പ്രാർത്ഥനാവസ്ഥ**

വാങ്ങിപ്പോയവർ സജീവരാകയാൽ പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. ധനവാൻ, നിർഗുണനായിരുന്നവനെങ്കിലും നരകയാതനയിൽ സഹോദരങ്ങൾക്കായി പോലും പ്രാർത്ഥിക്കുകയും അവരുടെ രക്ഷയും വീണ്ടെടുപ്പും ആഗ്രഹിക്കുകയും ചെയ്യുന്നു. മരിച്ചവർ മൗനതയിൽ എന്നു പഠിപ്പിക്കുന്നവർ (സങ്കീ. 115:17,18; യെശ. 38:18,19) മരണാനന്തരം പ്രാർത്ഥനാപൂർവ്വം തുടരുന്നു എന്നുവ്യക്തം. അവർക്കു ജീവനുള്ളതിനാൽ ദൈവത്തെ സ്തുതിക്കും. അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ പാർപ്പിക്കണം എന്നു പ്രാർത്ഥിക്കുമ്പോൾ വാങ്ങിപ്പോയവർ സജീവരും പ്രാർത്ഥനാപൂർവ്വം ആയിരിക്കുന്നവരും (2 കോരി. 5:9) ശരീരം വിട്ടാലും ശരീരത്തിൽ...... ദൈവപ്രസാദം പ്രാർത്ഥനയിലൂടെയും സ്തുതിയിലൂടെയും. ശരീരം വിട്ടാലും ദൈവമുഖത്തെ കടമൊഴിയായി കണ്ടുകൊണ്ട് പ്രാർത്ഥിക്കുന്നു. മരിച്ചവർക്കായി സ്നാനം ഏൽക്കുന്നതും (1 കോരി. 15:29) പ്രാർത്ഥനാനുഭവത്തിന്റെ പ്രാധാന്യം കാട്ടുന്നു. പുറപ്പാട് 28:21; ആവർ. 34:8; സങ്കീ. 14:7; അപ്പോ. 9:40; 20:7; 1 തീമോ. 5:4 തുടങ്ങിയവയെല്ലാം വാങ്ങിപ്പോയവർ പ്രാർത്ഥിക്കുന്നതായും അവർക്കായി പ്രാർത്ഥിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

**3. മരണാനന്തരം പ്രത്യാശാവസ്ഥ**

നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖി.... 1 തെസ്സ. 4:19. വേദപുസ്തകപ്രകാരം പ്രത്യാശ എന്നത് സുരക്ഷിതത്വം, കാവൽ, വിശ്വാസം, സങ്കേതസ്ഥാനം, അഭയസ്ഥാനം ഉറപ്പുള്ളതും നിശ്ചിതവുമായ പ്രതീക്ഷ തുടങ്ങിയ അർത്ഥമുണ്ട് (സങ്കീ. 16:9, 42:5, 71:5, 62:8; യോബ്. 8:14; സദൃശ്യ. 22:19; യിരെ. 17:7,17; യോവേ. 3:16). നിരാശ പ്രത്യാശയുടെ വിപരീതാവസ്ഥാണ്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം മനുഷ്യരുടെ ഉയിർപ്പിനു കാരണം എന്ന വലിയ പ്രത്യാശ 2 കോരി. 5:9; 1 കോരി. 15:19; ഫിലി. 1:23 ശരീരം വിട്ടു കഴിഞ്ഞാൽ നിത്യകൂടാരം ഉണ്ടെന്നുള്ള പ്രത്യാശ. ഈ ആയുസ്സിലെ പ്രത്യാശയെക്കാൾ നിത്യപ്രത്യാശയുടെ അനുഭവം ഉത്തമം മാത്രമല്ല അത്യുത്തമം എന്ന് പറയുന്നു. 2 മക്കാബി. 12:44-45 മരിച്ചവർ ഉയിർക്കും എന്ന പ്രതീക്ഷയും പ്രത്യാശയുമില്ലായെങ്കിൽ അവർക്കായി പ്രാർത്ഥിക്കുന്നതും ബലിയർപ്പിക്കുന്നതും വ്യർത്ഥം. തടവിലുള്ള ആത്മാക്കൾ നോഹയുടെ കാലം മുതൽ (1 പത്രോ. 3:19) എന്നതു വാങ്ങിപ്പോയവരുടെ പ്രത്യാശാനുഭവം.

**4. മരണാനന്തരം ലാഭാവസ്ഥ**

എനിയ്ക്കു ജീവിയ്ക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും എന്ന് പൗലോസ് പറയുമ്പോൾ മരണം മാരകമായിരുന്നില്ല, മൗനതയുമില്ല മശിഹായോടുള്ള വാസമാകയാൽ ലാഭകരമാകുന്നു. ദാനി. 12:13; 2 കോരി. 5:8; ഫിലി. 1:23 മരണത്തിന് മുമ്പുള്ള അവസ്ഥ ദേഹത്തിന് ലാഭകരമെങ്കിൽ മരണാനന്തരം ആത്മാവിനു ലാഭകരം. ഓഹരി ലാഭവിഹിതമായി ലഭിക്കുന്നതാണ് എന്ന് ദാനിയേൽ പറയുന്നു. കള്ളൻ ക്രൂശിൽ കിടക്കുമ്പോൾ തന്നെയും ഓർക്കുക എന്നു പറഞ്ഞതും അവന് പറുദീസ നൽകിയതും ലാഭകരമാകുന്ന മരണാനന്തരാവസ്ഥ.

ആദ്യമനുഷ്യൻ പാപം ചെയ്യും മുൻപ് അവന്റെ കൂടാരം കർത്താവു സ്ഥാപിച്ച സ്ഥലത്ത് വാസവും ആനന്ദവും ആകട്ടെ എന്ന് ശവസംസ്കാരശുശ്രൂഷയിൽ പ്രാർത്ഥിക്കുമ്പോൾ പാപത്തിനു മുമ്പുള്ള - പാപം മരണത്തിനു കാരണം - ദൈവീകാനുഭവം ശാരീരിക മരണശേഷവും.

ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട നിങ്ങളുടെ പിതാവ് രാജ്യം തരുവാൻ ഇഷ്ടപ്പെട്ടിരിക്കുന്നു (ലൂക്കോ. 12:32) എന്ന ഏവൻഗേലിയോൻ തുടക്കം ദൈവരാജ്യാവകാശമാണ്. വിശ്വാസിക്ക് ഈ ലോകശേഷം ലഭിക്കുന്ന ലാഭമാണ് ദൈവരാജ്യം. വി. കുർബ്ബാന 6-ാം തുബ്ദേനിൽ നമ്മെയും അവരെയും സ്വർഗ്ഗരാജ്യത്തിൽ ചേർ.... എന്നത് ലഭ്യമാകുന്ന സ്വർഗ്ഗരാജ്യം. ജീവന്റെ മേലും മരണത്തിന്റെമേലും അധികാരമുള്ളവനായ ദൈവം മരണം വിട്ട് ഉയിർത്ത് ലാഭകരമാക്കിയപ്രകാരം നമ്മുടെ വാങ്ങിപ്പോയവരും ലാഭകരമായ അവസ്ഥയിലെത്തുന്നു. കുമാരനാശാന്റെ 'വീണപൂവി'ൽ ഇന്നലെ

വരെ സൗരഭ്യവും സൗന്ദര്യവും പരത്തിയ മനോഹര പുഷ്പം വാടിവീണതുപോലെയല്ല നമ്മുടെ പിതൃ സ്ഥാനീയരായ 'സാക്ഷികളുടെ വലിയ സമൂഹം.'

**കൊത്തിനേ ഞായർ (2014 മാർച്ച് 2) : വി. യോഹ. 2:1–11**

'ഫേത്തുർത്തോ' എന്ന സുറിയാനി പദത്തിന് മാറ്റം, തിരിച്ചുവരവ് എന്നർത്ഥം. നോമ്പിന് സുറിയാനിയിൽ 'സൗമോ' എന്നും 'സോം' എന്ന് എബ്രായ ഭാഷയിലും 'നേഡ്റ്റയിയാ' എന്ന് ഗ്രീക്കിലും പറയുമ്പോൾ ഭക്ഷണം വർജ്ജിക്കുക, സ്വയം ദണ്ഡിപ്പിക്കുക, മതപരമായ വ്രതം എന്നെല്ലാം അർത്ഥം. എ.ഡി. 250 നോടടുത്ത് എഡേസായിലാണ് 40 ദിവസത്തെ നോമ്പാചരണാരംഭം. എ.ഡി. 325 ലെ നിഖ്യാസുന്നഹദോസിൽ ആകമാന സഭ ആധികാരികമായി 40 ദിവസം നോമ്പ് അംഗീകരിച്ചു.

നഥാനിയേലിന്റെ വിവാഹമാണ് കാനായിൽ നടന്നതെന്ന് ചില വേദശാസ്ത്രജ്ഞർ സമർത്ഥിക്കുന്നു. നിറമോ, ഗുണമോ, മണമോ, വീര്യമോ, ശക്തിയോ ഒന്നുമില്ലാത്ത പച്ചവെള്ളം ഇതെല്ലാമുള്ള മേൽത്തരം വീഞ്ഞാക്കിയ യേശുവിന്റെ പ്രഥമ അടയാളം ഇന്നത്തെ ചിന്താഭാഗം. 'Water saw its master and blushed - വെള്ളം അതിന്റെ ഉടയവനെ കണ്ട് പ്രകാശിച്ചു" എന്ന് ബൈറൺ എന്ന കവി പ്രസ്താവിച്ചത് ഈ അത്ഭുതത്തെക്കുറിച്ച്. നോമ്പ് നോവാണ്. യഥാർത്ഥ വിശ്വാസികൾ നിർബന്ധം കൂടാതെ നോമ്പനുഷ്ഠിക്കും. മാസവരി ക്രിസ്ത്യാനികൾക്ക് നോമ്പ് ദുഷ്കരവും പ്രയാസവും അവർ സഭാവിശ്വാസവും ആചാരാനുഷ്ഠാനവും നഷ്ടമായിരിക്കും.

**1. ശ്രേഷ്ഠ വൃന്ദത്തിന്റെ സാന്നിദ്ധ്യം**

കാനാവിലെ വിവാഹവിരുന്നിൽ യേശുവും മാതാവും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടിരുന്നു. അവരുടെ ശ്രേഷ്ഠ സാന്നിദ്ധ്യം സകലത്തിനെയും പവിത്രമാക്കി. മനുഷ്യന്റെ സമസ്ത മേഖലയിലും ദൈവസാന്നിദ്ധ്യം വേണം. മനുഷ്യരിലധികവും ഇന്ന് ദൈവസാന്നിദ്ധ്യം മറക്കുന്നു. നമ്മുടെ വിവാഹ കൂദാശകളിൽ മുഖ്യാതിഥിയായി യേശുവും സഹാതിഥികളായി ദൈവമാതാവും ശിഷ്യന്മാരും പരിശുദ്ധന്മാരും അടങ്ങുന്ന ശ്രേഷ്ഠ വൃന്ദമുണ്ട്. ഇന്ന് പലരും മാതാവിനെയും ശിഷ്യന്മാരെയും ദൈവത്തെതന്നെയും അകറ്റി നിർത്തുന്നു വിവാഹങ്ങളിൽ യേശു സാന്നിദ്ധ്യം പരിമിതിയും കുറവും പരിഹരിക്കും. യേശുവില്ലാത്ത വിവാഹങ്ങളും ദേവാലയത്തിൽ വിവാഹകൂദാശ ആവശ്യമില്ലാത്ത സമൂഹവും വർദ്ധിച്ചിരിക്കുന്നു. വിവാഹനിശ്ചയത്തിൽ തന്നെ മോതിരമിട്ടവർ, ഊട്ടിയിൽ നിന്നോ കോവളത്തുനിന്നോ വിവാഹകൂദാശയ്ക്കെത്തുന്നവർ പള്ളിയിലെ വിവാഹം രസംകൊല്ലി പരിപാടിയായി കരുതുകയും തീരുമാനിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷങ്ങൾ. സാറ്റലൈറ്റ് വിവാഹമോ, റിമോട്ട് വിവാഹമോ സാധ്യമാക്കുന്ന അവസ്ഥാവിശേഷം. ഇത്തരം വിവാഹ സന്ദർഭത്തിൽ ഇതൊരു വലിയ രഹസ്യമാണ് (എഫേ. 5:32) ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിയ്ക്കരുത് (മത്താ. 19:6) എന്നു വായിച്ചാൽ വിവാഹ രഹസ്യത്തി(കൂദാശ)നു പകരം 'രസമാ'യും വേർപിരിയ്ക്കരുത് എന്നതിനുപകരം വേർപിരിയാനായും നോക്കിയിരിക്കുന്ന അവസ്ഥ എന്നാൽ ശ്രേഷ്ഠ വൃന്ദത്തിന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ അനുഗ്രഹീതമായി നിലനിൽക്കാം.

**2. നിശബ്ദ സേവന ദൃഷ്ടാന്തം**

ദൈവമാതാവ് നിശബ്ദമായ സേവനത്തിന്റെ ഉത്തമദൃഷ്ടാന്തമായിരുന്നു. കാനാവിലെ കുറവ് മനസ്സിലാക്കുന്ന മറിയാം. മറ്റുള്ളവരുടെ കുറവുകൾ മനസ്സിലാക്കി ഊതിപ്പെരുപ്പിക്കുന്ന ഈ കാലഘട്ടത്തിൽ കുറവുകൾ മനസ്സിലാക്കി പരിഹാരം കാണുന്ന കന്യകമറിയാം. അതിഥി എന്നതിനേക്കാൾ ആതിഥേയയുടെ ശുശ്രൂഷക്കാരിയുടെ റോൾ സ്വീകരിക്കുന്നു. മറിയാം ആ കുടുംബത്തിന്റെ ഭാഗമായി മാറുന്നു. മാതാവും വിശുദ്ധന്മാരും നമ്മുടെ കുറവുകൾ മനസ്സിലാക്കി നമുക്ക് മദ്ധ്യസ്ഥരാവുകയും നമുക്ക് ദിശാബോധവും ധൈര്യവും നൽകി ദൈവസമക്ഷം സമർപ്പിക്കും. മാതാവിന്റെ മദ്ധ്യസ്ഥത നമുക്കാവശ്യം. വിവാഹാഘോഷത്തിന്റെ നിയന്ത്രണം യേശുവും മാതാവും ഏറ്റെടുത്തപ്പോൾ രംഗം ആകെ മാറുന്നു. നമ്മുടെ ബുദ്ധിയിലും ശക്തിയിലും സമ്പത്തിലും സാമർത്ഥ്യത്തിലുമുള്ള ആശ്രയം പ്രശ്നപരിഹാരമാകില്ല. മറ്റുള്ളവരുടെ പ്രയാസം മനസ്സിലാക്കി തൽസമയം പ്രതികരിക്കാനും പ്രവർത്തിക്കാനും ഉത്സുകരാകണം. പ്രതിസന്ധി നേരിടുമ്പോൾ ദൈവപുത്രന്റെ അടുത്ത് എത്തുകയും മറ്റുള്ളവരെ ദൈവസവിധേ ചേർക്കുകയും ചെയ്യണം. മാതാവിന്റെ ശുശ്രൂഷാ മനോഭാവം ഏലിശുബായുടെ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കുന്നതിൽ കാണാം. അവിടെയും നിശബ്ദ സേവനം. ഇന്ന് സേവനങ്ങൾ കൊട്ടിഘോഷിക്കപ്പെടുന്നു. ഇന്ന് 'സേവനങ്ങൾ സേയും, വനങ്ങളും, സേവ'കളുമായും മാറുന്നു. സഭയിൽ ഏറ്റം വലിയതിനോടുള്ള ഒരു 'മേനിയ' ഇന്ന് അധികം. 'മെഗലോ മേനിയ' ങലഴമഹീാലിശമ' എന്ന ഈ പ്രതിഭാസം ചെറിയ സഹായത്തിന് വലിയ പരസ്യങ്ങൾ നൽകുന്നു. അതിശക്തനും പ്രതാപവാനുമെന്ന അവബോധംപോലെ വലിയ വസ്തുക്കളോടുള്ള മതിമറന്ന ആവേശവും 'മെഗലോമേനിയ' എന്ന ചിത്തഭ്രമത്തിലൂടെ കാട്ടുന്നു. ഇന്ന് blessed mary യുടെ സാന്നിദ്ധ്യം bleddy mary (വീര്യമുള്ള മദ്യം) അപഹരിച്ചിരിക്കുന്നു. ഇങ്ങനെയുള്ളിടത്ത് നിശബ്ദ ശുശ്രൂഷയുള്ള ദൈവമാതാവ് മാതൃകയാകുന്നു.

**3. വിഭവ സമൃദ്ധിക്ക് ദൈവീകവ്യാപനം**

ഇവർക്കു വീഞ്ഞില്ലല്ലോ എന്ന മാതാവിന്റെ വാക്കിന്റെ മറുപടി സ്ത്രീയേ എനിക്കും അവിടുത്തേക്കും എന്താണ് (റ്റീ ഇമോയി കായ് സോയ് എന്ന് ഗ്രീക്കിലും ഏനോ മോലീലോക് എന്ന് സുറിയാനിയിലും). 'തമ്മിൽ' എന്നില്ല. നാം ഇവിടെ വിരുന്നുകാർ മാത്രം. എനിക്കും നിനക്കും എന്ത് എന്നത് വിസമ്മതം രേഖപ്പെടുത്താനായി സാധാരണ ഉപയോഗിക്കുന്നു. (ന്യായ. 11:12; 2 ശമു. 16:10; 1 രാജാ. 17:18). കർത്താവുണ്ടാക്കിയ വീഞ്ഞ് കാഴ്ചയിൽ വെള്ളം പോലെ എങ്കിലും അനുഭവ തലത്തിൽ മേൽത്തരം. കൊത്തിനേയിലെ സെദറായിൽ "നീ വെള്ളത്തെ നോക്കിയതിനാൽ അത് ചൈതന്യം

പ്രാപിച്ചു...." കൂദാശകളിലെല്ലാം അനുഭവതലം പ്രധാനം. ഗോതമ്പപ്പവും വീഞ്ഞും കർതൃ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു. കാഴ്ചയിൽ ഗോതമ്പപ്പവും വീഞ്ഞും എങ്കിലും അനുഭവ തലത്തിൽ നിർജീവതയുടെ അവസ്ഥ മാറ്റി ദൈവ ശക്തി വ്യാപിപ്പിക്കുന്നു. യേശുവും കാഴ്ചയിൽ വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടു. യഹൂദർ മനസ്സിലാക്കിയില്ല. ബുദ്ധിപരമായ അറിവല്ല. അനുഭവതലത്തിലെ അറിവാണ് യേശു ദൈവം എന്നത്. ക്രിസ്ത്യാനിക്കും രൂപഭേദം ഉണ്ടാകണം. വി. മാമോദീസായിൽ സാത്താനെ ഉപേക്ഷിച്ച് ക്രിസ്തുവിനെ സ്വീകരിച്ചതോടെ രൂപാന്തരം പ്രാപിച്ച് നിറവും മണവും ഗുണവും ഉള്ളതാക്കിത്തീർത്തു. വിരുന്നുവാഴി കാഴ്ചയിൽ വെള്ളം പോലെയായിരുന്ന പുതുവീഞ്ഞ് രുചിച്ചപ്പോൾ മേൽത്തരം എന്ന് മനസ്സിലാക്കുന്നു. (യോഹ. 2:9-10) ശ്രേഷ്ഠമായത് അനുഭവ തലത്തിൽ എത്തുമ്പോൾ മാത്രം. പ്രകൃതി വിഭവങ്ങൾക്കും കുറവുണ്ടാകാം, കുറവുണ്ടാകുന്നു. ഉപഭോഗം കൂടി ഉത്പാദനം കുറഞ്ഞു. പ്രകൃതിയിൽ വിഭവം പരിമിതം. വിവേകപൂർവ്വം ഉപയോഗിക്കുകയും പകര വിദ്യകളും പകര വിഭവങ്ങളും കണ്ടെത്തുവാനും കഴിയണം. ഇന്നത്തെ സമൂഹത്തിന് ലഭിച്ച കഴിവുകൾ ദൈവസാന്നിദ്ധ്യബോധത്തോടെ ഉപയോഗിക്കുമ്പോൾ പ്രകൃതിയുടെ നാശമല്ല സംരക്ഷണം ഉറപ്പാക്കുക. സാങ്കേതിക വിദ്യയും കഴിവും ലോകത്തിന്റെയും പ്രകൃതിയുടെയും നാശത്തിനായി വിനിയോഗിക്കുന്ന തലമുറ. ജോൺ റസ്കിന്റെ കൃതിയിൽ "വഴിവിളക്കുകൾ കത്തിച്ചുകൊണ്ട് ഒരുവൻ നടന്നുനീങ്ങുന്നു. ഓരോ വിളക്കു കത്തിച്ചു മുന്നോട്ടു നീങ്ങുമ്പോഴും സ്വന്തം രൂപം മാഞ്ഞുപോകുന്നു. എന്നാൽ അവൻ കത്തിക്കുന്ന വിളക്കുകൾ അനേകർക്കു വെളിച്ചം നൽകുന്നു." മറ്റുള്ളവർക്ക് രുചിയും മണവും വെളിച്ചവും പ്രദാനം ചെയ്യുന്ന വീഞ്ഞായി രൂപാന്തരപ്പെടാം.

**ഗർബ്ബോ ഞായർ (2014 മാർച്ച് 9): വി. ലൂക്കോ. 5:12-16**

കുഷ്ഠരോഗത്തെകുറിച്ചും കുഷ്ഠരോഗി അനുവർത്തിക്കേണ്ട ജീവിതചര്യകളെകുറിച്ചും ലേവ്യ. 13,14 അന്യായങ്ങളിൽ വിവരിക്കുന്നു. ശാരീരിക ഭംഗിയും സൗന്ദര്യവും വികലവും വികൃതവുമാക്കാനും കുഷ്ഠം എങ്കിൽ ആത്മാവിന്റെ ശക്തിയും ശോഭയും പാപകുഷ്ഠം നശിപ്പിക്കുന്നു. വെറുപ്പും അറപ്പും ഉളവാക്കുന്ന കുഷ്ഠരോഗി യേശുവിൽ അഭയപ്പെടുകയും പൂർണ്ണസൗഖ്യം പ്രാപിക്കുന്നതും ചിന്താഭാഗം.

**1. വിലക്കുകൾ അതിജീവിക്കുന്ന മനുഷ്യൻ**

'ആവശ്യക്കാരനൗചിത്യമില്ലല്ലോ' എന്നുപറയാറുണ്ട്. അശുദ്ധൻ എന്നു പറഞ്ഞ് പാതയോരം ചാരിപ്പോകേണ്ടവൻ അന്നത്തെ സമൂഹ്യ വിലക്കുകളും തടസ്സങ്ങളും പ്രതിബന്ധങ്ങളും അവഗണിക്കുകയും അതിജീവിക്കുകയും ചെയ്തുകൊണ്ട് യേശു സവിധേ എത്തുന്നു. ശാരീരിക വേദനയെക്കാൾ അധികം മാനസിക വ്യഥയും പേറി പാളയത്തിനു പുറത്ത് നില്ക്കേണ്ടവൻ പാളയത്തിനകത്തേക്ക് ഓടുന്നു. സഭയിലും ഇടവകയിലും പാളയത്തിനകത്തു നിൽക്കേണ്ടവർ പാളയത്തിനു പുറത്തായി നിൽക്കുന്ന അവസ്ഥ. സ്വയമായും മറ്റുള്ളവരാലും പാളയത്തിനു പുറത്താക്കപ്പെടുന്നവർ അനേകർ. സാമൂഹ്യജീവിതത്തിൽ നിന്നും മതജീവിതത്തിൽ നിന്നും നിഷ്കാസിതനാണ് കുഷ്ഠരോഗി. സാന്ദർഭികമായി വന്നുകൂടുന്ന രോഗമായ കുഷ്ഠം മനുഷ്യനെ അശുദ്ധമാക്കുന്നെങ്കിൽ പാപാശുദ്ധി എത്രയധികം. ന്യായപ്രമാണം കുഷ്ഠരോഗിയെ സ്പർശിക്കുന്നതും കുഷ്ഠരോഗി സ്പർശിക്കുന്നതും വിലക്കുമ്പോൾ അന്യവൽക്കരിക്കപ്പെട്ടവരെ സ്വീകരിപ്പാൻ സഭക്ക് കടമയുണ്ട്. തങ്ങളുടേതല്ലാത്ത കാരണത്താലാണ് അവർ അന്യവൽക്കരിക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്യുന്നത്. (സംഖ്യാ. 5:1-4) കുഷ്ഠരോഗികൾ അവരുടെ മക്കൾ, എയ്ഡ്സ് രോഗികൾ വർഗ്ഗീയ കലാപത്തിനും മതവൈരത്തിനും ഇരയാകുന്നവരുടെ തലമുറകൾ തുടങ്ങി സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ അനേകർ. മലങ്കര സഭയുടേതായ കൈത്താങ്ങലുകൾ ഇന്ന് സമൂഹത്തിലുള്ളത് ശ്രേഷ്ഠമായി നില്ക്കുന്നു.

**2. നിലത്തോളം കവിണ്ണു വീഴുന്ന മനോഭാവം**

ദൈവമുമ്പാകെ നിലത്തോളം കവിണ്ണു വീണു കേഴുന്ന മനോഭാവം ഈ മനുഷ്യനിൽ. നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴിയും എന്നത് മനസ്സില്ല എന്നോ സാധിക്കുകയില്ല എന്നർത്ഥത്തിലോ അല്ല മറിച്ച് നിന്റെ 'കൃപാകടാക്ഷം മാത്രം മതി" എനിക്ക് എന്നായിരുന്നു. ഭൂമിയോളം താണു വീഴുന്നത് വിനയത്തിന്റെയും സമർപ്പണത്തിന്റെയും അവസ്ഥയാണ്. യേശുവിന്റെ പ്രലോഭനത്തിൽ സാത്താൻ കുമ്പിടാൻ പറഞ്ഞത് അഹങ്കാരത്തിന്റെ ലക്ഷണം. ദൈവദൂതന്മാരെ കണ്ട അബ്രഹാം നിലത്തോളം കുനിഞ്ഞ് വന്ദിക്കുന്നു. (ഉല്പ. 18:2) താണു വീണു വണങ്ങുന്നവരെ പിടിച്ചെഴുന്നേല്പിക്കുന്ന ദൈവം. നമ്മുടെ ആരാധനയിലെ കുമ്പിടീൽ സാഷ്ടാംഗപ്രണാമമാണ്. ശരീരം മുഴുവനായും ഭൂമിയിലേക്കു നമിക്കുന്നു കുമ്പിടലിൽ. ഇന്ന് കുമ്പിടാനും വീണു വണങ്ങി നമസ്കരിപ്പാനും 'പരിഷ്കാര ദാഹികളും പരിഷ്കാരദേഹികളും മടിയ്ക്കുന്നു' നിലത്തോളമുള്ള കുമ്പിടീൽ പൂർണ്ണ സമർപ്പണവും ഏല്പിക്കലുമാണ്. കുഷ്ഠരോഗിയെ മനസ്സിലാക്കാത്ത സമൂഹത്തിൽ തന്നെ മനസ്സിലാക്കുന്ന യേശുവിനെ കണ്ടെത്തുന്നു. യേശുവിനു മനസ്സുണ്ട്. മനസ്സില്ലാത്ത സ്വാർത്ഥമതികളും അധമന്മാരും വർദ്ധിക്കുന്നു. ധനവാന്റെ പടിപ്പുരയ്ക്കൽ കിടന്ന ലാസർ എന്ന ദരിദ്രൻ. വകയുള്ളവന് മനസ്സില്ലാതാകുമ്പോൾ സമൂഹത്തിൽ അസമത്വവും അനീതിയും അവ്യവസ്ഥിതികളും ഉണ്ടാകും. ദൈവസന്നിധിയിൽ നമസ്കാരവും പ്രണാമവും കേവലം വികാരപ്രകടനമോ ഉന്മാദ ജല്പനമോ ബുദ്ധിസേവകളോ സ്വാർത്ഥയാചനയോ ആകാതെ ഹൃദയം പകരുന്ന ഭക്തി ആകണം. മനസ്സിലാകാത്ത സമൂഹത്തിൽ മനസ്സുള്ള യേശുവിന്റെ സാന്നിദ്ധ്യം. ഇന്നും നിലവിളികൾ വർദ്ധിക്കുകയും ആശ്രയിക്കേണ്ട ഇടങ്ങൾ കുറയുകയും ചെയ്യുന്നു. സംരക്ഷിക്കേണ്ടവർ ഹന്തകരാകുന്ന അവസ്ഥ.

**3. സൗഖ്യത്തോടൊപ്പം ആത്മാഭിമാനവും ആത്മവിശ്വാസവും ആർജ്ജിച്ചവൻ**

യേശുവിന്റെ കരസ്പർശത്താൽ അവനു സൗഖ്യവും അതോടൊപ്പം ആത്മാഭിമാനവും ആത്മവിശ്വാസവും ലഭിക്കുന്നു. അശുദ്ധൻ എന്ന്

സ്വയമായും മറ്റുള്ളവരാലും വിളിക്കപ്പെട്ടവൻ ആത്മാഭിമാനത്തോടെ ശുദ്ധൻ എന്നു പറയുന്നു. ശാരീരികാസ്വസ്ഥതയെക്കാൾ അധികം മാനസിക വ്യഥ അനുഭവിച്ചവൻ മാനസിക വ്യഥയും ആത്മപീഢയും മാറ്റി അഭിമാനിയ്ക്കപ്പെടുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആരും ഇല്ലാതെ നരകതുല്യമായ ജീവിതം നയിച്ചവൻ അനാഥത്വംപേറി പാളയത്തിനു പുറത്തായിരുന്നവൻ മുഖ്യധാരയിലെത്തുന്നു. സമൂഹത്തിന്റെയും സ്വന്തക്കാരുടെയും 'തിരസ്കരണ'മാണ് ഒരുവൻ നേരിടുന്ന ഏറ്റം വലിയ ദുരന്തം. യേശുവും അതനുഭവിക്കുന്നു. ചാർച്ചക്കാർ പറയുന്നു. ബേൽസബൂലുണ്ട്. സ്വന്തം നാട്ടുകാർ തള്ളിക്കളയുന്നു. ഓരോരുത്തരും അവരവരുടെ സ്വപ്നങ്ങൾ നെഞ്ചിലേറ്റി നടക്കാൻ ഇഷ്ടപ്പെടുകയും തത്രപ്പെടുകയും ചെയ്യുന്ന സമൂഹത്തിൽ കശക്കിയെറിയപ്പെട്ടവരിൽ സ്വപ്നമുണർത്താനും ആത്മാഭിമാനം വർദ്ധിപ്പിക്കാനും മനസ്സുണ്ടാകണം. "ക്രിസ്തുവിനു ദരിദ്രനിലൂടെ വസ്ത്രം നൽകാൻ, രോഗിയിലൂടെ സന്ദർശനം നൽകാൻ, വിശക്കുന്നവനിലൂടെ ഭക്ഷണം നൽകാൻ, തലചായ്ക്കാനിടമില്ലാത്തവനിലൂടെ പാർപ്പിടം നൽകാൻ നമുക്കു സാധിക്കും" എന്ന് വി. ജറോം ഓർമ്മിപ്പിയ്ക്കുന്നു. തിരസ്കരിക്കപ്പെട്ടവരെ അകത്തേക്ക് സ്വാഗതം ചെയ്യുകയും ആത്മവിശ്വാസം നൽകുകയും ചെയ്യുന്ന നമ്മുടെ സഭാസംരംഭങ്ങളാണല്ലോ യാച്ചാരം , പൂനെ, ഇറ്റാർസി തുടങ്ങിയ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും.

**4. പ്രശസ്തിയും ദിവ്യത്വവും ആഗ്രഹിയ്ക്കാത്ത ദിവ്യൻ**

യേശു ഒരിക്കലും പ്രശസ്തിയും പ്രശംസയും പ്രചരണവും ആഗ്രഹിക്കുന്നില്ല. പ്രലോഭകൻ പറയുന്നു ഗോപുര മുകളിൽ നിന്നു ചാടുക, 'സൂപ്പർമാൻ' എന്ന പദവി പ്രാപിക്കാം. യേശു അതിമാനുഷനാകാൻ ആഗ്രഹിക്കുന്നില്ല. നവീന ദിവ്യന്മാരുടെ പ്രകടനങ്ങൾ. കോട്ടും ടൈയും ഉണർവ്വിന്റെയും പ്രശസ്തിയുടെയും അടയാളമാക്കിയ സമ്പന്നതയുടെ അപ്പോസ്തോലന്മാർ വ്യക്തികേന്ദ്രീകൃതവും സാമൂഹ്യ അഖണ്ഡതയ്ക്കു വിഘാതവുമാവുന്ന പണമിടപാടിന്റെയും സമ്പന്നതയുടെയും പ്രശസ്തിയുടെയും ആത്മീകത നാം തിരിച്ചറിയണം. യേശുവിന്റെ യഥാർത്ഥ പിൻഗാമികളോ എന്ന് സംശയിക്കത്തക്ക വിധത്തിൽ യേശു 'ആമിറ' ചെയ്യപ്പെട്ടിരിക്കുന്നു പുത്തനാദ്ധ്യാത്മികസംസ്കാരം. സമൂഹത്തെക്കൊണ്ട് എന്തും അംഗീകരിപ്പിയ്ക്കാനുള്ള തത്രപ്പാട്. ഇവിടെയാണ് യേശു പറയുന്നത് പുരോഹിതന് നിന്നെത്തന്നെ കാണിച്ചുകൊടുക്കുക (ലൂക്കോ. 5:14). പൗരോഹിത്യത്തോടു ചേർന്ന സാക്ഷ്യവും വഴിപാടും കഴിക്കണം. ഏലി പുരോഹിതനോടു ചേർന്ന് ദൈവ മുൻപാകെ സമർപ്പിക്കുന്ന ഹന്നാ (1 ശമു. 1:26,27; ആവർ. 26:1–11), രോഗശാന്തിയുടെയും ആത്മനൽവരത്തിന്റെയും പേരിൽ പാവന പാരമ്പര്യങ്ങൾ ത്യജിക്കുന്ന പുതുമക്കാർക്ക് നൽകുന്ന താക്കീത് പുരോഹിതന് നിന്നെത്തന്നെ കാണിക്കുക. സഭയോടും സമൂഹത്തോടുമുള്ള കടപ്പാടുകൾ നിർവ്വഹിക്കണം. ദൈവകൃപ പ്രാപിച്ചവർ അവരവരുടെ ആരാധനാ സമൂഹവും സഭയും വിട്ട് സാക്ഷ്യം പറയാൻ ഓടിനടക്കുന്നു. യേശു പറയുന്നു ആരോടും പറയണ്ട. ആരാധനാസമൂഹത്തോട് ഏകീഭവിച്ചുള്ള ഭക്തിയും സാക്ഷ്യരീതിയും മതി എന്ന്. സാക്ഷ്യത്തിന്റെ പേരിൽ അതിർവിടുന്നതും സാക്ഷ്യം അംഗീകരിക്കാതെ അന്യവൽക്കരിക്കുന്നതും ഒരുപോലെ തിരുത്തപ്പെടണം. "യേശുവിലാണെൻ വിശ്വാസം കീശയിലാണെൻ ആശ്വാസം" എന്ന കുഞ്ഞുണ്ണി മാഷിന്റെ കവിതാസാരാംശം ഉൾക്കൊള്ളുക. വി. മക്രീനയുടെ ചരിത്രം സമാപിച്ചുകൊണ്ട് സഹോദരൻ നിസ്സായിലെ വി. ഗ്രിഗറി "ആത്മീയനൽവരങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നത് വിശ്വാസം അനുസരിച്ചാണ്. അല്പ വിശ്വാസികൾക്ക് അൽപമേ ലഭിക്കു. അടിയുറച്ച വിശ്വാസികൾക്ക് ദൈവകൃപ അനവധിയായി ലഭിയ്ക്കുന്നു."

**തളർവാതി (മ്ശറിയോ ഞായർ – 2014 മാർച്ച് 16) : വി. മർക്കോ. 2:1–12**

സ്വന്തം വിശ്വാസത്താലും കൊണ്ടുചെന്നവരുടെ വിശ്വാസത്താലും സൗഖ്യവും പാപമോചനവും പ്രാപിക്കുകയും തനിക്ക് താങ്ങായിരുന്ന കിടക്ക എടുത്ത് ആരോഗ്യത്തോട് മടങ്ങാൻ കഴിഞ്ഞ വ്യക്തിയെക്കുറിച്ച് 4 സുവിശേഷത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. (മത്താ. 9:1–7; മർക്കോ. 2:1–12; ലൂക്കോ. 5:17–26; യോഹ. 5:2–9)

**1. മതിലുകളാകുന്ന ജനസമൂഹം**

മതിൽകെട്ടുകളായി തിങ്ങികൂടുന്ന ജനസമൂഹം എല്ലാ രംഗങ്ങളിലും മറ്റുള്ളവർക്ക് യേശു അപ്രാപ്യരായി ചുറ്റിപ്പറ്റി നിൽക്കുന്ന ജനങ്ങൾ. ആവശ്യക്കാരെ കടത്തിവിടാതെ സ്വയം പ്രാപിക്കാതെയും മറ്റുള്ളവർ പ്രാപിക്കാൻ തടസ്സമാവുകയും ചെയ്യുന്നവർ. "പ്രചരണം നടത്തി ഏവരെയും കർത്തൃനാമത്തിൽ സ്വാഗതം ചെയ്തു" കൊണ്ടുള്ള അറിയിപ്പിന്റെ അകമ്പടി ഒന്നും തന്നെയില്ലാതെ തേനുള്ള പൂക്കൾ തേടിയെത്തുന്ന ശലഭംപോലെ വചനം കേൾക്കാനും സൗഖ്യപ്രാപ്തിക്കായും തടിച്ചുകൂടുന്ന ജനങ്ങൾ. ആവശ്യത്തിലും അവശതയിലും അവഗണനയിലും കഴിയുന്നവരെ സൗഖ്യദായകനും സർവ്വവല്ലഭനുമായ യേശുവിനടുത്തെത്തിക്കേണ്ടപ്പോൾ ചുറ്റും കൂടുന്നവനും അകത്തളത്തിലായിരിക്കുന്നവരും തടസ്സങ്ങളാകുന്നു. മതിൽക്കെട്ടായി നിൽക്കുന്നവർ സൗഖ്യത്തിനായി നിലവിളിക്കുന്നവരെ മിണ്ടാതിരിക്കാൻ ശാസിക്കും (ലൂക്കോ. 18:39). തടസ്സമായ ജനം പിന്മാറുന്നില്ല, പക്ഷവാതക്കാരനെ കൊണ്ടുവന്ന നാലു പേരും പിൻമാറുന്നില്ല. എന്റെ ദൈവത്താൽ ഞാൻ മതിൽചാടി കടക്കും എന്ന് പറഞ്ഞ സങ്കീർത്തനക്കാരന്റെ അവസ്ഥ. "ജീവിതത്തിലൊരു ലക്ഷ്യം ഉണ്ടായിരിക്കുക. ആ ലക്ഷ്യം പ്രാപിക്കാൻ ഈശ്വരൻ തന്നിരിക്കുന്ന സർവ്വ ശക്തിയുമുപയോഗിച്ച് ഇറങ്ങി പുറപ്പെടുക" ലോകപ്രശസ്ത ചിന്തകനായ കാർലൈനിന്റെ വാക്കുകൾ തടസ്സമായിരുന്നവരുടെ മുൻപിൽ പിന്മാറാനിടയാക്കിയില്ല.

**2. സുമനസ്കരായ സ്നേഹിതർ**

സന്മനസ്സുള്ള കുറെ ആളുകൾ എവിടെയും എക്കാലവും ഉണ്ടാകും. സമൂഹത്തിൽ പ്രത്യേകം

പേരെടുത്തു പറയാൻ ഒന്നുമില്ലാത്ത നല്ല മനുഷ്യർ. അവർ പ്രശംസയും പ്രശസ്തിയും പരസ്യവും ആഗ്രഹിക്കുകയില്ല. തടസ്സമായിരുന്ന ജനത്തെ അവഗണിച്ച് ഈ നാലു സുമനസ്കരും ഒരേ ലക്ഷ്യത്തോടെ ദൈവസന്നിധിയിലേക്ക് തളർവാത രോഗിയെ ഇറക്കുന്നു. ആരും കാലുവാരാതെ ഐക്യത്തോടെ പ്രവർത്തിക്കുന്നു. സമസ്തമേഖലയിലും കാലുവാരലും പാരവയ്ക്കലും ആയിരിക്കുമ്പോൾ ഈ നാലാളിന്റെയും സന്മനസ്സ്. പ്രതിസന്ധിയിൽ മനംനൊന്ത് നിഷ്ക്രിയരാവുകയോ നിരാശ്ശരാകയോ പിന്മാറുകയോ ചെയ്തില്ല.

"ചിതയിൽ നിന്നുഞാനുയിർത്തെഴുന്നേൽക്കും, ചിറകുകൾപൂപോൽ വിടർന്നെഴുന്നേൽക്കും" - എന്ന ഒ.എൻ.വി. കുറിപ്പിന്റെ ഈരടികൾ സ്വന്തം ചിതയിൽ നിന്ന് ഉയിർന്നു പറക്കുന്ന ഫിനിക്സ് പക്ഷിയെപ്പോൽ അവർ നാലാൾക്കും പരോപകാരത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ ഇവർ ലോകത്തിന്റെ നാനാഭാഗത്തുമുള്ള നല്ല ആളുകളെ പ്രതിനിധാനം ചെയ്യുന്നു. അവർ രോഗമില്ലാത്ത മാനസികാവസ്ഥയുള്ളവരായിരുന്നു. അഗ്നിച്ചിറകുകൾ എന്ന ആത്മകഥയിൽ Dr. A.P.J. Abdul Kalam -]d-bp¶p We are all born with a divine fire in our offorts should be to give wing to this fire and fill the world the slow of its goodness" "ദിവ്യമായ ഒരഗ്നിജ്വാലയും ഹൃദയത്തിൽ പേറിയാണ് നാമെല്ലാം പിറക്കുന്നത്. ഈ അഗ്നിക്ക് ചിറകുകൾ നൽകുവാനും അതിന്റെ നന്മയുടെ ധവളിമയാൽ ഈ ഭൂമിയെ നിറയ്ക്കാനും ഉള്ളതാകട്ടെ നമ്മുടെ പ്രയത്നങ്ങൾ." നന്മ നിറഞ്ഞ ലക്ഷ്യത്തിനായുള്ള സഹനസമരമായിരുന്നു സുമനസ്കരായ നാലുപേർക്കും.

**3. തീവ്രമായ വിശ്വാസം**

യേശു അവരുടെ വിശ്വാസം കണ്ടിട്ട്........ 2:4,5. വിശ്വാസത്തിന്റെ ഐക്യം സൗഖ്യത്തിനുകാരണമാകുന്നു. വിശ്വാസത്തിന് വിവിധ തലങ്ങളുണ്ട്. ചുറ്റും നില്ക്കുന്നത് അല്പ വിശ്വാസികൾ. യേശു പറയുന്നു കടുകുമണിയോളം മതി വിശ്വാസം. ഇന്ന് മതിലിൽ കിളിർത്ത വിശ്വാസികളാണ് നാം. വീട്ടുകാരനും കൂട്ടുകാർക്കും ത്യാഗവും പൂർണ്ണവിശ്വാസവുമുണ്ടായിരുന്നു. അതുകൊണ്ടാണ് മേൽപ്പുര പൊളിച്ചത് സ്വയവിശ്വാസമായാലും മറ്റുള്ളവരുടെ വിശ്വാസമായാലും സൗഖ്യം ലഭിക്കും. നയമാന്റെ കുഷ്ഠം മാറുന്നത് ബാല്യക്കാരിയുടെ വിശ്വാസത്താൽ (2 രാജാ. 5:3). ശിശുസ്നാനം വേദാനുസരണവും കുഞ്ഞുങ്ങൾ ദൈവകൃപയ്ക്കർഹരും, മാതാപിതാക്കളുടെ വിശ്വാസം ദൈവദാനത്തിനു മുഖാന്തിരം. നിർജീവവസ്തുക്കളിലും, ജീവജാലങ്ങളിലും (ബിലയാമിന്റെ കഴുത, അപ്പം കൊണ്ടുവരുന്ന കാക്ക, തീക്കൽപാറ, മോശയുടെ വടി മുതലായവ) ദൈവശക്തിയും ദാനവും പ്രവഹിക്കുന്നെങ്കിൽ വിശ്വാസിയുടെ മക്കളിൽ എത്രയധികം. വിശ്വാസത്തിന്റെ നിറവിലൂടെ തീരുമാനങ്ങളുടെ ഐക്യത. 'ഐക്യമത്യം മഹാബലം' എന്നു പറയുമ്പോൾ ഒരാളുടെ പിന്മാറ്റം അനുഗ്രഹത്തിനും ലക്ഷ്യപ്രാപ്തിയും തടസ്സമാകും. നാലുപേരും സഭയുടെ പ്രതീകമായി പ്രതീക്ഷാനിർഭരമായി. മാത്രവുമല്ല അവരുടെ വിശ്വാസം പ്രവർത്തിയാക്കി മാറ്റി. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവം.

"വിനീതന്റെ പ്രാർത്ഥന മേഘങ്ങളെ തുളച്ചു കടക്കും അത് കർത്താവിന്റെ സന്നിധിയിലെത്തും വരെ അയാൾ അടങ്ങുകയില്ല." ബാർ ആസീറേയുടെ പുസ്തകം 35:16. വിശ്വാസം ആശ്രയത്വമാണ്. നന്മ നിറഞ്ഞ ലക്ഷ്യങ്ങൾക്കുള്ള ആശ്രയത്വമായിരുന്നു. ചുമന്നുകൊണ്ടു വന്ന നാലാൾക്കും.

**4. തളർച്ചയകന്ന് പ്രതികരണശേഷി വീണ്ടെടുക്കുന്നു.**

തളർവാതിക്ക് തളർച്ചയകറ്റി ശക്തിയും പ്രതികരണശേഷിയും നൽകുന്നു. പാപമോചനവും രോഗസൗഖ്യവും നൽകുന്നു. ആത്മീയവും ആന്തരികവുമായ പക്ഷവാതം രോഗബാധിതന്റെ സന്ധിബന്ധങ്ങളും ചലനങ്ങളും സാരമായി ബാധിക്കും. ക്ഷുദ്ര ജീവികൾ വരുന്നതു കണ്ടാൽ പേടിയ്ക്കാമെന്നല്ലാതെ എഴുന്നേറ്റോടിക്കാൻ കഴിയാതെ ചലനശേഷി നഷ്ടമാകുന്ന അവസ്ഥ. പാപത്താൽ തളർന്നവന്റെ ആന്തരീകാവസ്ഥയും ഇപ്രകാരം. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന അവസ്ഥാവിശേഷം. ആത്മാവിനെ നശിപ്പിക്കുന്ന ശക്തികളോടെതിർക്കാൻ കഴിയാത്ത നിശ്ചലാവസ്ഥ. അതുകൊണ്ട് ആദ്യം പാപം മോചിക്കുന്നു (മർക്കോ. 2:5). പാപം രോഗകാരണമാകുന്നുണ്ട് (ഉല്പ. 3:17; മത്താ. 9:6; യാക്കോ. 5:15,16; 2 കോരി. 12:7-10). കിടക്ക എടുത്ത് നടത്തിക്കുന്നത് അല്പവിശ്വാസികളും വിമർശകരായവരും കാണുവാൻ. അവന്റെ അവയവങ്ങൾ ചലിപ്പിച്ചു. പാപഗ്രസ്ഥമാകുമ്പോൾ വ്യക്തിക്കും സമൂഹത്തിനും ലക്ഷ്യവും വഴിയും തെറ്റും. പാപം ക്ഷമിക്കുംവരെ രോഗസൗഖ്യം ലഭിക്കുകയില്ല. കുമ്പസാരവും, തൈലാഭിഷേകവും പാപമോചനത്തിനും സൗഖ്യദാനത്തിനുമുള്ള കൂദാശകൾ. മനസ്സാക്ഷിയിൽ കുറ്റബോധം വന്നാൽ ശരീരത്തിന് രോഗമായി മാറും - സമ്മർദ്ദത്താൽ pressure - മനസ്സിനും. തളർന്ന സാഹചര്യത്തിൽ യേശു ശക്തി നൽകുന്നു. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അധികം നൽകുന്ന ദൈവം (എഫേ. 3:20-21). ദൈവത്തിൽ ആശ്രയിച്ചാൽ ശക്തി ലഭിക്കും (യെശയ്യാ. 40:29-31).

തനിയ്ക്കൊറ്റയ്ക്കിറങ്ങാൻ കഴിയാത്ത കപ്പലിൽനിന്ന് മറ്റു ചില ശക്തിയാൽ കടലിലെറിയപ്പെടുന്ന യോന. കൂട്ടായ്മയിലൂടെയുള്ള ഊർജ്ജം (Synergy) നാലാളുകൾ ചേർന്നുണ്ടായി. ഈ ഊർജ്ജാവസ്ഥ സ്വഹിതത്താലോ അനുഭവ പശ്ചാത്തലത്തിലോ സാഹചര്യസമ്മർദ്ദത്താലോ ഉണ്ടാകാം. ചെറുതും വലുതുമായ അനുഭവങ്ങൾ പൂർണ്ണ ജീവിതാവസ്ഥയിലേക്കു നയിക്കും. Small things make perfection but perfection is no small thing എന്ന ചൊല്ല് അർത്ഥവത്താണ്. വി. നോമ്പിലൂടെ കൂട്ടായ്മയുടെ ഊർജ്ജം നേടാം

**ബഥേൽപത്രിക വരിസംഖ്യ പുതുക്കുവാനും പുതിയ വരിക്കാരാകുവാനും ചെങ്ങന്നൂർ കൺവൻഷൻ നഗറിൽ പ്രത്യേക കൗണ്ടർ ക്രമീകരിച്ചിരിക്കുന്നു.**



# ഭദ്രാസന വാർത്തകൾ

പരിശുദ്ധ മൂന്ന് നോമ്പ് ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും സത്യ അനുതാപം പ്രാപിച്ച് ദൈവത്തിനു പ്രീതികരമായി പൂർത്തീകരിപ്പാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കാം.പ. വലിയ നോമ്പിലേക്ക് പ്രവേശിച്ച് നിഷ്ഠയോടും ചിട്ടയോടും യാമപ്രാർത്ഥനകൾ പൂർത്തീകരിച്ച് ലക്ഷ്യബോധത്തോടെ നീങ്ങുവാനും ഉയർപ്പിന്റെ പ്രത്യക്ഷതയിൽ ആനന്ദിക്കുവാനും യത്നിക്കാം. നോമ്പിലേക്കു പ്രവേശിക്കുന്നതിനു മുമ്പുള്ള രണ്ടു ഞായറാഴ്ചകളിൽ അനുസ്മരിക്കുന്ന വാങ്ങിപ്പോയ ആചാര്യൻമാരുടെ മദ്ധ്യസ്ഥതയും ,സകല വാങ്ങിപ്പോയവരുടെ മദ്ധ്യസ്ഥതയും നമുക്ക് ഏറെ ബലം നല്കട്ടെ. ഈ വർഷത്തെ നോമ്പിനോടനുബന്ധമായുള്ള ശുബുക്കോനോ അർത്ഥവത്തായി നമ്മിൽ പ്രതിഫലിക്കുവാൻ ഏവരും നിർബന്ധമായും ആ ശുശ്രൂഷയിൽ പങ്കെടുക്കണം.

ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ 2014 അനുഗ്രഹപ്രദമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചു വരുന്നു.ഭദ്രാസന വൈദികസംഘത്തിന്റേയും , കൗൺസിലിന്റേയും സുവിശേഷ സംഘത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ അഭി. തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ ജനറൽ കൺവീനറായി 9 വിവിധ കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

മാർച്ച് മാസം 4-ാം തീയതി സന്ധ്യാ നമസ്കാരത്തെ തുടർന്ന് കൺവൻഷന്റെ ഒരുക്കത്തിനായി ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അഖണ്ഡ പ്രാർത്ഥനയോടുകൂടി നടപടികൾ ആരംഭിക്കും. 5-ാം തീയതി ബുധനാഴ്ച 5.30 ന് സന്ധ്യാനമസ്കാരത്തെ തുടർന്ന് സുവിശേഷറാലി പന്തലിലേക്ക് നടത്തും.7 മണിക്ക് അഭി. ഇടവക മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ അഖില മലങ്കര വനിതാ സമാജം പ്രസിഡന്റും കൊട്ടാരക്കര ഭദ്രാസനാധിപനും ആയ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനി ഉത്ഘാടന കർമ്മം നിർവ്വഹിച്ച് ഒന്നാം ദിന വചനശുശ്രൂഷ നിർവ്വഹിക്കും.

രണ്ടാം ദിവസം മാർച്ച് 6 ന് രാവിലെ 10 മണി മുതൽ നടക്കുന്ന വൈദീകസമ്മേളനത്തിൽ ഡോ. കെ.എം ജോർജ്ജ് അച്ചൻ മുഖ്യ പ്രഭാഷണം നടത്തും. ഉച്ചയ്ക്ക് 2 മണി മുതൽ നടത്തപ്പെടുന്ന കർഷക സമ്മേളനം കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ് നിർവ്വഹിക്കും. ശ്രീ. പി. എ ഐസക് ക്ലാസ്സ് നയിക്കും. 7 ന് രാവിലെ 10 മണിക്ക് അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന കുടുംബ ധ്യാനം ശ്രീമതി. പ്രീതി ഏബ്രഹാം ഇലഞ്ഞിക്കൽ നയിക്കും. വൈകിട്ട് 7 ന് വചന ശുശ്രൂഷ അടൂർ സെന്റ് സിറിൽസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഇട്ടി വറുഗീസ് നിർവ്വഹിക്കും.

8-ാം തീയതി രാവിലെ 9 മണിക്ക് പ്രഭാത നമസ്കാരത്തെ തുടർന്ന് കൺവൻഷന്റെ സമാപനം കുറിച്ചു കൊണ്ടുള്ള വി. കുർബ്ബാന അഭി. തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടും. കൃത്യം 10 മണിക്ക് ആരംഭിക്കുന്ന കുട്ടികളുടെ സംഗമത്തിൽ 5-ാം ക്ലാസ്സ് മുതൽ പഠിക്കുന്ന കുട്ടികളെ കൃത്യ സമയത്ത് എത്തിക്കുന്നതിൽ സൺഡേ സ്കൂൾ അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ ദിവസങ്ങളിലും കഴിവതും വെള്ള വസ്ത്രം ധരിക്കുന്നതിന് ശ്രദ്ധിക്കുകയും മദ്ധ്യസ്ഥ പ്രാർത്ഥന യ്ക്കുള്ള പേരുകൾ മുൻകൂട്ടി നല്കുകയും വേണം. കൺവൻഷൻ ദിനങ്ങളിൽ ഇടവകകളിൽ മറ്റു പരിപാടികൾ ക്രമീകരിക്കുവാൻ പാടില്ല എന്ന് അഭി. തിരുമനസ്സ് കൊണ്ട് കല്പിച്ചിട്ടുണ്ട്.

കൺവൻഷന്റെ ധന്യതയിലൂടെ വചനത്താൽ കഴുകി വെടിപ്പാക്കി പരിശുദ്ധ വലിയ നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം.

സ്നേഹാദരപൂർവ്വം,

**ഫാ.തോമസ് കൊക്കാപ്പറമ്പിൽ**

(മെത്രാസന സെക്രട്ടറി)

## പെരുന്നാൾ സമാപിച്ചു

ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളിയുടെ 79-ാമത് കൺവൻഷനും 120-ാമത് പെരുന്നാളിനും സമാപനമായി. ഫെബ്രുവരി 2-ാം തീയതി അഭി. യാക്കോബ് മാർ ഏലിയാസ് തിരുമേനി കൊടിയേറ്റ് കർമ്മം നടത്തി. ആംഗ്ലിക്കൻ സഭയിലെ ബിഷപ്പ് ജോൺ ഹൈൻഡ് ചടങ്ങിൽ സംബന്ധിച്ചു. കൺവൻഷൻ യോഗങ്ങളിൽ റവ. ഫാ. വർഗീസ് പി. ഇടിച്ചാണ്ടി, റവ. ഫാ. സഖറിയ നൈനാൻ, റവ. ഫാ. എബി ഫിലിപ്പ്, റവ. ഫാ. ഡോ. ഒ. തോമസ് എന്നിവർ പ്രസംഗിച്ചു. പെരുന്നാൾ കുർബാനക്ക് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനി കാർമ്മികത്വം വഹിച്ചു. ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉത്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ വെരി. റവ. റ്റി.എം. സഖറിയ കോർ എപ്പിസ്ക്കോപ്പാ എന്നിവർ യോഗത്തിൽ സംസാരിച്ചു. പെരുന്നാൾ ചടങ്ങുകൾക്ക് വികാരി ഫാ. സുനിൽ ജോസഫ് ഡാണാംപടിക്കൽ, ട്രസ്റ്റി സി.സി. തോമസ് ചാത്രത്തിൽ, സെക്രട്ടറി സാബു പട്ടരുമഠം എന്നിവർ നേതൃത്വം നൽകി.

ബാലപത്രിക



# പ്രശ്നങ്ങളും പ്രതികരണങ്ങളും

സ്നേഹമുള്ള കൂട്ടുകാരെ,

ജീവിതത്തിൽ പ്രശ്നങ്ങൾ നേരിടാത്തവരായി ആരുമില്ല. അവ വ്യത്യസ്തങ്ങളായിരിക്കുമെന്നു മാത്രം. സാമ്പത്തിക ബാദ്ധ്യത, മക്കളെക്കുറിച്ചുള്ള വിഷമം, മാറാത്ത രോഗങ്ങൾ, ദുശീലമുള്ള കുടുംബനാഥൻ ഇങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു.

പലരും അവരുടെ പ്രശ്നങ്ങൾ പുറത്തു പറയാറില്ല. ചില കുട്ടികൾപോലും പ്രശ്നങ്ങൾ ഉള്ളിലൊതുക്കി മറ്റുള്ളവരിൽ നിന്നും മറച്ച് പിടിക്കാറുണ്ട്. പലപ്പോഴും ഒട്ടുമുക്കാൻ പ്രശ്നങ്ങളും സ്വന്തം പ്രവർത്തനങ്ങളിൽ നിന്നും ഉണ്ടാകാറുള്ളതാണ്. മനുഷ്യമനസ്സിന്റെ ചിന്താഗതികൾക്ക് അവനവന്റെ സ്വഭാവ രൂപീകരണത്തിൽ വലിയ പങ്കുണ്ട്. സ്വന്തം ചിന്തകളുടെ ബഹിർസ്ഫുരണങ്ങളാണ് ഓരോ വ്യക്തിയിൽ നിന്നും പുറത്തേക്കു വരുന്നത്. സന്തോഷമുള്ള വ്യക്തികളെ കാണുമ്പോൾ നാം സ്വാഭാവികമായും സന്തോഷമുള്ളവരായിത്തീരുന്നു. ഇതൊരു ഇലക്ട്രോമാഗ്നറ്റിക് ഫീൽഡുപോലെയാണ്.

ജീവിതം നമ്മൾ എങ്ങനെ നോക്കിക്കാണുന്നു എന്നതിലാണ് ജീവിത വിജയം കുടികൊള്ളുന്നത്. മറ്റുള്ളവരുടെ സങ്കടങ്ങളിലൂടെ, സന്തോഷങ്ങളിലൂടെ, പ്രത്യാശകളിലൂടെ, പ്രതീക്ഷകളിലൂടെ നാം മറ്റുള്ളവരെ മനസ്സിലാക്കുവാൻ ശ്രമിക്കണം.

മനസ്സൊരു പ്രത്യേക പ്രതിഭാസമാണ്. എപ്പോഴും അസാദ്ധ്യമായത് ആഗ്രഹിക്കും. സ്വന്തം രൂപത്തിലോ, നിറത്തിലോ, കഴിവിലോ അഹങ്കരിക്കുന്നവർ യഥാർത്ഥത്തിൽ അത് അവരുടെ സ്വന്തമല്ല എന്ന് മനസ്സിലാക്കണം. ദൈവത്തിന്റെ ദാനമായതിനെ ഓർത്ത് സ്വന്തമെന്നു കരുതി അഹങ്കരിക്കുന്നത് ബുദ്ധിശൂന്യതയാണ്.

ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഇത്തരക്കാർ അതിനെ മറ്റൊരു തരത്തിലാണ് കാണുന്നത്. പലരും ആത്മഹത്യയിലും മദ്യത്തിലും ഒക്കെ അഭയം തേടുന്നു. ചിലർ ദൈവത്തേയും സഭയേയും കുറ്റം പറഞ്ഞ് മറ്റുപല വഴികളിലും തിരിഞ്ഞുപോകുന്നു. വിദ്വേഷവും പ്രതികാരചിന്തയും മനസിനെ കലുഷിതമാക്കുന്നുവെന്നു മാത്രമല്ല നമ്മുടെ ശരീരത്തെയും വിപരീതമായി ബാധിക്കും.

കൊച്ചുകൊച്ചു കാര്യങ്ങൾ മാത്രമാണ് നാം കാണുന്നത്. അതിനുള്ളിലാണ് നാം ജീവിക്കുന്നത്. ദൈവദർശനം നഷ്ടമാകുമ്പോൾ നാം അറിയാതെ പ്രശ്നങ്ങൾ മുളച്ചു വരുന്നു.

കൂട്ടുകാരെ,

ഒരുവനു തന്റെ മനസ്സിനെ നിയന്ത്രിക്കുവാൻ കഴിഞ്ഞാൽ സംതൃപ്തിയുള്ള ജീവിതം സ്വന്തമാക്കാം. നല്ല മനസ്സിന്റെ ഉടമയ്ക്ക് നല്ല വ്യക്തിയാകുവാൻ കഴിയും. ചീത്ത മരത്തിൽ നിന്ന് നല്ല ഫലവും നല്ല മരത്തിൽ നിന്ന് ചീത്ത ഫലവും ഉത്ഭവിക്കയില്ലല്ലോ? മനസ്സൊരു വീണയായാൽ അതിൽ നിന്നും നല്ല സംഗീതം ഉണ്ടാകുവാൻ വീണമീട്ടുന്ന വിരലുകൾ മികവുറ്റതായിരിക്കണം.

പ്രശ്നങ്ങളുടെ കാരണം കണ്ടുപിടിച്ച് ശരിയായ പ്രതികരണം നൽകുവാൻ ദൈവത്തിൽ ആശ്രയിച്ച് മുമ്പോട്ടു പോകുക. നിശ്ചയമായും നല്ല ഫലമുണ്ടാകും.

ദൈവം അനുഗ്രഹിക്കട്ടെ

സ്നേഹത്തോടെ ആനിച്ചേച്ചി

## മദ്യവർജ്ജന യൂണിറ്റിന്റെയും ലഹരി വിരുദ്ധസേനയുടെയും ഉത്ഘാടനം

ചെങ്ങന്നൂർ : പേരിശ്ശേരി കിഴക്ക്, മൗണ്ട് ശാലേം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ മദ്യവർജ്ജന യൂണിറ്റിന്റെയും ലഹരിവിരുദ്ധ സേനയുടെയും ഉത്ഘാടനം ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി നിർവ്വഹിച്ചു. വികാരി റവ. ഫാ. സി.പി. ചാക്കോ സന്ദേശം നൽകി. യൂണിറ്റ് സെക്രട്ടറി റിന്റോ കെ. റോയി പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

ഇടവകയിലെ M.G.O.C.S.M യൂണിറ്റിന്റെ നേതൃത്വത്തിൽ 10, 12 ക്ലാസ്സ് പരീക്ഷാർത്ഥികൾക്കായി Relaxation Theraphy 23-ാം തീയതി ഞായറാഴ്ച 2 മണിക്ക് നടത്തുന്നു. തുടർന്ന് 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി കണക്കു വിഷയത്തിൽ Refresher class ഉം നടത്തും.




**സൺഡേസ്കൂൾ ജൂബിലി ഉത്ഘാടനം**

ഭദ്രാസന തലത്തിലുള്ള ജൂബിലി ഉത്ഘാടന സമ്മേളനം 2014 ജനുവരി 11-ാം തീയതി ശനിയാഴ്ച ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 മണി മുതൽ വൈദിക സെമിനാരി അദ്ധ്യാപകൻ ഫാ. ജേക്കബ് മാത്യു കാരിച്ചാൽ പ്രഥമാദ്ധ്യാപകർക്ക് ക്ലാസ്സ് എടുക്കുകയുണ്ടായി. അതിനുശേഷം നടത്തപ്പെട്ട ജൂബിലി സമ്മേളനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോസ് തോമസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് ഉത്ഘാടനം നടത്തുകയും ചെയ്തു.

**ജീവകാരുണ്യദിനം**

ജനുവരി 19-ാം തീയതി സൺഡേസ്കൂൾ ജീവകാരുണ്യദിനമായി ആഘോഷിക്കുകയുണ്ടായി.

**പ്രതിഭകളെ ആദരിക്കൽ**

ഛടടഅഋ രൂപീകരണ ഘട്ടമായ 1964 മുതൽ സഭയിലെ സൺഡേസ്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ 10,12 ക്ലാസ്സുകളിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്കും സഹപാഠ്യ മത്സരങ്ങളിൽ പ്രതിഭ, പ്രവീൺ, വേദ വിജ്ഞാനി, ഗാനസുഗന്ധി എന്നീ തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരെ ആദരിക്കൽ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ഫെബ്രുവരി 8-ാം തീയതി നടത്തപ്പെട്ടു. രാവിലെ രജിസ്ട്രേഷൻ നടത്തി. 9.50 ന് പ. പിതാക്കന്മാരുടെ കബറിങ്കൽ ധൂപപ്രാർത്ഥനയ്ക്കുശേഷം 50 സൺഡേസ്കൂൾ കുട്ടികൾ കത്തിച്ച മെഴുകുതിരിയോടുകൂടി പ. കാതോലിക്കാ ബാവാ, അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ്, അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് എന്നീ പിതാക്കന്മാരെയും ബഹു. ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, ഫാ. ഒ. തോമസ്, ബഹു. വൈദിക ശ്രേഷ്ഠർ, പ്രതിഭകൾ എന്നിവരെ ആഡിറ്റോറിയത്തിലേക്ക് സ്വീകരിച്ച് ആനയിച്ചു.

അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിഭാ സംഗമം പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉത്ഘാടനം നടത്തി. സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. ബഹു. ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, ബഹു. ഫാ. ഡോ. ഒ. തോമസ് , ഫാ. കെ.വി. തോമസ്, ഫാ. രാജൻ വർഗ്ഗീസ്, ഫാ. ജോസ് തോമസ്, ശ്രീ. ഐപ്പ് വർഗ്ഗീസ്, ശ്രീ. ചെറിയാൻ തോമസ്, ശ്രീ. വർഗ്ഗീസ് ജോൺ എന്നിവർ പ്രസംഗിച്ചു. സമ്മേളനം നടത്തുവാൻ ക്രമീകരണം നൽകിയ പുത്തൻകാവ് കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗ്ഗീസ്, അസിസ്റ്റന്റ് വികാരി ഫാ. ജാൾസൺ, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, ഇടവക ജനങ്ങൾ, ബഹു. വൈദികർ, പുത്തൻകാവ് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ, സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, പ്രഥമാദ്ധ്യാപകർ, വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ, എല്ലാത്തരത്തിലും സഹകരിച്ച് വിജയിപ്പിച്ച എല്ലാ പ്രവർത്തകരോടുമുള്ള നന്ദി പ്രത്യേകമായി അറിയിച്ചുകൊള്ളുന്നു.

**അഖില മലങ്കര വിജയികൾ**

2013 ലെ മത്സര പരീക്ഷയിൽ താഴെപ്പറയുന്നവർ വിജയിച്ചു. ഏവരേയും അനുമോദിക്കുന്നു. ക്ലാസ്സ് 9 രേഷ്മാ ജോസഫ്, സെന്റ് സ്റ്റീഫൻസ്, കുടശ്ശനാട് (ഒന്നാം സ്ഥാനം), ക്ലാസ്സ് 9 അരുൺ റെജി ചാക്കോ, സെന്റ് മേരീസ്, വെണ്മണി (രണ്ടാം സ്ഥാനം), ക്ലാസ്സ് 6 ആഷാ ഗ്രേയ്സ് ഷാജി, സെന്റ് ജോർജ്ജ്, ഉള്ളന്നൂർ (രണ്ടാം സ്ഥാനം)

**ജി. വർഗീസ് കാവുംപുറം** (ഡയറക്ടർ)

# മർത്തമറിയം വനിതാസമാജം

### പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് സ്മാരക മത്സരം ഭദ്രാസന വിജയികൾ

ക്വിസ് മത്സരം (1) മിനി ജോൺസൺ, ഹോളി ഇന്നസെന്റ് വലിയപള്ളി, മെഴുവേലി (2) സാലി തോമസ്, സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ, കുടശ്ശനാട്. പ്രസംഗം (ജൂനിയർ) ഷൈനി ജോസഫ്, സെന്റ് തോമസ് വലിയപള്ളി, ഉമയാറ്റുകര, (സീനിയർ) മിനി ജോൺസൺ, ഹോളി ഇന്നസെന്റ് വലിയപള്ളി, മെഴുവേലി, (സൂപ്പർ സീനിയർ) രാജമ്മ തോമസ്, സെന്റ് മേരീസ് വലിയപള്ളി, പേരിശ്ശേരി ഉപന്യാസം (ജൂനിയർ) ഷൈനു ജിജി, മാർ ഗ്രീഗോറിയോസ്, നെല്ലിമല, (സീനിയർ) സാലി തോമസ്, സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ, കുടശ്ശനാട്, (സൂപ്പർ സീനിയർ) രാജമ്മ തോമസ്, സെന്റ് മേരീസ് വലിയപള്ളി, പേരിശ്ശേരി.

## ക്രിസ്തുമസ് ഈവ്

ഉമയാറ്റുകര : സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ യുവജനപ്രസ്ഥാനം ആവിഷ്കരിക്കുന്ന 'ക്രിസ്തുമസ് ഈവ്' ബഹു. കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്തു. വികാരി ഫാദർ ഫിലിപ്പ് ജേക്കബ് മൂലമണ്ണിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. സജി വർഗീസ് പാറപ്പുറം സ്വാഗതവും ശ്രീ ബോസ് തെക്കേടത്ത് കൃതജ്ഞതയും ആശംസിച്ചു. ശ്രീ. ജോൺ ഏബ്രഹാം (വൈസ് പ്രസിഡന്റ്), ശ്രീ. അനു മാത്യു (സെക്രട്ടറി), ശ്രീമതി ഷൈനി ജോസഫ് (ജോ. സെക്രട്ടറി), ശ്രീ. അച്ചു ഈരയിൽ (ട്രഷറാർ) എന്നിവരുൾപ്പെട്ട കമ്മിറ്റി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.